# സീറോമലബാർ വിഷൻ

സീറോമലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയ പ്രസിദ്ധീകരണം

November 2024 | vol - 4 ● Issue - 11 ● 16 Page Tabloid | www.syromalabarvision.com

# മരണാനന്തരജീവിതം

## കത്തോലിക്കാവിശ്വാസത്തിന്റെ വെളിച്ചത്തിൽ

ഡോ. സെബാസ്റ്റ്യൻ ചാലയ്ക്കൽ



**ക്രൈസ്തവവിശ്വാസത്തിന്റെ വെളിച്ചത്തിൽ മരണത്തെയും മരണാനന്തരജീവിതത്തെയും കുറിച്ചുള്ള അടിസ്ഥാനദർശനങ്ങൾ അവതരിപ്പിക്കുകയാണ് ഈ ലേഖനം.**

### മരണം

ക്രൈസ്തവവിശ്വാസമനുസരിച്ച് മരണം ഭൗമികജീവിതത്തിന്റെ അന്ത്യമാണ്. മരണം ആത്മാവും ശരീരവും വേർതിരിക്കപ്പെടലാണ്; പക്ഷേ അത് താല്ക്കാലികമാണ്. മരണത്തിൽ ആത്മാവ് ശരീരത്തിൽ നിന്ന് വേർതിരിക്കപ്പെടുന്നുണ്ടെങ്കിലും മരിച്ചവരുടെ പുനരുത്ഥാന ദിവസം അതു ശരീരവുമായി വീണ്ടുംയോജിപ്പിക്കപ്പെടും (കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം 1005, 1007, 1016).

ദൈവഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ഒരേസമയം ശരീരിയും ആത്മീയനുമാണ്. മരണശേഷവും നിലനിൽക്കുന്ന ബുദ്ധിയുംമനസ്സുംചേർന്നമാനുഷികസത്തയെ ആണ് ആത്മാവ് എന്നതുകൊണ്ട് വിവക്ഷക്കുന്നത്. മനുഷ്യനിലെ ഈ ആത്മീയഅംശം മരണത്തിനുശേഷം നിലനിൽക്കുന്നു. ആത്മാവ് എന്നത് മനുഷ്യനിലെ ആധ്യാത്മികതലത്തെയാണ് സൂചിപ്പിക്കുന്നത്. അത് മനുഷ്യനിലെ ഏറ്റവും അമൂല്യമായ അന്തഃസത്തയെ സൂചിപ്പിക്കുന്നു. ഈ അന്തഃസത്തയിലാണ് മനുഷ്യൻ ദൈവത്തിന്റെ ഛായ സംവഹിക്കുന്നത്. മരണത്തോടെ ശരീരത്തിൽനിന്നു വേർപിരിയുമ്പോഴും ആത്മാവു നശിക്കുന്നില്ല. ഉത്ഥാനത്തിൽ ആത്മാവ് ശരീരവുമായി വീണ്ടുംസംയോജിക്കും(കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം 362–366).

### തനതുവിധി

ഒരു വ്യക്തിയുടെ മരണത്തോടെ സംഭവിക്കുന്ന വിധിയാണ് തനതുവിധി എന്നറിയപ്പെടുന്നത്. മരിക്കുന്ന നിമിഷത്തിൽതന്നെ തനതുവിധി നടക്കുന്നു, ഓരോ വ്യക്തിയുടെയും ഭാഗധേയം അന്തിമമായി നിർണ്ണയിക്കപ്പെടുന്നു. തനതുവിധി മാറ്റമില്ലാത്തതും നിത്യവുമായ വിധിയാണ്. തനതുവിധിയിൽ നിന്നും വ്യത്യസ്തമായ ഒരു വിധി പൊതുവിധിയിൽ ഉണ്ടാകില്ല. കാരണം, തനതുവിധി നടത്തുന്ന ദൈവം തന്നെയാണ് പൊതുവിധി നടത്തുന്നത്. ദൈവത്തിനു തെറ്റുപറ്റില്ല; അവിടുത്തെ വിധി മാറ്റാനാകാത്തതാണ്. തനതുവിധിയിൽ ദൈവം നടത്തിയ വിധിയെ സകലസൃഷ്ടികൾക്കും വേണ്ടി വെളിപ്പെടുത്തുന്ന അവസരമാണ് പൊതുവിധി.

കത്തോലിക്കാവിശ്വാസമനുസരിച്ച് മരച്ചവരുടെ ആത്മാക്കൾ, തനതുവിധിക്കുശേഷം ഒന്നുകിൽ സ്വർഗ്ഗത്തിലോ, അല്ലെങ്കിൽ ശുദ്ധീകരണാവസ്ഥയിലോ അതുമല്ലെങ്കിൽ നരകത്തിലോ ആയിരിക്കും. ശുദ്ധീകരണാവസ്ഥയിലെ ആത്മാക്കൾ വിശുദ്ധീകരണത്തിനുശേഷം സ്വർഗീയസൗഭാഗ്യം അനുഭവിക്കുന്നു. ഇപ്രകാരം ഒരു വ്യക്തിയുടെ മരണത്തിനും ഉത്ഥാനത്തിനുമിടയിൽ ആത്മാവിനു മാത്രമായി ഒരു മധ്യാവസ്ഥ ഉണ്ടെന്ന് തിരുസഭ വ്യക്തമാക്കുന്നു.

### ശുദ്ധീകരണസ്ഥലവും മരിച്ചവർക്കുവേണ്ടിയുള്ള പ്രാർഥനയും

തിരഞ്ഞെടുക്കപ്പെട്ടവരുടെ അന്തിമവിശുദ്ധീകരണത്തെയാണ് ശുദ്ധീകരണസ്ഥലം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് (കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം 1031). ലഘുവായ പാപങ്ങളോടും കുറവുകളോടും കൂടി മരിക്കുന്നവർ സ്വർഗത്തിൽ പ്രവേശിക്കുന്നതിനു മുൻപ് ശുദ്ധീകരിക്കപ്പെടണം. ശുദ്ധീകരണസ്ഥലം എന്ന് നാം പറയാറുണ്ടെങ്കിലും, ഇത് ഒരു പ്രത്യേകസ്ഥലമായി മനസ്സിലാക്കേണ്ടതില്ല. ഇത് ശുദ്ധീകരിക്കപ്പെടുന്ന ഒരു അവസ്ഥയാണ്. സ്ഥലം എന്ന പദം തിരുസഭയുടെ ഔദ്യോഗികപ്രബോധനങ്ങളിൽ കാണുന്നില്ല.

മരിച്ചവർക്കുവേണ്ടിയുള്ളപ്രാർഥനഅപ്പസ്തോലന്മാരുടെ കാലം മുതൽ സഭയിൽ നിലനിന്നിരുന്നു. തിരുസഭയുടെ ആരംഭകാലം മുതൽ മരിച്ചവരെ അനുസ്മരിക്കുകയും അവർക്കുവേണ്ടി പ്രാർഥിക്കുകയും കുർബാനയർപ്പിക്കുകയും ദാനധർമ്മാദികൾ നടത്തുകയും ചെയ്തിരുന്നു. മരിച്ചവർക്കുവേണ്ടിയുള്ള പ്രാർഥനകളുടെ പല സാക്ഷ്യങ്ങളും ഭൂഗർഭ സെമിത്തേരികളിൽനിന്ന് ലഭിച്ചിട്ടുണ്ട്. കുർബാനക്രമങ്ങളിലും കൂദാശാകർമ്മങ്ങളിലും മരിച്ചവർക്കുവേണ്ടിയുള്ള പ്രാർഥനകളുണ്ട്. മരിച്ചവർക്കുവേണ്ടിയുള്ള പ്രാർഥന ജീവിച്ചിരിക്കുന്നവരുടെ ഉത്തരവാദിത്വമാണ്. മരിച്ചവർക്കുവേണ്ടി പ്രാർഥിക്കുക എന്നത് വിശുദ്ധവും രക്ഷാകരവുമാണെന്ന് സഭ പഠിപ്പിക്കുന്നു (തിരുസഭ 50).

ക്രിസ്തുവും വിശ്വാസികളും തമ്മിലുള്ള ആധ്യാത്മികഐക്യം മരണത്തോടെ ഇല്ലാതാകുന്നില്ല. സഭയിലൂടെ ക്രിസ്തുവുമായുള്ള ബന്ധമാണ് മരിച്ചവർക്കുവേണ്ടിയുള്ള പ്രാർഥനകളിലൂടെ പ്രകടിപ്പിക്കപ്പെടുന്നത്. നിത്യതയിൽ വർത്തമാനകാലം മാത്രമേ ഉള്ളൂ. നാം ഭൂമിയിലായിരിക്കുമ്പോൾ ഒരു പ്രത്യേകസമയത്ത് ചെയ്യുന്ന പ്രാർഥനകൾ അതർഹിക്കുന്ന വ്യക്തികൾക്ക് സമയപരിധികളില്ലാതെ ലഭിക്കും. വിധി നടത്തുന്ന ദൈവത്തിന് അനന്തജ്ഞാനത്തിൽ എല്ലാം മുൻകൂട്ടികണ്ട് തീരുമാനിക്കാൻ കഴിയും. നിത്യനായ ദൈവത്തിന് ഭൂതകാലവും വർത്തമാനകാലവും ഭാവികാലവും ഒന്നുതന്നെയാണ്. നമ്മുടെ പ്രാർഥനകളും ഭക്തകൃത്യങ്ങളും എപ്പോഴായാലും മരണമടഞ്ഞവർക്ക്, നിത്യതയിൽ പ്രവേശിച്ചവർക്ക്, ഒരുപോലെയാണ്.

### സ്വർഗം

ദൈവത്തിന്റെ വാസസ്ഥാനം സ്വർഗ്ഗമാണെന്ന വിശ്വാസം പഴയനിയമത്തിലുടനീളമുണ്ട്. സ്വർഗ്ഗത്തിൽനിന്ന് തങ്ങളെ കടാക്ഷിക്കണമെയെന്ന് യഹൂദർ പ്രാർഥിച്ചിരുന്നു (നിയ 26:15). ദൈവം സ്വർഗത്തിലാണ് വാഴുന്നെതന്ന് സങ്കീർത്തനങ്ങൾ പറയുന്നു (സങ്കീ 7:17; 18:13; 57:2). സ്വർഗത്തിൽ വാനവസൈന്യങ്ങൾ ദൈവത്തെ അകമ്പടി സേവിക്കുന്നു (നെഹെ 9:6). തന്റെ ജനത്തിന്റെ പരിത്യക്താവസ്ഥയെ ദൈവം സ്വർഗത്തിൽനിന്നാണ് വീക്ഷിക്കുന്നത് (ഏശ 63:15). സ്വർഗത്തെ ദൈവത്തിന്റെ വസതിയായും (ഉൽപ 28:17; 1 രാജാ 8:27) സിംഹാസനമായും (ഏശ 61:1; ജറെ 14:21) പഴയനിയമം അവതരിപ്പിക്കുന്നു.

സ്വർഗത്തിൽ വസിക്കുന്ന പിതാവായിട്ടാണ് യേശു ദൈവത്തെ അവതരിപ്പിക്കുന്നത് (മത്ത 5:45; 7:21). സ്വർഗം ദൈവത്തിന്റെ സിംഹാസനമാണ് (മത്താ 5:34). സ്വർഗത്തിൽ ദൈവത്തിന്റെ മഹത്വം നിറഞ്ഞുനിൽക്കുന്നു (അപ്പ 7:55). സ്വർഗത്തിലെ മാലാഖമാർ ദൈവത്തിന്റെ ആജ്ഞാനുവർത്തികളാണ് (മർക്കോ 13:32). ദൈവത്തിന്റെ പര്യായം എന്ന നിലയിൽ സ്വർഗം എന്ന പദം പുതിയനിയമത്തിൽ ഉയോഗിക്കുന്നുണ്ട് (മത്താ 14:19; ലൂക്കാ 9:16). ദൈവത്തിനെതിരായി ചെയ്യുന്ന പാപത്തെ സ്വർഗത്തിനെതിരായി ചെയ്യുന്ന പാപമായിട്ടാണ് പുതിയനിയമം വിശേഷിപ്പിക്കുന്നത് (മത്താ 23:22; ലൂക്കാ 15:18). അനാദിയിലേ പിതാവിനോടൊത്ത് സ്വർഗത്തിൽ വസിച്ചിരുന്നവനാണ് യേശു (യോഹ 17:5). യേശു ഭൂമിയിലേക്കുവന്നത് സ്വർഗത്തിൽ നിന്നാണ് (യോഹ 3:13; 6:33–51). ഉത്ഥാനശേഷം യേശു സ്വർഗത്തിലേക്കാണ് മടങ്ങിപ്പോയത് (മർക്കോ 16:19; ലൂക്ക 24:50–55; അപ്പ 1:9–11).

മരണശേഷം സ്വർഗത്തിൽ നാം ദൈവത്തെ മുഖാമുഖം ദർശിക്കും. "ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, എന്തെന്നാൽ അവർ ദൈവത്തെ കാണും" (മത്താ 5:8) എന്ന് ഈശോ അരുളിചെയ്തിട്ടുണ്ട്. വരാനിരിക്കുന്ന ജീവിതത്തിൽ നാം ദൈവത്തെ മുഖാമുഖം ദർശിക്കുമെന്ന് വിശുദ്ധ പൗലോസ് ശ്ലീഹായും പഠിപ്പിക്കുന്നു. "ഇപ്പോൾ നമ്മൾ കണ്ണാടിയിലൂടെ അവ്യക്തമായി കാണുന്നു;

**ശേഷം പേജ് 9–ൽ**

## എഡിറ്റോറിയൽ

# ഫൈനൽ പരീക്ഷയുടെ ചോദ്യപേപ്പർ കിട്ടിയിട്ടുണ്ട്... തോൽക്കരുത്!

ഈ ലോകത്തിലെ നമ്മുടെ ജീവിതത്തിന് ആത്യന്തികമായ അർഥം കല്പിച്ചുനല്കുന്നത് മരണവും മരണാനന്തരജീവിതവുമാണ്. ഈ ലോകത്തിൽനിന്ന് ഒരിക്കൽ കടന്നുപോകേണ്ടിവരുമെന്ന തിരിച്ചറിവാണ് നമ്മുടെ വർത്തമാനകാലത്തിന് കൂടുതൽ പ്രാധാന്യം നല്കുന്നത്. എപ്പോൾ പോകേണ്ടിവരുമെന്ന് അറിയാത്തതുകൊണ്ട് മരണത്തിന് ഒരു ആകസ്മികഭാവം സ്വഭാവേന കൈവന്നിരിക്കുന്നു. ഇന്നലെകളിലൂടെകടന്ന് ഇന്നിന്റെ യാഥാർഥ്യങ്ങളെ അഭിമുഖീകരിച്ചു നാളെയിലേക്ക് പ്രതീക്ഷയോടെ നടത്തുന്ന ജീവിതയാത്ര ലക്ഷ്യമില്ലാത്തതല്ല. സങ്കീർത്തകൻ പറയുന്നു: 'മനുഷ്യജീവിതം പുല്ലുപോലെയാണ്; വയലിലെ, പൂ പോലെ അതുവിരിയുന്നു. എന്നാൽ, കാറ്റടിക്കുമ്പോൾ അതു കൊഴിഞ്ഞുപോകുന്നു; അതു നിന്നിരുന്ന ഇടംപോലും അതിനെ ഓർക്കുന്നില്ല' (സങ്കീ 103:15).

ഈ ലോകത്തിൽനിന്നുള്ള കടന്നുപോകൽ അനിവാര്യമാകുന്നതും അർഥപൂർണമാകുന്നതും നിത്യജീവനെക്കുറിച്ചുള്ള പ്രത്യാശയിലും ഉറപ്പിലുമാണ്. 'എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങളുണ്ട്. ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിക്കഴിയുമ്പോൾ ഞാൻ ആയിരിക്കുന്നിടത്തു നിങ്ങളും ആയിരിക്കേണ്ടതിന് ഞാൻ വീണ്ടുംവന്ന് നിങ്ങളെയും കൂട്ടിക്കൊണ്ടുപോകും' (യോഹ 14:2). ഈശോയുടെകൂടെ പിതാവിന്റെ സന്നിധിയിൽ നിത്യമായി വസിക്കുന്ന സ്വർഗീയ അനുഭവമാണ് നിത്യജീവൻ എന്നതുകൊണ്ട് അർഥമാക്കുന്നത്.

ഇനിയാണ് പ്രധാനചോദ്യം. ഈ നിത്യജീവൻ എല്ലാവർക്കും കിട്ടുമോ? സാധ്യതയില്ല. ഈശോയുടെ വാക്കുകൾ നോക്കാം. 'വീട്ടുടമസ്ഥൻ എഴുന്നേറ്റ് വാതിൽ അടച്ചുകഴിഞ്ഞാൽ പിന്നെ, നിങ്ങൾ പുറത്തുനിന്ന്, കർത്താവേ, ഞങ്ങൾക്കു വാതിൽ തുറന്നുതരണമേ എന്നുപറഞ്ഞ് മുട്ടാൻ തുടങ്ങും. അപ്പോൾ അവൻ നിങ്ങളോടുപറയും: നിങ്ങൾ എവിടെനിന്നാണെന്നു ഞാൻ അറിയുന്നില്ല. അപ്പോൾ നിങ്ങൾ പറയും: നിന്റെ സാന്നിധ്യത്തിൽ ഞങ്ങൾ ഭക്ഷിക്കുകയും പാനംചെയ്യുകയും ഞങ്ങളുടെ തെരുവുകളിൽ പഠിപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ അവൻ പറയും: നിങ്ങൾ എവിടെ നിന്നാണെന്ന് ഞാൻ അറിയുന്നില്ല. അനീതി പ്രവർത്തിക്കുന്ന നിങ്ങൾ എന്നിൽനിന്നു അകന്നുപോകുവിൻ' (ലൂക്ക 13 : 25-27). അവരുടെ സ്വയം പരിചയപ്പെടുത്തലിൽനിന്ന് പുറത്തുനിന്നവർ വലിയ ആൾക്കാരാണ് എന്ന് മനസിലാക്കാം. എന്നുവരികിലും അവർക്ക് പ്രവേശനം ഇല്ല. പരീക്ഷയിൽ അവർ തോറ്റു. കാരണം പഠിക്കേണ്ട പാഠം അവർ പഠിച്ചില്ല. ' അനീതി പ്രവർത്തിക്കുന്നവർ' എന്നതാണ് കിട്ടിയ മാർക്ക്.

പരീക്ഷ കടുപ്പമുള്ളതാണ്. അത്ര എളുപ്പം കടന്നുകൂടില്ല. കരുണയുടെ ഗ്രേസ് മാർക്ക് ഉണ്ടെങ്കിലും അതുകൊണ്ടുമാത്രം ജയിക്കില്ല. എന്നാൽ അവസാനപരീക്ഷയ്ക്കുള്ള നേരത്തെ കിട്ടിയാൽ ജയിക്കാൻ സാധ്യതയുണ്ട്. അവയുടെ ഉത്തരം പഠിച്ചാൽ ജയിക്കാമല്ലോ. നമ്മുടെ കൈവശം ഫൈനൽ പരീക്ഷയുടെ ചോദ്യങ്ങളുണ്ട് എന്നതാണ് വാസ്തവം. മത്തായിയുടെ സുവിശേഷം അധ്യായം 25-ന്റെ അവസാനഭാഗത്താണ് ആ ചോദ്യങ്ങൾ നമുക്ക് നല്കിയിരിക്കുന്നത്. അതുപഠിച്ചാൽ നമുക്കു ഫൈനൽപരീക്ഷയിൽ നല്ല മാർക്കോടെ ജയിക്കാം. ഇല്ലെങ്കിൽ മുൻപുകണ്ട ടീമിനുകിട്ടിയ മാർക്കു നമുക്കും കിട്ടും. അവരുടെ കൂടെ ഇടതുഭാഗത്തേക്കു പോകാം. ചോദ്യങ്ങൾ വ്യക്തമാണല്ലോ? വിശക്കുന്നവന് ഭക്ഷണം കൊടുത്തോ? ദാഹിക്കുന്നവന് കുടിക്കാൻ കൊടുത്തോ? പരദേശിയെ സ്വീകരിച്ചോ? നഗ്നനെ ഉടുപ്പിച്ചോ? രോഗിയെ സന്ദർശിച്ചോ? കാരാഗൃഹത്തിലായവന്റെ അടുത്തുപോയോ? ഈ ആറുചോദ്യങ്ങൾക്കുള്ള ഉത്തരമാകണം യഥാർഥ ക്രിസ്തീയജീവിതം. ഇതു പഠിച്ചാൽ ഫൈനൽപരീക്ഷയിൽ വിജയം ഉറപ്പ്. ഇതു ജീവിതംകൊണ്ടു പഠിക്കണം. അപ്പോൾ നിത്യജീവൻ അവകാശമാകും. ഫൈനൽ പരീക്ഷയുടെ ചോദ്യം കൈയിൽവച്ചു നടന്നിട്ട് അവസാനം പരീക്ഷയിൽ തോൽക്കാതിരിക്കാൻ ചോദ്യങ്ങൾക്കുള്ള ഉത്തരം ജീവിതത്തിൽ കണ്ടെത്തണം. അപ്പോൾ നമ്മുടെ ഈ ലോകത്തിലെ നിത്യജീവിതാനുഭവത്തിന്റെ ആരംഭമാകും. അതു വളർന്നു മരണത്തിലൂടെ അപ്പുറം കടക്കണം. അതിനുള്ള ഒരുക്കമായിമാറട്ടെ ദൈവം തന്ന ഈ ഹ്രസ്വജീവിതം!

**രക്ഷാധികാരി**
മാർ റാഫേൽ തട്ടിൽ, മേജർ ആർച്ചുബിഷപ്പ്
**സഹ രക്ഷാധികാരി**
മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ, കൂരിയ ബിഷപ്പ്
**ചീഫ് എഡിറ്റർ**
ഫാ. എബ്രഹാം കാവിൽപുരയിടത്തിൽ
**മാനേജിങ് എഡിറ്റർ**
ഫാ. സെബി കൊളങ്ങര
**അസോസിയേറ്റ് എഡിറ്റേഴ്സ്**
ഫാ. ജോസഫ് തോലാനിക്കൽ, ഫാ. ജോസഫ് മറ്റത്തിൽ
**കൺസൾട്ടന്റ് എഡിറ്റർ**
വിനായക് നിർമ്മൽ
**എഡിറ്റോറിയൽ ബോർഡ്**
ഫാ. ജോജി കല്ലിങ്ങൽ
ഫാ. ആന്റണി വടക്കേകര VC
ഫാ. ഫ്രാൻസിസ് എലുവത്തിങ്കൽ
ഡോ. ചാക്കോ കാളംപറമ്പിൽ
ഡോ. കൊച്ചുറാണി ജോസഫ്
അഡ്വ. അജി ജോസഫ്
സി. ലിൻഡ മൈക്കിൾ MSMI
സി. സെലിൻ ജോർജ് MSMI
സി. ജിഷ ജോബ് MSMI
**ഡിസൈൻ & പ്രിന്റ്**: ഡോൺ ബോസ്കോ IGACT, എറണാകുളം, Ph: 0484-2806411
**ഐ.ടി. സപ്പോർട്ട്**: ജോബ് ജോസഫ്
For Editorial queries: Email: syromalabarvision@gmail.com
മാനേജിങ് എഡിറ്റർ : 9447269363, Website: www.syromalabarvision.com

## ഓർമിക്കാനൊരു ദിനം

**നവംബർ 1 :** മാർ സ്റ്റീഫൻ ചിറപ്പണത്ത് (2016), മാർ വിൻസെന്റ് നെല്ലായിപറമ്പിൽ (2019), മാർ അലക്സ് താരാമംഗലം (2022), എന്നീ മെത്രാന്മാരുടെ അഭിഷേകം, സകല വിശുദ്ധരുടെയും തിരുനാൾ
**നവംബർ 2 :** സകല മരിച്ചവരുടെയും ഓർമ
**നവംബർ 5 :** വി.സഖറിയ, വി. ഏലീശ്വാ
**നവംബർ 6 :** മാർ ജോർജ് ആലപ്പാട്ട് മെത്രാന്റെ ചരമം (1973) മാർ ഗ്രേഷ്യൻ മുണ്ടാടൻ മെത്രാന്റെ അഭിഷേകം (1977)
**നവംബർ 8 :** മാർ ജോസഫ് പാംപ്ലാനി മെത്രാന്റെ അഭിഷേകം (2017)
**നവംബർ 12 :** മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ മെത്രാന്റെ അഭിഷേകം (2017)
**നവംബർ 16 :** സീറോ മലബാർ ഹയരാർക്കി സ്ഥാപന പരസ്യം (1924)
**നവംബർ 17 :** സമ്പർക്കമാധ്യമദിനം
**നവംബർ 18 :** മാർ ടോണി നീലങ്കാവിൽ മെത്രാന്റെ അഭിഷേകം (2017)
**നവംബർ 19 :** മാർ സൈമൺ സ്റ്റോക്ക് പാലാത്തറ മെത്രാന്റെ ചരമം (2022)
**നവംബർ 21 :** മാർ സെബാസ്റ്റ്യൻ വയലിൽ മെത്രാന്റെ ചരമം (1986) മാർ തോമാശ്ലീഹായുടെ ഭാരതപ്രവേശനം
**നവംബർ 22 :** മാർ മാത്യു വട്ടക്കുഴി മെത്രാന്റെ ചരമം (2016) മാർ സെബാസ്റ്റ്യൻ പൊഴലിപ്പറമ്പിൽ മെത്രാന്റെ അഭിഷേകം (2017)
**നവംബർ 24 :** മിശിഹായുടെ രാജത്വത്തിരുനാൾ
**നവംബർ 28 :** മാർ ജേക്കബ് മനത്തോടത്ത് മെത്രാന്റെ അഭിഷേകം (1992)
**നവംബർ 30 :** ഇന്ന് പാതിരാമുതൽ പിറവിത്തിരുനാൾ വരെ വിവാഹാഘോഷം മുടക്ക് വി. അന്ത്രയോസ് ശ്ലീഹ

## നാമഹേതുകതിരുനാൾ മംഗളങ്ങൾ

നവംബർ 30



ആർച്ചുബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്

# ലെയോ ഒന്നാമൻ പാപ്പാ (461)

വഴികാട്ടികൾ

**റവ. ഡോ. തോമസ് കുഴുപ്പിൽ**

ശക്തമായ നേതൃത്വത്തിലൂടെ റോമിലെ ശ്ലൈഹിക സിംഹാസനത്തിന്റെ സമുന്നതസ്ഥാനം ഉറപ്പിക്കുകയും ക്രിസ്തുവിജ്ഞാനീയ തർക്കങ്ങൾക്കു ശാശ്വതപരിഹാരം കണ്ടെത്തുവാൻ പരിശ്രമിക്കുകയും ചെയ്ത സഭാപിതാവാണ് മഹാനായ ലെയോ ഒന്നാമൻ പാപ്പാ. ഇറ്റലിയിലെ തൊസ്ക്കാനോയിൽ ജനിച്ച അദ്ദേഹം 430-ൽ റോമാസഭയിൽ ഡീക്കനാവുകയും പിന്നീട് 440-ൽ പാപ്പായായി സ്ഥാനമേൽക്കുകയും ചെയ്തു. 21 വർഷം പാപ്പാ എന്ന നിലയിൽ അദ്ദേഹം സഭാശുശ്രൂഷ നിർവഹിച്ചു. കിരാതവർഗക്കാരുടെ ആക്രമണങ്ങൾ നിമിത്തം പാശ്ചാത്യറോമാസാമ്രാജ്യം അധ:പതിക്കുകയും ക്രിസ്തുവിജ്ഞാനീയ തർക്കങ്ങൾ നിമിത്തം പൗരസ്ത്യ റോമാസാമ്രാജ്യത്തിൽ അനൈക്യം നിലനില്ക്കുകയും ചെയ്തിരുന്ന ഒരു കാലഘട്ടമായിരുന്നു അത്. വിജാതീയ വിശ്വാസത്തിൽ നിന്നും ക്രൈസ്തവവിശ്വാസത്തിലേക്കു റോമാസാമ്രാജ്യം മാറിക്കൊണ്ടിരുന്ന സുപ്രധാനമായ ഒരു കാലഘട്ടം കൂടിയായിരുന്നു അത്. 461-ൽ കാലം ചെയ്ത അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടം റോമിലെ വി. പത്രോസിന്റെ ബസിലിക്കയിലാണ് അടക്കം ചെയ്തിരിക്കുന്നത്.



448-ൽ കോൺസ്റ്റാന്റിനോപ്പിളിലെ മെത്രാനായിരുന്ന ഫ്‌ളാവിയന് എഴുതികൊടുത്ത രേഖയാണ് ലെയോ മാർപാപ്പയുടെ ക്രിസ്തുവിജ്ഞാനീയസംബന്ധമായ പ്രധാനകൃതി. 451-ൽ കാൽസിഡൺ എന്ന സ്ഥലത്ത് മാർസിയൻ ചക്രവർത്തി വിളിച്ചുകൂട്ടിയ സാർവത്രികസൂനഹദോസ് പ്രസ്തുതരേഖ അംഗീകരിച്ചു. പത്രോസ് ലെയോയിലൂടെ സംസാരിക്കുന്നുവെന്നു പ്രഖ്യാപിച്ചുകൊണ്ടു അതിൽ പങ്കെടുത്ത 450 പിതാക്കന്മാർ ഒന്നടങ്കം അതിനെ അംഗീകരിച്ചു. ഈശോമിശിഹായുടെ മനുഷ്യസ്വഭാവത്തിന്റെ ദൈവശാസ്ത്രപരമായ പ്രാധാന്യം ലെയോ തന്റെ രേഖയിലൂടെ ഉയർത്തിക്കാട്ടി. എവുത്തിക്കസിന്റെ ഏകസ്വഭാവവാദത്തെ ഇതിലൂടെ അദ്ദേഹം ഖണ്ഡിച്ചു.

അലക്സാൻഡ്രിയായിലെ സിറിൾ പഠിപ്പിച്ച ഈശോമിശിഹായുടെ 'ഏക ആളത്വം' എന്ന ദർശനവും അന്ത്യോഖ്യൻ പിതാക്കന്മാരുടെയും ലത്തീൻ സഭാപിതാക്കന്മാരുടെയും ഇരുസ്വഭാവങ്ങളെക്കുറിച്ചുള്ള പ്രബോധനവും സമന്വയിപ്പിച്ചുകൊണ്ടുള്ള ഒരു ക്രിസ്തുവിജ്ഞാനീയമായിരുന്നു ലെയോയുടേത്. സിറിളിന്റെ ക്രിസ്തുവിജ്ഞാനീയത്തിന്റെ അടിസ്ഥാന പ്രബോധനങ്ങൾസംരക്ഷിച്ചുകൊണ്ടാണ് കാൽസിഡൺ സൂനഹദോസ് പുതിയഭാഷ്യം രൂപപ്പെടുത്തിയത്.

ഈശോമിശിഹായിലെ ഐക്യം വ്യക്തമാക്കുവാൻ 'യുപ്പോസ്റ്റസിസ്' 'പ്രോസോപ്പോൺ' എന്നീ പദങ്ങൾ കാൽസിഡൺ ഉപയോഗിച്ചു. ഇരുസ്വഭാവങ്ങളെ സൂചിപ്പിക്കുവാൻ ഫ്യൂസിസ് എന്ന പദവും ഉപയോഗിച്ചു. പാശ്ചാത്യ സഭാപിതാക്കന്മാരായ തെർത്തുല്യനും അഗസ്തീനോസും ഇരുസ്വഭാവങ്ങളെക്കുറിച്ചു സ്പഷ്ടമായി പഠിപ്പിച്ചിരുന്നു. സിറിളിന്റെ ക്രിസ്തുവിജ്ഞാനീയത്തെ അടിസ്ഥാനമാക്കി ഈശോമിശിഹായുടെ ഏകത്വം അദ്ദേഹം കൃത്യമായി വിശദീകരിച്ചു. അതായത്, ത്രിത്വത്തിലെ രണ്ടാമത്തെ ആളായ പുത്രന്റെ ആളത്വം തന്നെയാണ് മനുഷ്യാവതാരത്തിനുശേഷമുള്ള ഐക്യത്തിന്റെയും അടിസ്ഥാനം.

കത്തോലിക്കാസഭയും ബൈസന്റൈൻ സഭയും പൂർണ്ണമായും പിന്തുടർന്നുപോരുന്നത് കാൽസിഡൺ ക്രിസ്തുഭാഷ്യമാണ്. 680-ൽ കോൺസ്റ്റാന്റിനോപ്പിളിൽ കൂടിയ സൂനഹദോസിന്റെ രണ്ടു ഇച്ഛകളെയും രണ്ടുതരം പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള പ്രബോധനം കാൽസിഡൺ സൂനഹദോസിന്റെ ഇരുസ്വഭാവങ്ങളെക്കുറിച്ചുള്ള പ്രബോധനത്തിന്റെ ഉറപ്പിക്കലാണ്. 787-ൽ കൂടിയ രണ്ടാം നിഖ്യാസൂനഹദോസിന്റെ തിരുസ്വരൂപവണക്കത്തെക്കുറിച്ചുള്ള ദൈവശാസ്ത്രത്തിന്റെ അടിസ്ഥാനവും കാൽസിഡന്റെ മനുഷ്യസ്വഭാവത്തെക്കുറിച്ചുള്ള പ്രബോധനം തന്നെയാണ്.

ആരാധനക്രമം, സന്യാസജീവിതം എന്നിവയുടെ പ്രചാരകനായും ലെയോ മാർപാപ്പ അറിയപ്പെടുന്നു. സഭാചരിത്രം, ദൈവശാസ്ത്രം, ആധ്യാത്മികത എന്നിവയിലേക്കു വെളിച്ചം വീശുന്ന പല കത്തുകളും അദ്ദേഹം എഴുതിയിട്ടുണ്ട്. ശക്തമായ നേതൃത്വത്തിലൂടെയും പ്രബോധനത്തിലൂടെയും മധ്യകാലസഭക്കു അദ്ദേഹം അടിത്തറ പാകി.

# മരണം = ജീവിതത്തിന്റെ എഴുത്തുപരീക്ഷ

**മനുഷ്യൻ മരണത്തിലേക്കാണ് വിളിക്കപ്പെട്ടിരിക്കുന്നത്. അതൊഴിവാക്കാൻ ആർക്കും കഴിഞ്ഞിട്ടില്ല. അതുകൊണ്ട് സഭാപിതാക്കന്മാർ മുഴുവൻ, പ്രത്യേകിച്ച് വിശുദ്ധ അഗസ്തിനോസ് പറയുന്ന ഒരു കാര്യമുണ്ട് മനുഷ്യാ നീ നിന്റെ മരണത്തെക്കുറിച്ചു ചിന്തിച്ചാൽ മേലിൽ നീ പാപം ചെയ്യുകയില്ല.**

**മേജർആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ**



പരീക്ഷാഹാളിലിരിക്കുന്ന ഒരു കുട്ടിക്ക് ചോദ്യപേപ്പർ കിട്ടുമ്പോൾ അതു സമയബന്ധിതമായിട്ടാണ് എഴുതിപൂർത്തിയാക്കേണ്ടതെന്ന ചിന്തയുണ്ടായിരിക്കണം. മണിയടിക്കുമ്പോൾ പരീക്ഷയെഴുത്ത് അവസാനിപ്പിക്കണം. ഉത്തരക്കടലാസ് തിരികെയേല്പിക്കുകയും വേണം. അതുപോലെയാണ് മരണവും. നിശ്ചിത സമയപരിധിക്കുള്ളിൽ

വലിയ ഇടയന്റെ ഹൃദയത്തിൽനിന്ന്

എഴുതിപൂർത്തിയാക്കേണ്ട എഴുത്തുപരീക്ഷയാണ് മരണം. അതെ. മരണം നമ്മുടെ ജീവിതത്തിന്റെ എഴുത്തുപരീക്ഷയാണ്.

മരണം ഒരു എഴുത്തുപരീക്ഷയാണെങ്കിൽ അതെഴുതിയ ഉത്തരക്കടലാസ് പരിശോധിക്കുകയും വേണമല്ലോ. ദൈവം തീർച്ചയായും നമ്മുടെ ഉത്തരക്കടലാസ് പരിശോധിക്കും. ഓരോ വ്യക്തിയുടെയും ജീവിതം ദൈവത്തിന്റെ മുമ്പിൽ പരിശോധനയ്ക്കു വിധേയമാകും. പരീക്ഷയെഴുതിയവരുടെയെല്ലാം ഉത്തരക്കടലാസുകൾ വ്യക്തിപരമായി പരിശോധിച്ചു മാർക്കിടുന്നതുപോലെ ജീവിതത്തെ കൃത്യതയോടെ ദൈവം പരിശോധിക്കും. ഭൂമിയിലായിരിക്കുന്ന എല്ലാവരും പരീക്ഷാഹാളിലാണെന്നു വിചാരിക്കണം; പരീക്ഷയെഴുതുന്ന കുട്ടികളെ പോലെയാണെന്നും.

എന്റെ മുമ്പിലുള്ള ഓരോ അവസരങ്ങളും എന്റെ ഉത്തരക്കടലാസിൽ ഞാനെഴുതേണ്ട ഉത്തരങ്ങളാണ്. വിവേകത്തോടെയായിരിക്കണം ഞാനതിൽ ഉത്തരമെഴുതേണ്ടത്. ജീവിതത്തിന്റെ സമയപരിധി നമുക്ക് കൃത്യമായി അറിയില്ലാത്തതുകൊണ്ട് മരണത്തെ ഏതുനിമിഷവും സ്വീകരിക്കാൻ കഴിയുന്നവിധത്തിൽ നാം ഒരുങ്ങിയിരിക്കണം.

എസ്ക്കത്തോളജി എന്നു പറയുന്ന ഒരു ദൈവശാസ്ത്രശാഖയുണ്ട്. എസ്ക്കത്തോൺ എന്ന ഗ്രീക്കുപദത്തിൽ നിന്നാണ് എസ്ക്കത്തോളജി രൂപമെടുത്തിരിക്കുന്നത്. അവസാനകാലത്ത് സംഭവിക്കുന്ന കാര്യങ്ങളെക്കുറിച്ചാണ് ഇതിൽ പ്രതിപാദിക്കുന്നത്. കത്തോലിക്കാ ദൈവശാസ്ത്രത്തിൽ ഈ വിഷയം പ്രധാനമായും ചർച്ച ചെയ്യുന്നത് മരണം, സ്വർഗം, ശുദ്ധീകരണസ്ഥലം, നരകം എന്നിവയെക്കുറിച്ചാണ്. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം 1001 ാമത്തെ ആർട്ടിക്കിളും 1030 മുതൽ 1050 വരെയുള്ള ആർട്ടിക്കിളുകളും ഇതുതന്നെയാണ് നമ്മോട് സംവദിക്കുന്നത്.

മനുഷ്യൻ മരണത്തിലേക്കാണ് വിളിക്കപ്പെട്ടിരിക്കുന്നത്. അതൊഴിവാക്കാൻ ആർക്കും കഴിഞ്ഞിട്ടില്ല. അതുകൊണ്ട് സഭാപിതാക്കന്മാർ മുഴുവൻ, പ്രത്യേകിച്ച് വിശുദ്ധ അഗസ്തിനോസ് പറയുന്ന ഒരു കാര്യമുണ്ട് മനുഷ്യാ നീ നിന്റെ മരണത്തെക്കുറിച്ചു ചിന്തിച്ചാൽ മേലിൽ നീ പാപം ചെയ്യുകയില്ല.

മരണത്തെക്കുറിച്ചു നമുക്കു സർഗാത്മകമായും നിഷേധാത്മകമായും ചിന്തിക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. മരണം മനുഷ്യന്റെ മുമ്പിൽ വച്ചിരിക്കുന്ന ഒരു വിളക്കാണ്. മരണത്തെക്കുറിച്ചു നമ്മളോർത്താൽ വഴിതെറ്റാതെ വിശ്വസ്തതയോടെ ജീവിക്കാൻ ദൈവം നമ്മെ അനുഗ്രഹിക്കും. മരണത്തെ ഒരിക്കലും നിഷേധാത്മകമായ അർഥത്തിലായിരിക്കരുത് നാം സമീപിക്കേണ്ടത്. എന്റെ യാത്രയ്ക്കു അന്ത്യമുണ്ടെന്നും മരണം എന്നെ കൂടുതൽ കാര്യക്ഷമമായും സർഗാത്മകമായും ജീവിക്കാനും സ്വർഗോന്മുഖരായി ജീവിക്കാനും പ്രേരിപ്പിക്കുന്നുവെന്നുമുള്ള ചിന്തയാണ് നമുക്കുണ്ടാവേണ്ടത്..

നാണയം വർധിപ്പിച്ച വിവേകമതികളായ ശിഷ്യന്മാരെക്കുറിച്ചു കർത്താവു പ്രശംസിച്ചും നാണയം കുഴിച്ചുമൂടിയ ശിഷ്യരെ കുറ്റപ്പെടുത്തിയുമാണ് സംസാരിച്ചതെന്ന് നാം മറന്നുപോകരുത്. ദൈവം നല്കിയ നാണയത്തെ വിവേകപൂർവ്വം കൈകാര്യം ചെയ്യാൻ നമുക്കെല്ലാവർക്കും സാധിക്കണം. നമ്മുടെ ഉത്തരവാദിത്വബോധത്തിന്റെ വളരെ പ്രധാനപ്പെട്ട ഭാഗമാണ് അത്. അതുപോലെ വിളക്കുകത്തിച്ചുവച്ച് മണവാളനെ സ്വീകരിക്കാൻ തയ്യാറെടുപ്പുകൾ നടത്തിയ വിവേകമതികളായ കന്യകമാരെക്കുറിച്ചും മണവാളൻ വരുന്ന സമയത്തിനിടയിൽ എണ്ണ വാങ്ങിക്കാൻ പോയ വിവേകശൂന്യകളായ കന്യകമാരെക്കുറിച്ചും തിരുവചനഭാഗം സൂചിപ്പിക്കുന്നുണ്ട്. വിവേകമതികളായിരിക്കാനാണ് നാം ശ്രദ്ധിക്കേണ്ടത്.

എസ്ക്കത്തോളജിയിൽ സ്വർഗത്തെക്കുറിച്ചുള്ള വിചാരങ്ങളുമുണ്ട്. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം 1023–ാമത്തെ ഖണ്ഡികയിൽ പറയുന്നത് നമ്മൾ വിളിക്കപ്പെട്ടിരിക്കുന്നത് പരിശുദ്ധ ത്രിത്വത്തോടുള്ള കൂട്ടായ്മയിൽ ആയിരിക്കാനാണെന്നാണ്. നമ്മുടെ വിശ്വസ്തതയ്ക്കു ദൈവം നല്കിയിരിക്കുന്ന വലിയൊരു പ്രതിഫലമാണ് സ്വർഗം. നമ്മെ സംബന്ധിച്ചിടത്തോളം അതു നമ്മുടെ ഗോൾപോസ്റ്റാണ്. നമ്മുടെ യാത്ര സ്വർഗം ലക്ഷ്യമാക്കിയുള്ളതാണ്. സ്വർഗം ലക്ഷ്യമാക്കി ജീവിക്കാൻ നമുക്കു സാധിക്കണം.

ശുദ്ധീകരണസ്ഥലം എന്നുപറയുന്ന ഒരു കാഴ്ചപ്പാടും കത്തോലിക്കാസഭയ്ക്കുണ്ട്. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം 1031, 1472 എന്നീ ഭാഗങ്ങളിലെല്ലാം ശുദ്ധീകരണസ്ഥലത്തെക്കുറിച്ചുള്ള ചിന്തകളുണ്ട്. ശുദ്ധീകരണസ്ഥലം പരീക്ഷയിൽ പരാജയപ്പെട്ടവരുടെ സ്ഥലമല്ല ഇനിയും ശുദ്ധീകരണം പൂർത്തിയാകാത്തവരെ ശുദ്ധീകരിക്കാനുള്ള സ്ഥലമാണ്. അക്കാരണത്താൽതന്നെ ശുദ്ധീകരണസ്ഥലത്ത് നിരാശയല്ല പ്രത്യാശയാണുള്ളത്. സൂക്ഷ്മതയോടെ, കൃത്യതയോടെ ജീവിക്കാനുള്ള ആവശ്യകതയാണ് ശുദ്ധീകരണസ്ഥലം നമ്മെ ഓർമിപ്പിക്കുന്നത്.

കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം 1033–ാമത്തെ ഖണ്ഡിക നരകത്തെക്കുറിച്ചാണ് വിശദീകരിക്കുന്നത്. നരകം പാപികൾക്കായി ദൈവം ഒരുക്കിയിരിക്കുന്ന ശിക്ഷയുടെ സ്ഥലമാണ്. ശുദ്ധീകരണസ്ഥലം ശുദ്ധീകരണത്തിനുള്ള സ്ഥലമാണെങ്കിൽ നരകം നിത്യമായി ശിക്ഷിക്കപ്പെട്ടവരുടെ സ്ഥലമാണ്. കതകടച്ചിരിക്കുന്ന ശിഷ്യന്മാരെക്കുറിച്ചു നാം തിരുവചനത്തിൽ വായിക്കുന്നുണ്ട്. അവർ തങ്ങളുടെ ഉത്തരവാദിത്വം വിശ്വസ്തതയോടെ നിറവേറ്റിയില്ല. മണവാളൻ വരുമ്പോഴേയ്ക്കും എണ്ണ വാങ്ങാൻ പോയ കന്യകകൾക്ക് മണവാളനൊപ്പം മണിയറയിൽ പ്രവേശിക്കാൻ സാധിച്ചില്ലെന്നും നാം തിരുവചനത്തിൽ വായിക്കുന്നുണ്ട്. പ്രത്യാശയില്ലാത്തവരുടെ, ശിക്ഷിക്കപ്പെട്ടവരുടെ സ്ഥലത്തിന്റെ സൂചനയായിട്ടാണ് നാം ഇതിനെ കാണേണ്ടത്.

കർത്താവിന്റെ രണ്ടാംവരവിനെക്കുറിച്ച് കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം 1001–ാമത്തെ ഖണ്ഡികയിൽ പറയുന്നത് കർത്താവ് വിശ്വസ്തർക്കു നല്കുന്ന വലിയ സന്തോഷത്തിന്റെയും സമാധാനത്തിന്റെയും സ്ഥലമുണ്ടെന്നാണ്. ഈ പ്രപഞ്ചത്തിൽ ജീവിക്കാൻ അവസരംകിട്ടിയവർ ദൈവത്തോട് വിശ്വസ്തത പുലർത്തിയപ്പോൾ, കിട്ടിയ ദാനങ്ങൾ വിവേകത്തോടെ കൈകാര്യം ചെയ്തപ്പോൾ അതിനുകിട്ടിയ പ്രതിസമ്മാനമാണ് സ്വർഗം.

നിത്യജീവിതത്തിന്റെ ഏറ്റവും വലിയ കാഴ്ചപ്പാടാണ് ഉയിർപ്പിലുള്ള വിശ്വാസം. മരണത്തെ കീഴടക്കിയ കർത്താവ് നമ്മെയും അവിടുത്തെ ഉയിർപ്പിൽ പങ്കുകാരാക്കുന്നു. ശരീരത്തോടുകൂടി നമ്മൾ ഉയിർപ്പിക്കപ്പെടുമെന്നാണ് നമ്മുടെ വിശ്വാസം. റോമ 8:11 പറയുന്നത് കർത്താവിന്റെ രണ്ടാമത്തെ വരവിൽ ഉയിർപ്പിക്കപ്പെടുന്നവരെക്കുറിച്ചുള്ള ചിന്തകളാണ്. അന്ത്യവിധിയെക്കുറിച്ചു കത്തോലിക്കാവിശ്വാസസംഹിതയിൽ 677–679, 1038 ഒക്കെ നാം പ്രത്യേകമായി പഠിക്കേണ്ടതുണ്ട്.

ഈ ലോകത്തിന് ഒരു അവസാനമുണ്ടെന്ന് നാം മറക്കരുത്. വെളി 20: 12–ൽ ഈ ലോകത്തിന്റെ അവസാനത്തെക്കുറിച്ച് കർത്താവ് പറയുന്ന ചില ചിന്തകളാണ് പങ്കുവച്ചിരിക്കുന്നത്. 2 പത്രോ 3: 12–13 ലും കർത്താവിന്റെ രണ്ടാമത്തെ ആഗമനത്തെക്കുറിച്ചുള്ള ചിന്തകൾ പങ്കുവച്ചിട്ടുണ്ട്. ലോകാവസാനം കർത്താവിന്റെ രണ്ടാമത്തെ വരവിനുവേണ്ടിയുള്ള സമയമാണ്. ഈ ലോകത്തിന് ഒരു അവസാനമുണ്ടെന്ന് നാം മറക്കാതിരിക്കുക. അതുപോലെ നമുക്ക് മരണവും അന്ത്യവിധിയുമുണ്ടെന്നും. ആ വിധിക്കനുസരിച്ചു നമുക്ക് സ്വർഗമോ നരകമോ ശുദ്ധീകരണസ്ഥലമോ ലഭിക്കാം.

മർക്കോ 13:32–ൽ പറയുന്നത് ആ ദിവസമോ മണിക്കൂറോ മാലാഖമാർക്കുപോലും അറിഞ്ഞുകൂടായെന്നാണ്. പിതാവിന് മാത്രം അറിയാവുന്ന ആ സമയത്ത്, പിതാവ് നിശ്ചയിക്കുന്ന സമയത്തുള്ള ന്യായവിധിക്കായി നമുക്ക് നമ്മെതന്നെ ഒരുക്കിനിർത്താം. ന്യായവിധിയോർത്ത് വിശ്വസ്തതയോടും കൃത്യതയോടും ഉത്തരവാദിത്വബോധത്തോടും ജീവിക്കാനുള്ള വിവേകം നമുക്കുണ്ടായിരിക്കട്ടെ. അതിനുള്ളകൃപയ്ക്കുവേണ്ടി നമുക്കു പ്രാർഥിക്കുകയും ചെയ്യാം.

---

കൂരിയബിഷപ്പിന്റെ സന്ദേശം

# എനിക്കു ജീവിതം ക്രിസ്തുവും മരണം നേട്ടവും

**ബിഷപ്പ് സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ**



സലേഷ്യൻ സന്യാസസമൂഹാംഗമായ ഫാ. ജോ മന്നത്ത് അറിയപ്പെടുന്ന എഴുത്തുകാരനും പ്രചോദനാത്മക ചിന്തകൾ പങ്കുവയ്ക്കുന്ന പ്രഗത്ഭനായ ഒരു പ്രഭാഷകനുമാണ്. അദ്ദേഹം 2024–ൽ പ്രസിദ്ധീകരിച്ച ഒരു വിശിഷ്ടഗ്രന്ഥമാണ് It's Him. ഈ ഗ്രന്ഥത്തിൽ അദ്ദേഹം വിവരിക്കുന്ന ഒരു സംഭവം ഇങ്ങനെയാണ്.

അമേരിക്കയിലെ ബോസ്റ്റൺ നഗരത്തിന്റെ പ്രാന്തപ്രദേശത്തുള്ള ഒരു ഇടവകയിലെ അംഗമായിരുന്ന കെയ്ത്ത് ഒരു കമ്പനി മാനേജറായിരുന്നു. അപ്രതീക്ഷിതമായി അദ്ദേഹത്തിന് ഒരു ദിവസം ഹൃദ്രോഗബാധയുണ്ടായി. ഉടനടി അദ്ദേഹത്തെ ആശുപത്രിയിലെത്തിക്കുകയും ശസ്ത്രക്രിയയ്ക്ക് വിധേയനാക്കുകയും ചെയ്തു. ഓപ്പറേഷനിടയിൽ തീയറ്ററിലെ മോണിറ്റർ നിരീക്ഷിച്ചപ്പോൾ കെയ്ത്തിന്റെ ഹൃദയത്തിന്റെ പ്രവർത്തനങ്ങൾ നിലച്ചതായി കണ്ടെത്തി. വൈദ്യശാസ്ത്രപരമായി അദ്ദേഹം മരിച്ചതായി ബോധ്യപ്പെട്ടതിനാൽ ഓപ്പറേഷൻ നിർത്തിവച്ചു. എന്നാൽ ഏവരെയും അതിശയിപ്പിച്ചുകൊണ്ട് മോണിറ്ററുകൾ വീണ്ടും പ്രവർത്തിച്ചുതുടങ്ങി. കെയ്ത്തിന് ജീവനുണ്ടെന്ന് മനസ്സിലാക്കിയ ഡോക്ടർമാർ ഓപ്പറേഷൻ തുടർന്നുനടത്തി. ഓപ്പറേഷൻ വിജയകരമായിരുന്നു. സുബോധം വീണ്ടെടുത്ത കെയ്ത്തിന്റെ ബോധ്യങ്ങൾക്ക് അതിനുശേഷം വലിയ മാറ്റങ്ങളുണ്ടായി. ഡോക്ടർമാരോട് അദ്ദേഹം പറഞ്ഞത് ഇങ്ങനെയാണ്.

"എനിക്ക് മരിക്കണം. എന്റെ കർത്താവിനോടു ചേരണം. ഓപ്പറേഷൻ സമയത്ത് ഞാൻ അനുഭവിച്ചത് വളരെ മനോഹരമായിരുന്നു."

ഈപ്രത്യേക അനുഭൂതി വിശേഷത്തെക്കുറിച്ച് കെയ്ത്ത് പിന്നീട് ഗ്രന്ഥകർത്താവ് ഫാ. ജോ കെന്നത്തുമായി പങ്കുവച്ചതിൻപ്രകാരം മരണാനന്തരജീവിതത്തിന്റെ ശ്രേഷ്ഠത നേരിൽ കാണാൻ അദ്ദേഹത്തിന് ഭാഗ്യം ലഭിച്ചുവെന്നാണ് നാം മനസ്സിലാക്കേണ്ടത്. വിശുദ്ധ പൗലോസ് ശ്ലീഹ ഫിലിപ്പിയിലെ സഭയ്ക്ക് എഴുതിയ ലേഖനം ഒന്നാം അധ്യായത്തിൽ നല്കുന്ന വിവരണം അതീവപ്രത്യാശാജനകമാണ്. പൗലോസ് അപ്പസ്തോലൻ പറയുന്നു, എനിക്ക് ജീവിതം ക്രിസ്തുവും മരണം നേട്ടവുമാണ്. ശാരീരികമായി ഞാൻ ഇനിയും ജീവിക്കാൻ ആഗ്രഹിക്കുകയാണെങ്കിൽ ഫലപ്രദമായി ജോലി ചെയ്യാൻ സാധിക്കും. എങ്കിലും ഏതാണ് തിരഞ്ഞെടുക്കേണ്ടതെന്ന് എനിക്കറിഞ്ഞുകൂടാ. ഇവ രണ്ടിനുമിടയിൽ ഞാൻ ഞെരുങ്ങുന്നു. എങ്കിലും എന്റെ ആഗ്രഹം മരിച്ചു ക്രിസ്തുവിനോടുകൂടി ആയിരിക്കാനാണ്. കാരണം അതാണ് കൂടുതൽ ശ്രേഷ്ഠം.

അനേകം ആളുകളുടെ മരണസന്ദർഭങ്ങളെക്കുറിച്ചു അവരുടെ ബന്ധുമിത്രാദികളും പരിചയക്കാരും വിവരിക്കുന്ന കാര്യങ്ങൾ കേൾക്കുമ്പോൾ ഞാൻ ഏറെ പ്രത്യാശാഭരിതനാകാറുണ്ട്. വരാനിരിക്കുന്ന സ്വർഗീയ സൗഭാഗ്യം അനുഭവിക്കാൻ വെമ്പൽകൊള്ളുന്ന വിധം നല്ല ഒരുക്കത്തോടെയാണ് അവരൊക്കെ ഭൗമികവാസം വെടിഞ്ഞിരിക്കുന്നത്. 'എനിക്കു നല്ലമരണം ലഭിക്കാൻ വേണ്ടി അച്ചൻ പ്രാർഥിക്കണം' എന്ന് തുടർച്ചയായി പറയാറുണ്ടായിരുന്ന ഒരു വല്യമ്മച്ചിയെ ഞാൻ ഓർമിക്കുന്നു. 90–ാം വയസിലാണ് ഈ വല്യമ്മച്ചി മരണമടഞ്ഞത്. ഒരു സന്ധ്യയ്ക്ക് കുടുംബാംഗങ്ങൾക്കൊപ്പം പ്രാർഥിച്ചതിനു ശേഷം മക്കളെല്ലാവരും അമ്മയ്ക്കു സ്തുതി ചൊല്ലിയ സമയത്തായിരുന്നു ആ വേർപാട്. ഏറ്റവും അവസാനം സ്തുതി ചൊല്ലിയ മകന്റെ കൈകളിലേക്ക് കുഴഞ്ഞുവീണു നിത്യതയിലേക്കു യാത്രയായ ഈ വല്യമ്മച്ചി സ്വർഗീയവസതി പ്രാപിക്കാൻ വെമ്പൽ കൊള്ളുകയായിരുന്നു. ദൈവാശ്രയബോധത്തോടെ താൻ ജീവിച്ച വിശുദ്ധമായ കുടുംബജീവിതം ഈ അമ്മയെ അങ്ങനെ മരിക്കാൻ പ്രാപ്തയാക്കിയിട്ടുണ്ട് എന്നാണ് എന്റെ വിശ്വാസം.

നല്ലമരണത്തിന്റെ മധ്യസ്ഥനായ വിശുദ്ധ യൗസേപ്പിന്റെയും മരണസമയത്തു നമുക്കുവേണ്ടി പ്രാർഥിക്കുന്ന കന്യകാമറിയത്തിന്റെയും മാധ്യസ്ഥസഹായം നമുക്കു വിളിച്ചപേക്ഷിക്കാം.

# പള്ളിക്കൂദാശക്കാലം: വിശുദ്ധീകരിച്ച് മഹത്വീകരിക്കുന്നതിന്റെ മുന്നാസ്വാദനം

**സി. മേരി ആൻ സി.എം.സി.**

മിശിഹായുടെ മനുഷ്യാവതാര രഹസ്യത്തിൽ പങ്കുചേർന്നുകൊണ്ട് ദൈവജനം ആരംഭിക്കുന്ന വിശ്വാസതീർഥാടനം തിരുസഭയുടെ സ്വർഗീയ മഹത്വരഹസ്യത്തിൽ പൂർത്തിയാകും വിധമാണ് പൗരസ്ത്യ സുറിയാനി ആരാധനാവത്സരം സംവിധാനം ചെയ്തിരിക്കുന്നത്. ഈശോയുടെ ജനനത്തോടുകൂടി ആരംഭിച്ച അവിടത്തെ രക്ഷാകരപ്രവർത്തനങ്ങളാൽ രക്ഷിക്കപ്പെട്ട സഭയിലൂടെ സ്വർഗരാജ്യത്തിൽ എത്തിച്ചേരുവാൻ വിളിക്കപ്പെട്ടവരാണ് ക്രൈസ്തവർ എന്ന യാഥാർഥ്യമാണ് ആരാധനാവത്സരത്തിന്റെ ഉള്ളടക്കം.

നമ്മുടെ ആരാധനവത്സരത്തിലെ ഏറ്റവും അവസാനത്തേതും ഏറ്റവും ദൈർഘ്യം കുറഞ്ഞതുമായ കാലമാണ് പള്ളിക്കൂദാശക്കാലം. നാല് ആഴ്ചകൾ മാത്രമാണ് ഈ കാലത്തിലുള്ളത്. നവംബർ മാസത്തിലാണ് പള്ളിക്കൂദാശക്കാലം വരാറുള്ളത്. നവംബർമാസം ഒന്നാം തീയതി ഒരു ഞായറാഴ്ചയാണെങ്കിൽ അന്നു തന്നെ ഈ കാലം ആരംഭിക്കുന്നതാണ്. എന്നാൽ ഒന്നാം തീയതി ബുധൻ മുതൽ ശനിവരെയുള്ള ഏതെങ്കിലുമൊരു ദിവസമാണെങ്കിൽ, ആ വർഷത്തെ പള്ളിക്കൂദാശക്കാലം തുടർന്നു വരുന്ന ഞായറാഴ്ച മാത്രമേ ആരംഭിക്കുകയുള്ളു. പുതിയ ആരാധനവത്സരം ആരംഭിക്കുന്നതിന് നാല് ഞായറാഴ്ച മുമ്പ് പള്ളിക്കൂദാശക്കാലം ആരംഭിക്കുന്നു.

പള്ളിക്കൂദാശക്കാലത്തിന് 'കൂദാശ് ഏദ്ത്താ' എന്നാണ് സുറിയാനി ഉറവിടങ്ങൾ വിളിക്കുന്ന പേര്. അതിന്റെ അർഥം സഭയുടെ പ്രതിഷ്ഠ എന്നാണ്. എന്നാൽ ഈ കാലത്തിന്റെ ഒന്നാം ഞായറിനെ 'ഹൂദാസ് ഏദ്ത്താ' എന്നാണ് വിളിക്കുന്നത്. അതിന്റെ അർഥം സഭയുടെ നവീകരണം എന്നാണ്. വേദപുസ്തകത്തിന്റെ സുറിയാനി മൂലമായ പ്ശീത്തായിൽ ജറുസലേം ദൈവാലയത്തിന്റെ പ്രതിഷ്ഠാത്തിരുനാളിന് നല്കിയിരിക്കുന്ന പേരും ഇതു തന്നെയാണ്. പൗരസ്ത്യ സുറിയാനി ക്രമത്തിൽ മാഅൽത്താ അല്ലെങ്കിൽ പ്രവേശനം എന്നൊരു പേരും കൂടി ഈ കാലഘട്ടത്തിനുണ്ട്. മധ്യപൂർവദേശത്തുള്ള സുറിയാനി ദൈവാലയങ്ങളിൽ, ചൂടുകാലാവസ്ഥ കാരണം ഈശോയുടെ സ്വർഗാരോഹണ തിരുനാൾ മുതൽ പള്ളിക്കൂദാശ ഒന്നാം ഞായർ വരെ പരിശുദ്ധ കുർബാനയുടെ പ്രാരംഭഭാഗവും യാമപ്രാർഥനകളും ദൈവാലയത്തിന് പുറത്താണ് നടത്തിയിരുന്നത്. ശനിയാഴ്ച വൈകിട്ടു ജപിക്കുന്ന പള്ളിക്കൂദാശ ഒന്നാം ഞായറിന്റെ യാമനമസ്ക്കാരത്തിന്റെ പ്രാരംഭഭാഗത്ത് എല്ലാവരും ദൈവാലയത്തിൽ പ്രവേശിക്കുന്നു. ഇതിൽ നിന്നാണ് ഈ കാലഘട്ടത്തിന് മാഅൽത്താ എന്ന പേരുണ്ടായത്.

സെലൂഷ്യ-സ്റ്റെസിഫോണിലെ പാത്രിയാർക്കീസായിരുന്ന ഈശോയാബ് മൂന്നാമൻ ആണ് മൂശെക്കാലത്തു നിന്നും നാല് ആഴ്ചകൾ വേർതിരിച്ച് പള്ളിക്കൂദാശക്കാലം രൂപീകരിക്കുന്നത്. സഭയുടെ യുഗാന്തോന്മുഖത വെളിപ്പെടുത്തുന്ന പള്ളിക്കൂദാശക്കാലത്തിന് നാലാഴ്ചകളാണ് ഉള്ളത്. പഴയനിയമത്തിലെ നാല് കൂടാരപ്രതിഷ്ഠകളുടെ അടിസ്ഥാനത്തിലാണ് നവംബർ 27-ന് മുമ്പുള്ള ഈ നാലാഴ്ചകളെ സജ്ജീകരിച്ചിരിക്കുന്നത്: 1. മൂശയുടെ സമാഗമകൂടാരപ്രതിഷ്ഠ (പുറ 40:1-17), 2. ഇസ്രായേൽജനം ഷീലോഹയിൽ പ്രതിഷ്ഠിച്ച സമാഗമകൂടാരം (ജോഷ്വാ 18:1), 3. സോളമന്റെ ദേവാലയപ്രതിഷ്ഠ (2 ദിന 6: 1-7: 10), 4. ജോഷ്വായുടെയും സെറുബാബേലിന്റെയും ബലിപീഠപ്രതിഷ്ഠ (എസ്രാ 3:2).

**സഭ മിശിഹായുടെ മണവാട്ടിയാണ്, സഭയും മിശിഹായും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെ വിവാഹബന്ധത്തിലെ ദമ്പതികൾ തമ്മിലുള്ള ബന്ധത്തോടാണ് സഭ ഉപമിച്ചിരിക്കുന്നത്.**



നമ്മുടെ കർത്താവീശോമിശിഹായാൽ വിളിക്കപ്പെട്ട സഭയുടെ മഹത്വീകരണമാണ് ഈ കാലഘട്ടത്തിലെ പ്രധാന ചിന്താവിഷയം. തന്റെ രക്തത്താൽ രക്ഷിച്ച തന്റെ മണവാട്ടിയായ സഭയെ മിശിഹാ ദൈവപിതാവിനു സമർപ്പിക്കുന്നു. മിശിഹായുടെ ലോകത്തിലെ സാന്നിധ്യമായ സഭ തന്റെ പ്രവർത്തനങ്ങളിലൂടെ ദൈവികശക്തിയെ ലോകത്തിനു വെളിപ്പെടുത്തികൊടുക്കുന്നു. ഈശോമിശിഹാ കുരിശിനാൽ രക്ഷിക്കുകയും തന്റെ ശരീരത്താൽ വീണ്ടെടുക്കുകയും തന്റെ സത്യത്താൽ ശക്തിപ്പെടുത്തുകയും ചെയ്ത സഭ ലോകത്തിൽ ഈശോയുടെ തുടർച്ചയായി നിലകൊള്ളുന്നു. അപ്രകാരം സ്വർഗത്തിന്റെ ഭൂമിയിലെ സാന്നിധ്യമായി സഭ മാറുന്നു. സഭയുടെ ശക്തി, പത്രോസ് ശ്ലീഹായാൽ പ്രഘോഷിക്കപ്പെട്ട വിശ്വാസത്തിൽ അധിഷ്ഠിതമാണ്. തിന്മയുടെ ശക്തി അവളുടെ മേൽ അധീശത്വം പുലർത്തുകയില്ലെന്ന് പത്രോസ്ശ്ലീഹായ്ക്ക് ഈശോ നല്കിയ വാഗ്ദാനം അവിടുന്ന് പാലിക്കുന്നു. പാറമേൽ പണിയപ്പെട്ട ഭവനം ഒരിക്കലും നശിക്കില്ലാത്തതുപോലെ തിന്മയുടെ സകല ശക്തികളെയും എതിർത്തുകൊണ്ടും ലോകത്തിലെ ദൈവത്തിന്റെ ഭവനമായ സഭ തന്റെ ശക്തമായ വിശ്വാസത്തിലൂടെ തെറ്റായ വിശ്വാസപഠനങ്ങൾക്കെതിരായും നിലകൊള്ളുന്നു.

ഈ പള്ളിക്കൂദാശാകാലത്തിൽ നമ്മുടെ പ്രധാന ധ്യാനവിഷയം പള്ളി അഥവാ സഭ എന്ന മഹാരഹസ്യമാണ്. ഈ രഹസ്യത്തിന്റെ ഏതാനും സവിശേഷതകളാണ് താഴെ പറയുന്നത്.

### മിശിഹായുടെ മണവാട്ടി

സഭ മിശിഹായുടെ മണവാട്ടിയാണ്, സഭയും മിശിഹായും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെ വിവാഹബന്ധത്തിലെ ദമ്പതികൾ തമ്മിലുള്ള ബന്ധത്തോടാണ് സഭ ഉപമിച്ചിരിക്കുന്നത്. പൗരസ്ത്യ സുറിയാനി ആരാധനക്രമ പാരമ്പര്യത്തിലുള്ള പ്രധാന പ്രമേയമാണ് മിശിഹായും സഭയും തമ്മിലുള്ള ആഴമേറിയ ബന്ധം. ഈ ബന്ധത്തെ വൈവാഹിഹ ബന്ധത്തോടാണ് സഭാപിതാക്കന്മാരായ മാർ അഫ്രഹാത്ത് (എ.ഡി. 280-345) മാർ അപ്രേം (എ.ഡി. 306-373) എന്നിവർ ഉപമിച്ചിരിക്കുന്നത്. നമ്മുടെ കർത്താവ് കുരിശിലെബലി വഴി തന്റെ ശരീരവും രക്തവും സ്ത്രീധനമായി നല്കി രക്ഷിച്ച സമൂഹമാണ് സഭ. ഈ വൈവാഹികബന്ധം ആരംഭിക്കുന്നത് കുരിശിൽ കിടന്ന് തന്റെ പാർശ്വം പിളർക്കപ്പെട്ട് അവിടെ നിന്നും രക്തവും വെള്ളവും ഒഴുകിയപ്പോഴാണ്. അതാണല്ലോ സഭയുടെ ആരംഭം. രക്തവും വെള്ളവും മാമ്മോദീസായുടെയും പരിശുദ്ധ കുർബാനയുടെയും പ്രതീകങ്ങളുമാണ്.

സഭാസമർപ്പണത്തിന്റെ ഈ കാലത്തിൽ, രക്ഷിക്കപ്പെട്ട സഭയാകുന്ന മണവാട്ടി തന്റെ മണവാളനായ മിശിഹായ്ക്ക് പൂർണ്ണമായി സമർപ്പിച്ച് സ്വർഗീയ മഹത്ത്വത്തിലേക്കു പ്രവേശിക്കുന്നതിന്റെ മുന്നാസ്വാദനമാണ് അനുസ്മരിക്കുന്നത്. മിശിഹാ തന്റെ മണവാട്ടിയായ സഭയെ അവസാനവിധിക്കുശേഷം പിതാവിനു സമർപ്പിക്കുന്നതിനെ ഈ കാലത്തിന്റെ ആരംഭത്തിൽത്തന്നെ നാം അനുസ്മരിക്കുന്നു. മണവാളനായ മിശിഹാ യുഗാന്തത്തിൽ തന്റെ മണവാട്ടിയായ സഭയെ സ്വർഗീയ മണവറയിൽ പ്രവേശിപ്പിച്ച്, അവൾക്ക് തിരുമുഖദർശനം നല്കി, നിത്യസൗഭാഗ്യം പ്രദാനം ചെയ്യും. അപ്പോൾ, വിശുദ്ധ കുരിശാൽ രക്ഷിച്ചതും തിരുരക്തത്താൽ വീണ്ടെടുത്തതുമായ സഭ മാലാഖാവൃന്ദങ്ങളോടൊപ്പം മണവാളനായ മിശിഹായ്ക്ക് നിരന്തരം സ്തുതിഗീതങ്ങൾ ആലപിച്ചു നിത്യമഹത്ത്വത്തിൽ പങ്കുചേരും. സഭാമക്കളെ കാത്തിരിക്കുന്ന നിത്യസൗഭാഗ്യത്തിന്റെ മുന്നാസ്വാദനം നൽകുന്ന കാലഘട്ടമാണിത്.

### നിലനിൽക്കുന്ന കൂടാരം

പുറപ്പാടിന്റെ പുസ്തകത്തിൽ (അധ്യായം 26) നേർത്ത ചണനൂൽകൊണ്ടുള്ള പത്തു വിരികളുള്ള ഒരു താൽക്കാലിക കൂടാരത്തെക്കുറിച്ച് നാം വായിക്കുന്നു. പഴയനിയമകാലഘട്ടത്തിൽ ദൈവത്തിന്റെ വാസസ്ഥലമായി മൂശെ നിർമ്മിച്ച കൂടാരത്തിന്റെ സ്ഥാനത്ത് പുതിയ നിയമത്തിലുള്ള കൂടാരമാണ് സഭ. മൂശെയുടെ കൂടാരം മനുഷ്യനിർമ്മിതമെങ്കിൽ സഭ ദൈവനിർമ്മിതമാണ് എന്നുള്ളതാണ് വ്യത്യാസം. മൂശെയുടെ കൂടാരം പാപികളുടെ കൂടാരമായിരുന്നെങ്കിൽ സഭ എല്ലാവർക്കും രക്ഷയുടെ കൂടാരമാണ്. പഴയനിയമ കൂടാരം ശുദ്ധീകരിച്ചിരുന്നത് മൃഗരക്തത്താലാണെങ്കിൽ സഭ വിശുദ്ധീകരിക്കപ്പെടുന്നത് മിശിഹായുടെ രക്തത്താലാണ്. മൂശെയുടെ കൂടാരം മേഘങ്ങളാൽ ആവരണം ചെയ്യപ്പെട്ടുവെങ്കിൽ സഭ ദൈവകൃപയാൽ ആവരണം ചെയ്യപ്പെട്ടിരിക്കുന്നു. പഴയനിയമകൂടാരത്തിൽ കൽപ്പലകകളിലെ പ്രമാണങ്ങളുണ്ടെങ്കിൽ സഭയിൽ സ്ലീവായും സുവിശേഷവും ഉണ്ട്; പരി. കുർബാനയും കൂദാശകളുമുണ്ട്. സഭയുടെ മഹത്ത്വം ഈശോയുടെ മഹത്ത്വം തന്നെയാണ് എന്ന ചിന്ത പള്ളിക്കൂദാശക്കാലത്തെ പ്രാർഥനകളിൽ കാണാം.

സഭ സ്വർഗത്താൽ സ്ഥാപിതമായ ദൈവത്തിന്റെ ഭവനമാണ്. പിതാവായ ദൈവം അവൾക്ക് രൂപം നൽകി; പുത്രനായ ദൈവം അവളുടെ അടിസ്ഥാനം ഉറപ്പിച്ചിരിക്കുന്നു; പരിശുദ്ധാത്മാവായ ദൈവം അവളെ കൃപയാൽ വിശുദ്ധീകരിക്കുന്നു. നിത്യജീവനിലേക്ക് നേരിട്ടു സഞ്ചരിക്കുന്ന ഒരു കപ്പലാണ് സഭ. അതിൽ പ്രവേശിക്കാൻ ആഗ്രഹിക്കുന്ന ഏതൊരാളും മാമോദീസാ സ്വീകരിക്കുകയും പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും ഏറ്റുപറയുകയും വേണം. ലോകമാകുന്ന കടൽ പ്രക്ഷുബ്ധവുമാകുമ്പോഴും സഭയാകുന്ന കപ്പലിനുള്ളിൽ സമാധാനവും ശാന്തതയും എപ്പോഴും ഉണ്ടാകും. അങ്ങനെ സഭയുടെ സമർപ്പണകാലത്തിൽ സഭയുടെ സ്വത്വം, വ്യക്തിത്വം, അവളുടെ സ്വഭാവസവിശേഷതകൾ, ഭാവി മഹത്വം മുതലായവയെ നാം അനുസ്മരിക്കുന്നു.

ഇന്ന് നമ്മുടെ പഞ്ചേന്ദ്രിയങ്ങൾക്ക് സഭയാകുന്ന മഹാരഹസ്യത്തെ സന്നിഹിതമാക്കുന്നത് നമ്മുടെ ഇടവകദൈവാലയമാണ്. ഇടവകപള്ളിയാകുന്ന ദൃശ്യസഭയിലേക്ക് പ്രവേശിച്ച് അവിടെ പരികർമ്മം ചെയ്യപ്പെടുന്ന ദിവ്യരഹസ്യങ്ങളിൽ സജീവമായി പങ്കുകൊള്ളാനുള്ള പ്രത്യേക ക്ഷണമാണ് ഓരോ പള്ളിക്കൂദാശാകാലവും നമുക്ക് നൽകുന്നത്. അതോടൊപ്പം നാം ഓരോരുത്തരും ദൈവാലയങ്ങളാണെന്ന ചിന്തയും (1 കോറി 3:16) ഈ കാലത്തിൽ നമുക്കു ധ്യാനിക്കാവുന്നതാണ്. 'ആത്മാവിൽ ഒരു പള്ളിയുണ്ട്; അതിലൊരു സക്രാരിയുണ്ട്. അവിടേക്കെഴുള്ളാൻ അതിൽ കുടികൊള്ളാൻ' കടന്നു വരുന്ന നമ്മുടെ ആത്മാവിന്റെ ദിവ്യമണവാളനായ ഈശോയ്ക്കായി നമ്മെത്തന്നെ വിശുദ്ധീകരിക്കുവാനും ഈ കാലഘട്ടം നമുക്ക് പ്രചോദനമേകട്ടെ'. ഈ പള്ളിക്കൂദാശാകാലത്ത് നമ്മുടെ ശരീരങ്ങളെ ദൈവത്തിനു പ്രസാദകരമായ ആലയങ്ങളായും ഹൃദയങ്ങളെ പവിത്രമായ മദ്ബഹാകളുമാക്കി അവിടെ ജീവിതനൈർമ്മല്യത്താൽ വിശുദ്ധവും ദൈവത്തിനു സ്വീകാര്യവുമായ സജീവബലികളർപ്പിക്കാൻ (റോമ 12:1) സഭാമക്കളായ നമുക്ക് സാധിക്കട്ടെ'. നമ്മുടെ അമ്മയായ സഭാമാതാവിനെ കൂടുതൽ സ്നേഹിക്കാനും അവളോട് ചേർന്നുനിന്ന് കൃപാവരത്താൽ ശക്തിപ്രാപിച്ച് കൂദാശചെയ്യപ്പെട്ട പള്ളികളായി സ്വയം മാറാൻ ഈ പള്ളിക്കൂദാശാകാലം നമുക്കു ശക്തി പ്രദാനം ചെയ്യട്ടെ'.

# ദൈവത്തിന്റെ ഏകപുത്രനും നമ്മുടെ കർത്താവുമായ ഈശോമിശിഹായിലുള്ള വിശ്വാസം



**ദൈവവും അവിടുത്തെ മക്കളായ സൃഷ്ടികളും തമ്മിലുള്ള സ്നേഹബന്ധം സൂചിപ്പിക്കുന്ന ദത്തുപുത്രസ്ഥാനമാണ് ഇതു സൂചിപ്പിക്കുന്നത്. പുതിയനിയമത്തിന്റെ ഭാഷയിൽ ഈശോമിശിഹായിലൂടെ നാം ദൈവത്തിന്റെ പ്രിയമക്കളായി ഉയർത്തപ്പട്ടിരിക്കുന്നുവെന്നു വ്യക്തമായി സൂചിപ്പിക്കുന്നുണ്ട്**

**ബിഷപ് ജോസ് പുളിക്കൽ**

രക്ഷാകരചരിത്രത്തിന്റെ കേന്ദ്രമായ മിശിഹാസംഭവത്തെ (Christ Event) അടിസ്ഥാനമാക്കി ഈശോ എന്ന ദൈവികവ്യക്തിയെ സഭയുടെ വിശ്വാസപ്രമാണത്തിന്റെ (നിഖ്യാ-കോൺസ്റ്റാന്റിനോപ്പിൾ) വെളിച്ചത്തിൽ മനസ്സിലാക്കാൻ നമ്മൾ ശ്രമിക്കുന്നു. ക്രിസ്തുശാസ്ത്രപരമായ നാലു ശീർഷകങ്ങളിൽ ഈശോയുടെ വ്യക്തിത്വത്തെ നാം തിരുവചനത്തിലൂടെ മനസ്സിലാക്കുന്നു: ഈശോ, മിശിഹാ, ദൈവപുത്രൻ, കർത്താവ് എന്നിവയാണവ.

**1. ഈശോ:** 'ഈശോ' എന്ന അറമായ - സുറിയാനി പദത്തിന് സമാനമായ 'യേഷുവാ' എന്ന ഹീബ്രു പദമാണ് ഉപയോഗിക്കുന്നത്. രക്ഷാകരചരിത്രം മുഴുവൻ ഒരു വ്യക്തിയിൽ സംഗ്രഹിക്കുന്നവിധം 'ദൈവം രക്ഷിക്കുന്നു' എന്ന അർത്ഥമാണ് ഈ മൂലപദങ്ങൾക്കുള്ളത്. പാപത്തിൽനിന്നു മോചനം നൽകാൻ ദൈവത്തിനു മാത്രമേ കഴിയുകയുള്ളൂ എന്നതിനാൽ അവിടുത്തെ ഏകപുത്രനും മനുഷ്യനായി അവതരിച്ചവനുമായ ഈശോമിശിഹായിൽ ദൈവം തന്റെ ജനത്തെ പാപങ്ങളിൽനിന്നു മോചിച്ചു (CCC. 430).

മനുഷ്യരക്ഷയുടെയും പാപമോചനത്തിന്റെയും വിവിധ അടയാളങ്ങളും പ്രതീകങ്ങളും പഴയനിയമത്തിൽ കാണുന്നുണ്ട് (പുറ. 12:21-23). എന്നാൽ യഥാർത്ഥ മനുഷ്യരക്ഷ പൂർത്തീകരിക്കുന്നത് ദൈവിക വെളിപാടിന്റെ പൂർണ്ണതയായ ഈശോ എന്ന വ്യക്തിയുടെ മരണത്തിലൂടെയും ഉത്ഥാനത്തിലൂടെയുമാണ്. എല്ലാ നാമങ്ങൾക്കും ഉപരിയായ രക്ഷയുടെ ഏകനാമമാണ് 'ഈശോ' എന്നത് (അപ്പ. 4:12; ഫിലി. 2:9) ആദിമസഭയുടെ വിശ്വാസമായിരുന്നു. ഈശോയുടെ നാമത്തിന്റെ ശക്തിയാൽ ദുഷ്ടാരൂപികൾ വിട്ടുമാറുന്നതും രോഗികൾ സുഖം പ്രാപിക്കുന്നതും നടപടി പുസ്തകത്തിൽ വിവരിക്കുന്നുണ്ട് (അപ്പ. 3:6; 5:16).

**2. മിശിഹാ (ക്രിസ്തു):** 'മിശിഹാ' എന്ന വാക്കിന് അഭിഷിക്തൻ എന്ന അർത്ഥമാണുള്ളത്. പഴയനിയമത്തിൽ പ്രത്യേക ദൗത്യങ്ങൾ നിർവ്വഹിക്കുന്നതിനായി പ്രവാചകന്മാരെയും പുരോഹിതന്മാരെയും രാജാക്കന്മാരെയും അഭിഷേകം ചെയ്തിരുന്നു. (പുറ: 29:7; 1 9:16; 10:1). പ്രവാചകൻ, പുരോഹിതൻ, രാജാവ് എന്നീ ത്രിവിധ ധർമ്മങ്ങൾ അവയുടെ പൂർണ്ണതയിൽ നിർവ്വഹിച്ചുകൊണ്ട് ഈശോ ഇസ്രായേലിന്റെ മിശിഹായെപ്പറ്റിയുള്ള പ്രതീക്ഷ സഫലമാക്കി. മിശിഹായെപ്പറ്റിയുള്ള ദൈവികവെളിപ്പെടുത്തലുകൾ പടിപടിയായിട്ടാണ് സുവിശേഷത്തിൽ അവതരിപ്പിക്കുന്നത്.

ഇസ്രായേലിനു വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന മിശിഹാ പിറന്നിരിക്കുന്നുവെന്ന സദ്വാർത്തയാണ് മാലാഖ ആട്ടിടയൻമാരെ അറിയിച്ചത് (ലൂക്കാ 2:11). ഈശോയുടെ മെസ്സയാനികാഭിഷേകം അവിടുത്തെ ദിവ്യദൗത്യം വെളിപ്പെടുത്തുന്നു. ഈ അഭിഷേകം അവിടുത്തെ ദൗമിക ജീവിതകാലത്ത് സ്പഷ്ടമായത് സ്നാപകയോഹന്നാനിൽനിന്നു മാമ്മോദീസാ സ്വീകരിച്ചപ്പോഴാണ് (മത്താ 3:16-17). പത്രോസിന്റെ വിശ്വാസപ്രഖ്യാപനവേളയിലും അവിടുന്ന് അഭിഷിക്തനാണെന്ന സത്യം സ്വർഗ്ഗം വെളിപ്പെടുത്തുന്നുണ്ട് (മർക്കോ 8:29). അവിടുന്ന് മിശിഹായാണെന്ന രഹസ്യം പുറത്തുപറയരുതെന്ന് ഈശോ പലരോടും ആവശ്യപ്പെടുന്നതായി സുവിശേഷങ്ങൾ രേഖപ്പെടുത്തുന്നു. അവിടുന്ന് തന്റെ കുരിശുമരണത്തിലൂടെയും ഉത്ഥാനത്തിലൂടെയും പൂർത്തീകരിക്കുന്ന രക്ഷാകരദൗത്യം ശരിയായി മനസ്സിലാക്കാതെ 'മിശിഹാ' എന്ന നാമം പ്രചരിപ്പിച്ചാൽ അതു ദൈവികപദ്ധതിക്കു വിഘാതങ്ങൾ സൃഷ്ടിക്കുമെന്നതാണ് ഈ നിബന്ധനയ്ക്കു കാരണം.

**3. ദൈവത്തിന്റെ ഏകപുത്രൻ:** 'ദൈവപുത്രൻ' എന്ന നാമം പഴയനിയമത്തിൽ മാലാഖമാർ, ദൈവജനം, ഇസ്രായേൽമക്കൾ, രാജാക്കന്മാർ തുടങ്ങിയവർക്ക് നൽകിയിരുന്നു (നിയമ. 14:1; ജോബ് 1:6; പുറ. 4:22; ജെറ. 3:19). ദൈവവും അവിടുത്തെ മക്കളായ സൃഷ്ടികളും തമ്മിലുള്ള സ്നേഹബന്ധം സൂചിപ്പിക്കുന്ന ദത്തുപുത്രസ്ഥാനമാണ് ഇതു സൂചിപ്പിക്കുന്നത്. പുതിയനിയമത്തിന്റെ ഭാഷയിൽ ഈശോമിശിഹായിലൂടെ നാം ദൈവത്തിന്റെ പ്രിയമക്കളായി ഉയർത്തപ്പട്ടിരിക്കുന്നുവെന്നു വ്യക്തമായി സൂചിപ്പിക്കുന്നുണ്ട് (1 യോഹ 3:1-2).

എന്നാൽ നമ്മുടെ ദൈവപുത്രസ്ഥാനവും മിശിഹായുടെ ദൈവപുത്രത്വവും വ്യത്യസ്ഥമാണ്. സൃഷ്ടിക്കപ്പെടാത്തവനായ ഏകപുത്രൻ എന്ന നിലയിൽ ഈശോമിശിഹാ ത്രിയേകദൈവത്തിലെ രണ്ടാമാളായി അനാദിയിലെ ആയിരിക്കുന്നു. അതുകൊണ്ടുതന്നെ അവിടുത്തെ പുത്രത്വം ദൈവിക അസ്ഥിത്വം പൂർണ്ണമായി ഉൾക്കൊള്ളുന്നതുകൊണ്ട് തികച്ചും അനന്യവും വ്യതിരിക്തവുമാണ്. തന്റെ ദൈവപുത്രസ്ഥാനത്തിന്റെ വ്യത്യസ്ഥത "എന്റെ പിതാവും നിങ്ങളുടെ പിതാവും" എന്ന പ്രസ്താവനയിലൂടെ ഈശോ ഉറപ്പിക്കുന്നു (മത്താ 5:48; 6:89; യോഹ 20:17). രണ്ടു സുപ്രധാന സന്ദർഭങ്ങളിൽ - ഈശോയുടെ മാമ്മോദീസാവേളയിലും രൂപാന്തരീകരണാവസരത്തിലും - 'ഇവൻ എന്റെ പ്രിയപുത്രൻ' എന്ന് പിതാവ് വെളിപ്പെടുത്തുന്നുണ്ട് (മത്താ. 3:17; 17:5). എന്നാൽ "സത്യമായും ഈ മനുഷ്യൻ ദൈവപുത്രൻ ആയിരുന്നു" എന്ന ശതാധിപന്റെ പരസ്യപ്രഘോഷണത്തിലൂടെ അവിടുത്തെ ദൈവപുത്രസ്ഥാനം ലോകത്തിനുമുമ്പിൽ പരസ്യമാക്കപ്പെടുവാൻ ദൈവം തിരുമനസ്സാകുന്നു (മർക്കോ. 15:39).

**4. കർത്താവ്:** മോശയ്ക്ക് ദൈവം സ്വയം വെളിപ്പെടുത്തിയ 'യാഹ്‌വേ' (YHWH) എന്ന അവാച്യനാമത്തിന്റെ ഗ്രീക്ക് പരിഭാഷയായ "കീരിയോസ്" എന്ന പദത്തിന്റെ അർത്ഥം 'കർത്താവ്' എന്നതാണ്. ഇസ്രായേൽജനം ദൈവത്തെ വിളിക്കാൻ ഉപയോഗിച്ച കർത്താവ് എന്ന പദം തന്നെ പുതിയനിയമത്തിൽ ഈശോയ്ക്ക് നൽകപ്പെടുന്നു. സുവിശേഷങ്ങളിൽ പലപ്പോഴും ജനങ്ങൾ ഈശോയെ 'കർത്താവ്' എന്നു വിളിച്ചുകൊണ്ട് സമീപിക്കുന്നു (മത്താ 8:2; 14:30). ഉയിർത്തെഴുന്നേറ്റ ഈശോയെ ദൈവവും കർത്താവുമായി ഏറ്റുപറഞ്ഞ് ആരാധിക്കുന്ന മാർ തോമ്മാശ്ലീഹായുടെ വാക്കുകൾ ഏറെ ശ്രദ്ധേയമാണ്. "എന്റെ കർത്താവേ എന്റെ ദൈവമേ" (യോഹ 20:28). സുവിശേഷത്തിലെ ഏറ്റവും പൂർണ്ണതയുള്ള വിശ്വാസപ്രഖ്യാപനമായിട്ടാണ് ഈ വാക്യം നിലകൊള്ളുന്നത്.

"ഈശോ കർത്താവാണ് എന്നു പറയാൻ പരിശുദ്ധാത്മാവു മുഖേനയല്ലാതെ ആർക്കും സാധിക്കുകയില്ല" (1 കൊറി 12:3). സഭയുടെ ആരാധനക്രമ പ്രാർത്ഥനകളിൽ കർത്താവ് എന്ന പദം ഈശോയുടെ നാമത്തോടു ചേർക്കുന്ന പാരമ്പര്യം വളരെ പുരാതനമാണ്. "സർവ്വാധിപനാം കർത്താവേ" എന്ന ഉത്ഥാനഗീതം ഇതിനുദാഹരണമാണ്. മനുഷ്യചരിത്രത്തിന്റെ കേന്ദ്രവും ലക്ഷ്യവും കർത്താവും നാഥനുമായ മിശിഹായിലാണ് കണ്ടെത്തേണ്ടതെന്ന് സഭ വിശ്വസിക്കുന്നു.

**ഉപസംഹാരം:** കർത്താവും ദൈവവുമായ ഈശോമിശിഹായിലുള്ള വിശ്വാസത്തിന്റെ തലങ്ങൾ നിഖ്യാ-കോൺസ്റ്റാന്റിനോപ്പിൽ വിശ്വാസപ്രമാണം നൽകുന്ന നിർവ്വചനത്തിന്റെ അടിസ്ഥാനത്തിൽ 4 ശീർഷകങ്ങളിലായി നമ്മൾ മനസ്സിലാക്കുന്നു. നമ്മുടെ വിശ്വാസജീവിതത്തിന്റെ കേന്ദ്രമായി ഭവിക്കുന്ന ഈ സത്യങ്ങൾ ആഴമായ ബോധ്യങ്ങളായി മാറേണ്ടതുണ്ട്.

# Spes non Confundit
## (പ്രത്യാശ നിരാശപ്പെടുത്തുന്നില്ല)

പ്രബോധനപാത
ഫാ. ഡോ. തോമസ് വടക്കേൽ

ജൂബിലി വർഷം 2025-നോട് അനുബന്ധിച്ച് പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ 2024 മെയ് 9-ന്, ഈശോയുടെ സ്വർഗ്ഗാരോഹണതിരുനാൾ ദിവസം, പുറപ്പെടുവിച്ച എന്ന ബൂളയുടെ ലത്തീൻ പേരാണ് സ്പെസ് നോൺ കോൺഫുന്തിറ്റ് (*Spes non Confundit*). ഈ ശീർഷകത്തിന്റെ അർത്ഥം പ്രത്യാശ നിരാശപ്പെടുത്തുന്നില്ല എന്നാണ്. 2024 ഡിസംബർ 24-ന് ആരംഭിച്ച് 2026 ജനുവരി 6 ന് അവസാനിക്കുന്ന ഈ ജൂബിലി വർഷത്തിന്റെ പ്രധാന സന്ദേശം പ്രത്യാശ എന്നതാണ്.

### പ്രത്യാശയുടെ ഒരു വാക്ക്

ഈശോമിശിഹായിൽ ഉള്ള പ്രത്യാശ ആരെയും ഒരിക്കലും നിരാശരാകുന്നില്ല എന്നാണ് പൗലോസിന്റെ ഉത്തമ ബോധ്യം (റോമാ 5:5). സ്നേഹത്തിൽ നിന്നാണ് പ്രത്യാശ ജന്മം കൊള്ളുന്നത്. കുരിശിലെ ഈശോയുടെ മുറിയപ്പെട്ട ഹൃദയത്തിലെ സ്നേഹത്തിൽ അധിഷ്ഠിതമാണ് പ്രത്യാശ. പ്രത്യാശയുടെ പ്രകാശം എല്ലാ വിശ്വാസികളിലും പ്രകാശിപ്പിക്കുന്നത് പരിശുദ്ധാത്മാവാണ്. നമ്മുടെ ജീവിതത്തിലെ പ്രകാശത്തെ ജ്വലിപ്പിക്കുന്നതും നിലനിർത്തുന്നതും ഉത്തേജിപ്പിക്കുന്നതും ഈ ആത്മാവ് തന്നെയാണ്.

സഹനങ്ങളിൽ പ്രത്യാശ നഷ്ടപ്പെടാനുള്ള സാധ്യതയുണ്ട്. എന്നാൽ പൗലോസ് ശ്ലീഹായുടെ ഭാഷ്യത്തിൽ കഷ്ടത സഹനശീലവും സഹനശീലം ആത്മധൈര്യവും ആത്മധൈര്യം പ്രത്യാശയും ഉളവാക്കുന്നു (റോമാ 5:4). പ്രത്യാശയോടൊപ്പം മനുഷ്യനിൽ ഉണ്ടായിരിക്കേണ്ട മറ്റൊരു പുണ്യമാണ് ക്ഷമ. ജീവിതവഴികളിൽ മനുഷ്യന്റെ പ്രത്യാശയെ നിലനിർത്തുന്നത് ക്ഷമയാണ്.

### പ്രത്യാശയുടെ യാത്ര

രക്ഷകനായ ഈശോയെ കണ്ടുമുട്ടാനുള്ള പ്രത്യാശയുടെ യാത്രയാണ് ക്രിസ്തീയ ജീവിതം. ജൂബിലി വർഷത്തിൽ എല്ലാവരും ആത്മീയമായി ഉണർവ് പകരുന്ന തീർത്ഥാടനത്തിൽ പങ്കെടുക്കണം. ഒപ്പം അനുരഞ്ജനത്തിന്റെ കൂദാശ സ്വീകരിക്കണം. എല്ലാ ദേവാലയങ്ങളിലും ജൂബിലി വർഷാരംഭത്തിൽ അർപ്പിക്കപ്പെടുന്ന വിശുദ്ധ കുർബാന വിശ്വാസികൾക്ക് പ്രത്യാശ പകരുന്നതും ദൈവകൃപ വർഷിക്കുന്നതും ആകണം.

### പ്രത്യാശയുടെ അടയാളങ്ങൾ

കാലത്തിന്റെ അടയാളങ്ങളും ചുവരെഴുത്തുകളും വായിക്കാനും സുവിശേഷത്തിന്റെ വെളിച്ചത്തിൽ അവയെ വ്യാഖ്യാനിക്കാനും സഭ കടപ്പെട്ടിരിക്കുന്നു. ഈലോകജീവിതത്തെക്കുറിച്ചും വരാനിരിക്കുന്ന ജീവിതത്തെക്കുറിച്ചും മനുഷ്യർക്ക് ഉത്തരം നൽകാനും പ്രത്യാശ നൽകാനും സഭ ബാധ്യസ്ഥയാണ്. യുദ്ധത്തിന്റെ ദുരന്തങ്ങളിൽ വിഷമിക്കുന്ന ലോകത്ത് സമാധാനത്തിനുള്ള ആഗ്രഹമാണ് പ്രത്യാശയുടെ ആദ്യ അടയാളം. സമാധാന സ്ഥാപകരാകാനാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്. കൂടാതെ, ജീവിതത്തോടുള്ള തുറവിയും, ജീവൻ പങ്കുവയ്ക്കാനുള്ള സന്നദ്ധതയും, ഉത്തരവാദിത്വമുള്ള രക്ഷാകർതൃത്വവും ക്രിസ്തീയ കൂട്ടായ്മകളിൽ ഉണ്ടാകണം.

പ്രതിസന്ധികളും പ്രയാസങ്ങളും അനുഭവിക്കുന്ന നമ്മുടെ സഹോദരീ സഹോദരന്മാർക്ക് പ്രതീക്ഷയുടെ അടയാളങ്ങളായി തീരാൻ എല്ലാവർക്കും ഉത്തരവാദിത്വമുണ്ട്. സ്വാതന്ത്ര്യം നഷ്ടപ്പെട്ട് ബന്ധനാവസ്ഥയിൽ ആയിരിക്കുന്ന തടവുകാർക്കും, ആശുപത്രികളിലും ഭവനങ്ങളിലും രോഗ പീഡകളാൽ സഹനം അനുഭവിക്കുന്ന രോഗികൾക്കും, സ്വപ്നങ്ങളും അഭിലാഷങ്ങളും നഷ്ടപ്പെട്ട യുവജനങ്ങൾക്കും, മെച്ചപ്പെട്ട ജോലിയും ജീവിതാവസ്ഥയും തേടി മറു രാജ്യങ്ങളിൽ എത്തുന്ന പ്രവാസികൾക്കും, അഭയം തേടിയെത്തുന്ന കുടിയേറ്റക്കാർക്കും, ഏകാന്തതയും ഒറ്റപ്പെടലും അനുഭവിക്കുന്ന മുതിർന്നവർക്കും, ജീവിക്കാൻ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ പോലും നഷ്ടപ്പെട്ട പാവങ്ങൾക്കും പ്രതീക്ഷയും പ്രത്യാശയും നൽകണം.

### പ്രത്യാശക്കുള്ള ആഹ്വാനം

ഭൂമിയിലെ വസ്തുക്കൾ ചുരുക്കം ചില പ്രത്യേക വ്യക്തികൾക്ക് മാത്രമായി ഉള്ളതല്ല; മറിച്ച് അവ എല്ലാവർക്കും ഉള്ളതാണ്. സമ്പന്നർ സ്വാർത്ഥരാകാതെ, പാവപ്പെട്ട തങ്ങളുടെ സഹോദരി സഹോദരന്മാരുടെ പരിതാപകരമായ സാഹചര്യങ്ങളിൽ ഉദാരതയോടെയും കാരുണ്യത്തോടെയും അവരോട് ഇടപെടണം. വിശപ്പ് ഒരു ഉതപ്പ് ആണ്. മനുഷ്യകുലത്തിന്റെ ശരീരത്തിലെ ഉണങ്ങാത്ത മുറിവാണ് അത്. ആയുധങ്ങൾ വാങ്ങിക്കൂട്ടാനും സൈനിക ചിലവുകൾ നിർവഹിക്കാനും ചെലവഴിക്കുന്ന പണം ഉപയോഗിച്ച് വിശപ്പിന് അറുതി വരുത്തണം.

സഭാകൂട്ടായ്മകൾ തമ്മിലുള്ള ഐക്യം വർധിപ്പിക്കുന്ന അവസരം ആയിരിക്കണം ഈ ജൂബിലി വർഷത്തേത്. സഭയിലെ അംഗങ്ങൾ തമ്മിലുള്ള സഹകരണവും പങ്കാളിത്തവും ഊട്ടിയുറപ്പിക്കണം. എ. ഡി. 325-ലെ നിഖ്യാ സൂനഹദോസിന്റെ 1700-ാം വാർഷികം ആഘോഷിക്കുന്ന ഈ അവസരം ഐക്യത്തിന്റേതും പരസ്പരം മനസ്സിലാക്കലിന്റേതും ആയിരിക്കണം.

### പ്രത്യാശയിൽ നങ്കൂരമുറപ്പിക്കുക

ദൈവീകപുണ്യങ്ങൾ ആയ വിശ്വാസം, ഉപവി, പ്രത്യാശ എന്നിവ തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. നമ്മിലെ വിശ്വാസത്തിനും സ്നേഹത്തിനും സാക്ഷ്യം നൽകുവാൻ നാം പ്രത്യാശയിൽ നിറയേണ്ടതുണ്ട് (റോമാ 15:13). നമ്മുടെ വിശ്വാസം സന്തോഷപൂർണ്ണമാകാനും ഉപവിയുടെ പ്രവർത്തനങ്ങൾ ഉത്സാഹം ഉള്ളതാക്കാനും പ്രത്യാശ അനിവാര്യമാണ്.

നിത്യജീവിതത്തെ കുറിച്ചുള്ള പ്രത്യാശ എല്ലാവർക്കും ഉണ്ടായിരിക്കണം. മനുഷ്യൻ ദൈവസഹായം നിരസിക്കുമ്പോൾ, നിത്യജീവനിലുള്ള പ്രത്യാശ നഷ്ടപ്പെടുത്തുമ്പോൾ അവൻ തന്റെ മഹത്വത്തെ ബലഹീനപ്പെടുത്തുകയും അതിന് ഇടിവ് വരുത്തുകയും ചെയ്യുന്നു.

പ്രിയപ്പെട്ടവരുടെ വേർപാട് വേദനാജനകമാണ്. മരണം ഒരു യാഥാർത്ഥ്യമാണ്. എന്നിരുന്നാലും നിത്യജീവിതത്തെക്കുറിച്ച് ഓർക്കാനുള്ള അവസരമായിരിക്കണം ജൂബിലി വർഷം. മരണശേഷം എല്ലാവരും ഈശോയിലാണ് നിത്യജീവൻ കണ്ടെത്തുന്നത്. പ്രത്യാശയിൽ നാം ഇപ്പോൾ അനുഭവിക്കുന്നതെല്ലാം, പിന്നീട് യാഥാർഥ്യത്തിൽ നാം കാണും. വ്യക്തിജീവിതത്തിന്റെ ഒടുവിലും ചരിത്രത്തിന്റെ അവസാനത്തിലും ദൈവത്തിന്റെ വിധിയുണ്ട്. സ്നേഹം തന്നെയായ ദൈവം നന്മ ചെയ്തവർക്ക് രക്ഷയും തിന്മ ചെയ്തവർക്ക് ശിക്ഷയും നൽകും. അവിടുന്ന് നീതിമാനാണ്.

അനുതാപത്തിന്റെ കൂദാശ സ്വീകരിക്കുന്നവരുടെ പാപങ്ങൾ ദൈവം തുടച്ചുനീക്കും. മനുഷ്യന്റെ അകൃത്യങ്ങൾ ദൈവം ക്ഷമിക്കുന്നു; സ്നേഹവും കരുണയും കൊണ്ട് അവിടുന്ന് മനുഷ്യനെ കിരീടമണിയിരിക്കുന്നു (സങ്കീ 103:34). അനുരഞ്ജന കൂദാശയിൽ നാം ദൈവവുമായി ഒന്നാകും. ജൂബിലി വർഷം ദൈവത്തിന്റെ ക്ഷമ അനുഭവിക്കാനുള്ള അവസരമാണ്.

പരിശുദ്ധ ദൈവമാതാവിലാണ് പ്രത്യാശ അതിന്റെ അതിശ്രേഷ്ഠമായ സാക്ഷ്യം കണ്ടെത്തുന്നത്. എല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച പരിശുദ്ധ അമ്മ പ്രത്യാശ നിറഞ്ഞവൾ ആയിരുന്നു. പരിശുദ്ധ അമ്മയുടെ പക്കൽ വരുന്നവർ പ്രത്യാശ ഉള്ളവരാകും. കരുതലുള്ള അമ്മ ആരെയും അനാഥരായി വിടുകയില്ല. ദൈവത്തിന്റെ വാഗ്ദാനമായ ഈശോമിശിഹായിൽ നാം പ്രത്യാശ വയ്ക്കണം. കർത്താവാണ് നമ്മുടെ പ്രത്യാശ (സങ്കീ 27:14). അവിടുത്തേക്ക് വേണ്ടിയാണ് നാം കാത്തിരിക്കേണ്ടത്.

# EPARCHY OF FARIDABAD-DELHI - PUNJAB MISSION

**Fr Cyriac Kochalumkal CST**

Punjab mission of the eparchy of Faridabad is one of the most fruitful missions of the Syro-Malabar Church where numerous priests and religious are toiling in the vineyard of the Lord. Among them, one mission is Alencon Spiritual Animation centre cum Jyothi Darshan Missiological centre, Sadik. This centre has three major mission oriented initiatives run by the Fathers of the Khrist Jyoti Province of the Little Flower Congregation (CST).

Alencon Spiritual Animation Centre is meant exclusively for the purpose of giving animation and ongoing formation for the priests and religious who desire to spend time and days to rejuvenate and reorient themselves. The programs are arranged in such a manner that they are able to spend sufficient time for prayer and personal evaluation. MSMI Sisters of the Sanjos Province, Thalassery are collaborating with the CST Fathers.

Jyothi Darshan Missiological Center aims at conducting Mission Oriented Programs such as training of the Catechists, language course for the new missionaries venturing into the mission, mission related seminars, courses and mission exposure programs for the Major Seminarians from Kerala and other Major seminaries.

Little Flower Syro-Malabar Catholic Mission, Sadik was established in the year 2020 but the pastoral and evangelization activities began on 3rd July 2023 with the inauguration of the Sanjos MSMI Convent by His Grace Kuriakose Bharanikulangara, the Bishop of the eparchy of the Faridabad-Delhi. Within a short span of time a vibrant Syro-Malabar Catholic community was established and now it spreads across 14 villages near and far. His Excellency Mar Jose Puthenveettil, the auxiliary Bishop gives able guidance to the Punjab mission. Rev. Fr. Cyriac Kochalumkal CST is the mission in-charge and Director of Alencon Spiritual Animation Center.





**Archbishop Kuriakose Bharanikulangara addressed the Bible Convention and gave the final blessing on the concluding day.**

To reach out to the peripheries and new areas for 'ad gentes' mission, Second Annual Bible Convention was conducted from 2-4 October 2024 in the compound of the center. Rev.Fr. Basil Mookkanthottathil, a priest of the Eparchy, preached the Word of God. Hundreds of people from all walks of life participated in the Bible Convention.

The center is initiating a new mode of catechism called, Khuda De Hazoori Vich (In the presence of God) by conducting a four phased catechetical program in which children aged between 5 to 18 are brought together to recite the prayers in a competitive manner. Even though it is not a competition, the children are awarded with prizes and points are given to the mission centers. The prayers are printed and given in advance for the unanimity.

# കേരളത്തിൽ തോമാശ്ലീഹാ യാത്ര ചെയ്ത വഴികൾ

ലിറ്റർജിക്കൽ റിസർച്ച് സെന്റർ പഠനപരമ്പര

റവ. ഡോ. ജെയിംസ് പുലിയുറുമ്പിൽ

ക്രിസ്തുവർഷം 42-ൽ തോമാശ്ലീഹാ ഗുജറാത്തിൽ ബറൂച്ച് തുറമുഖ പട്ടണത്തിൽ കപ്പലിറങ്ങി തന്റെ ആദ്യത്തെ പ്രേഷിതയാത്ര ആരംഭിച്ചു. അക്കാലത്ത് കച്ചവടക്കാരും യാത്രക്കാരും ഉപയോഗിച്ചിരുന്ന വഴിയിലൂടെ തന്നെയാണ് തോമാശ്ലീഹായും ബറൂച്ചിൽ എത്തുന്നത്. അവിടെ നിന്ന് ശ്ലീഹ തക്ഷശിലയിലുള്ള ഗുണ്ടഫറസ് ചക്രവർത്തിയുടെ അടുത്തേക്ക് പോയി. ബറൂച്ചിൽ നിന്ന് തക്ഷശിലയിലേക്കുള്ള വഴി ഉജ്ജയിൻ, മഥുര എന്നിവിടങ്ങളിലൂടെയാണ് കടന്നുപോയിരുന്നത്. തലസ്ഥാനനഗരിയിൽ കൊട്ടാരത്തിൽ താമസിക്കുന്ന സമയത്ത് സുവിശേഷം പ്രസംഗിച്ചത് പോലെ പോയവഴികളിലൂടെയും അദ്ദേഹം സുവിശേഷം പ്രസംഗിച്ചിട്ടുണ്ടാകണം. 42 മുതൽ 49 വരെയുള്ള തന്റെ പ്രേഷിത പ്രവർത്തനകാലത്ത് മറ്റനേകം പട്ടണങ്ങളിൽ മറ്റ് അപ്പസ്തോലന്മാരെ പോലെ തന്നെ തോമായും ഈശോയെ പ്രസംഗിച്ചിട്ടുണ്ട് എന്ന് നമുക്ക് വിശ്വസിക്കാവുന്നതാണ്.

കഷഗാറിൽ നിന്ന് പാടലീപുത്രത്തേക്കു പോകുന്ന വഴിയിൽ ആയിരുന്നു കണ്ടഹാറും തക്ഷശിലയും. മഥുരയിൽ നിന്ന് മറ്റൊരു പാത (ബാറൂച്ചിൽ നിന്നു വരുന്നത്) തക്ഷശിലയിൽ എത്തിയിരുന്നു. പാടലീപുത്രത്തേയ്



ക്കുള്ള പാതയിലാണ് യമുന, ഡൽഹി, ഗംഗ, പ്രയാഗ, കാനൂജ് തുടങ്ങിയ പട്ടണങ്ങൾ. പാടലീപുത്രത്തെ ചുറ്റുമുള്ള പട്ടണങ്ങളായ സരസ്വതി, കോസാമ്പി, ചമ്പ, താമ്രലിപ്തി, വാരണാസി മഥുര വിധിഷ എന്നിവയുമായി ബന്ധിപ്പിക്കുന്ന റോഡുകൾ ഉണ്ടായിരുന്നു. ഉജ്ജയിനെ തെക്കേഇന്ത്യയുമായി ബന്ധിപ്പിക്കുന്ന റോഡിലൂടെയാണ് തമിഴകത്ത് നിന്ന് പ്രത്യേകിച്ച് കേരളത്തിൽനിന്ന് സുഗന്ധവ്യഞ്ജനങ്ങൾ (സമുദ്രമാർഗം യൂറോപ്പിലേക്ക് പോയിരുന്നത് കൂടാതെ) ബറൂച്ചിൽ എത്തിയിരുന്നത്. അതിനാൽ തക്ഷശില, മഥുര, പാടലീപുത്ര, ഉജ്ജയിൻ, കഷഗാർ, കണ്ടഹാർ എല്ലാം ബറൂച്ചുമായി ബന്ധിപ്പിച്ചിരുന്നത് ഈ പട്ടണം വഴിയുള്ള വിദേശ കച്ചവടബന്ധത്തിന് സഹായമായിരുന്നു. ബറൂച്ചിൽ ആരംഭിച്ച തോമാശ്ലീഹായുടെ ആദ്യ പ്രേഷിതയാത്രയുടെ ചരിത്രപശ്ചാത്തലം ഇതാണെന്ന് കാണാനാകും.

വടക്കേ ഇന്ത്യയെയും തെക്കേ ഇന്ത്യയെയും ബന്ധിപ്പിച്ചിരുന്ന ഉത്തരപാത, ദക്ഷിണപാത എന്നിവയെ പറ്റിയും ചരിത്രഗ്രന്ഥങ്ങളിൽ കാണാം. സിന്ധു നാഗരികതയുടെ കാലത്ത് തന്നെ ദക്ഷിണേന്ത്യയും ഉത്തരേന്ത്യയും തമ്മിൽ നല്ല ബന്ധം ഉണ്ടായിരുന്നു. ഗംഗ പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന ഉത്തരപാതയും, ഡെക്കാൻ, തെക്കേ ഇന്ത്യ എന്നിവയെ ബന്ധിപ്പിക്കുന്ന ദക്ഷിണപാതയും യോജിച്ചിരുന്നത് ബറൂച്ചിൽ ആയിരുന്നു. അലക്സാണ്ടറിയ മുസീറീസ് അന്തർദേശീയ പാതയിലായിരുന്നു ബറൂച്ച് എന്നാണ് ചില ചരിത്രകാരന്മാരുടെ അഭിപ്രായം.

ദക്ഷിണ പാതയിലൂടെയാണ് തമിഴകത്ത് നിന്നും മലബാറിൽ നിന്നും വാണിജ്യസാമഗ്രികൾ ഗംഗ പ്രദേശത്തേക്ക് എത്തിയിരുന്നത്. ഈ മാർഗത്തിലൂടെ തന്നെയാണ് വടക്കേ ഇന്ത്യൻ രീതികളും ആര്യൻ സംസ്കാരത്തിന്റെ ഘടകങ്ങളും തെക്കേ ഇന്ത്യയിൽ എത്തുന്നത്. മൗര്യ സാമ്രാജ്യത്തിന്റെ വികാസത്തോടെയും പ്രത്യേകിച്ച് അശോകന്റെ കാലത്തെ ബുദ്ധമതത്തിന്റെ വ്യാപനത്തോടുകൂടിയും ഈ ദക്ഷിണ പാത വടക്കേ, തെക്കേ ഇന്ത്യയെ ബന്ധിപ്പിക്കുന്ന വളരെ കൂടുതൽ ഉപയോഗമുള്ള ഒരു പാതയായി തീർന്നു. ഇതിലൂടെയാണ് ജൈനരും ബുദ്ധരും ബ്രാഹ്മണരും തമിഴകത്ത് കൂടുതലായി എത്തിയിരുന്നത്. പെരിയാർ അഥവാ ചൂർണി നദിയിൽ നിന്ന് ലഭിക്കുന്ന ചവുർണെയം എന്ന പവിഴം കേരളത്തിൽനിന്ന് ഈ വഴിയാണ് വടക്കേഇന്ത്യയിൽ എത്തിയിരുന്നത് എന്ന് കൗടില്യൻ അർഥശാസ്ത്രത്തിൽ സൂചിപ്പിക്കുന്നുണ്ട്. ബറൂച്ചിൽ നിന്ന് മധ്യ ഏഷ്യയിലേക്ക് സാധനങ്ങൾ പോയിരുന്നത് ഉത്തരപാതയിലൂടെ ആണ്. അതിനാൽ ദക്ഷിണ, ഉത്തര പാതകൾ വഴിയാണ് ദക്ഷിണേന്ത്യയും ഉത്തരേന്ത്യയും മധ്യേഷ്യയുമായും മെഡിറ്ററേനിയൻ പട്ടണങ്ങളുമായും കരമാർഗം ബന്ധപ്പെട്ടിരുന്നത്. ഈ വഴികളൊക്കെ തോമാശ്ലീഹായുടെ ഭാരതത്തിലെ പ്രേഷിതയാത്രകൾക്കും സഹായിച്ചിട്ടുണ്ടാകണം.

പഴയകാലത്ത് കേരളത്തിലെ പട്ടണങ്ങളെയും പ്രദേശങ്ങളെയും തമ്മിൽ ബന്ധിപ്പിക്കുന്ന മാർഗങ്ങൾ ഉണ്ടായിരുന്നു. അവ മറ്റേതു രാജ്യത്ത് എന്നത് പോലെ ഇവിടെയും ഇന്നത്തെ രീതിയിൽ ഉള്ളവ ആയിരുന്നില്ല എന്ന് വ്യക്തം. സുഗന്ധവ്യഞ്ജനങ്ങളും മറ്റു കയറ്റുമതി വസ്തുക്കളും തുറമുഖങ്ങളിൽ എത്തിക്കുകയായിരുന്നു അവയുടെ പ്രധാന ഉദ്ദേശ്യം. മുസീറിസിലേക്ക് വന്നിരുന്ന അത്തരം പാതകളെ കുറിച്ച് പ്ലിനി, ടോളമി എന്നീ യൂറോപ്യൻ എഴുത്തുകാരുടെ ഗ്രന്ഥങ്ങളിൽ കാണാൻ കഴിയും. നദികളായിരുന്നു പഴയകാലത്തെ പ്രധാന ഗതാഗതമാർഗ്ഗം. പ്ലീനി ഇക്കാര്യം കൃത്യമായി തന്റെ 'നാച്ചുറൽ ഹിസ്റ്ററി'യിൽ എഴുതുന്നുണ്ട്. വിദേശികൾക്ക് കൊടുക്കാനുള്ള കുരുമുളക് ഉൾപ്രദേശങ്ങളിൽ നിന്ന് ചെറിയ വള്ളങ്ങളിൽ തുറമുഖ പട്ടണങ്ങളിൽ എത്തിച്ച് അവ ഗ്രീക്കു കപ്പലുകളിൽ കയറ്റിയിരുന്നു എന്ന് ഈ ഗ്രന്ഥങ്ങളിൽ വായിക്കാൻ സാധിക്കും. കേരളത്തിലെ അക്കാലത്തെ പട്ടണങ്ങളായ മുസീറിസ്, കൊല്ലം, നിലയ്ക്കൽ, പറവൂർ എല്ലാം നദിതീരങ്ങളോട് ചേർന്നായിരുന്നുവെന്ന് നമുക്കറിയാം. ഈ പട്ടണങ്ങളിലൊക്കെയാണല്ലോ തോമാശ്ലീഹാ സുവിശേഷം പ്രസംഗിച്ചതും ആദ്യ ക്രൈസ്തവ സമൂഹങ്ങൾക്ക് രൂപം കൊടുത്തതും.

# വിശുദ്ധ കുർബാനയും യുഗാന്ത്യോന്മുഖ കാഴ്ചപ്പാടുകളും



ലിറ്റർജി

ഫാ.ജോസഫ് കളത്തിൽ

**വൈദികരെ സംസ്കരിക്കുമ്പോൾ അവരുടെ തല കുഴിമാടത്തിൽ കിഴക്ക് ഭാഗത്താണ് കിടത്തിയിരുന്നത്. വൈദികർ മിശിഹായോടൊപ്പം അവരുടെ അജഗണങ്ങളെ സ്വാഗതം ചെയ്യുകയോ വിധിക്കുകയോ ചെയ്യുമെന്ന അർഥത്തിലായിരുന്നു ഇപ്രകാരം ചെയ്തിരുന്നത്.**

യുഗാന്ത്യോന്മുഖ യാഥാർഥ്യങ്ങളായ മിശിഹായുടെ രണ്ടാമത്തെ ആഗമനം, അന്ത്യവിധി എന്നിവ ക്രൈസ്തവവിശ്വാസത്തിന്റെ അവിഭാജ്യ ഘടകങ്ങളാണ്. വിശുദ്ധകുർബാന എന്നത് വാസ്തവത്തിൽ ഈ യാഥാർഥ്യങ്ങളുടെ ആഘോഷമാണ്. ഈ യാഥാർഥ്യങ്ങളെ പ്രതീക്ഷിക്കുന്നതിന്റെ ഒരു ഭാഗമായിരുന്നു പുരാതനകാലം മുതലേ ക്രൈസ്തവ പാരമ്പര്യത്തിലുണ്ടായിരുന്ന കിഴക്കിനഭിമുഖമായ പ്രാർഥന. ദൈവജനത്തിന്റെ യുഗാന്ത്യോന്മുഖ പ്രതീക്ഷയുടെ ശാരീരികമായ അവതരണമായിരുന്നു ഇത്. ആദിമസഭയെ സംബന്ധിച്ച് 'കിഴക്കിനഭിമുഖമായി നിൽക്കുക' എന്നു പറഞ്ഞാൽ 'മിശിഹായ്ക്ക് അഭിമുഖമായി നിൽക്കുക' എന്നായിരുന്നു അർഥം. സഭാപിതാവായ വി. അഗസ്റ്റിൻ തന്റെ പ്രസംഗങ്ങൾ അവസാനിപ്പിച്ചിരുന്നത് ഒരു പ്രാർഥനയോടെയാണ്. "Conversi ad Dominum' എന്നാണ് ഈ പ്രാർഥനയുടെ പേര്. വിശ്വാസികളെ കിഴക്കോട്ട് തിരിയാൻ ഒരുമിച്ചുകൂട്ടുന്നതാണ് ഈ പ്രാർഥന. അദ്ദേഹം പറയുന്നു: 'ഭൗതികമായി ഭൂമിയും സ്വർഗവും തമ്മിൽ വളരെയധികം വ്യത്യാസമുള്ളതുപോലെ ആത്മീയമായി ഒരു പാപിയും വിശുദ്ധനും തമ്മിൽ വളരെയധികം വ്യത്യാസമുണ്ട്. ഈയൊരു യാഥാർഥ്യം സൂചിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് എപ്പോൾ നാം പ്രാർഥിക്കാനായി എഴുന്നേറ്റു നിൽക്കുന്നുവോ അപ്പോൾ നാം കിഴക്കിനഭിമുഖമായി നിൽക്കുന്നത്'. [J. QUASTEN and J. C. PLUMPE eds. Ancient Christian Writers No. 5 (Westminster, 1956) 107].

ഓരോ വിശുദ്ധ കുർബാനയിലും മഹത്വത്തോടെ വരുന്ന കർത്താവിന്റെ ആഗമനം കൗദാശികമായി മുൻകൂട്ടി അവതരിപ്പിക്കപ്പെടുന്നുണ്ട്. സഭ തന്റെ രക്ഷയുടെ കൂദാശ ആഘോഷിക്കുമ്പോൾ തീർച്ചയായും കർത്താവിലേക്ക് തിരിഞ്ഞിരിക്കണം എന്ന് കിഴക്കിനഭിമുഖമായി നിലകൊള്ളുന്ന രീതി അർഥമാക്കുന്നു. ഇവിടെ കർത്താവുമായുള്ള കൂട്ടായ്മയിൽ സഭ അവളുടെ പ്രാർഥനകളും അർഥനകളും പരിശുദ്ധാത്മാവിനോടുള്ള ഐക്യത്തിൽ പിതാവിനോട് നടത്തുകയാണ് ചെയ്യുന്നത്. ഇപ്രകാരം കാർമ്മികനും ദൈവജനവും കിഴക്കിനഭിമുഖമായി നിലകൊള്ളുന്ന രീതിയിലുള്ള ബലിപീഠത്തിന്റെ ക്രമവൽക്കരണം വിശുദ്ധ കുർബാനയിലെ മിശിഹായുടെ രണ്ടാമത്തെ ആഗമനം എന്ന രഹസ്യത്തെ വെളിച്ചത്തു കൊണ്ടുവരികയാണ് ചെയ്യുന്നത്.

സീറോമലബാർസഭയുടെ വിശുദ്ധ കുർബാന സ്വർഗീയ ജെറുസലേമിലേക്ക് തീർഥാടനം ചെയ്യുന്ന ഒരു തീർഥാടകസമൂഹത്തെയാണ് ഓർമിപ്പിക്കുന്നത്. മദ്ബഹാ എന്നത് ഇവിടെ സ്വർഗത്തെ സൂചിപ്പിക്കുന്നു. ജനങ്ങൾ ദൈവാലയത്തിൽ നിൽക്കുന്ന സ്ഥലം ഭൂമിയെയും ഭൂമിയിലെ സഭയെയും സൂചിപ്പിക്കുന്നു. സീറോമലബാർസഭയുടെ പാരമ്പര്യത്തിൽ ബലിപീഠം എപ്പോഴും ദൈവാലയത്തിന്റെ കിഴക്കേയറ്റത്താണ്. മാമ്മോദീസ സ്വീകരിച്ചവരുടെ തീർഥാടനമായ വിശുദ്ധ കുർബാനയാഘോഷം എത്തിച്ചേരുന്നത് പരിശുദ്ധിയുടെ നിറകുടമായ ബലിപീഠത്തിൽ ദൈവവുമായുള്ള ഉടമ്പടി കൂട്ടായ്മയിലാണ്. വിശുദ്ധ കുർബാനയിൽ കാർമ്മികൻ മിശിഹായെ പ്രതിനിധീകരിക്കുന്നു. അദ്ദേഹം തീർഥാടകസഭയെ സ്വർഗീയ ജറുസലേമിലേക്ക് നയിക്കുകയാണ് ചെയ്യുന്നത്. [P.VAZHEEPARAMPIL, The Making and Unmaking of Tradition (Rome, 1998) 251].

ആരാധനക്രമ പണ്ഡിതനായ മൈക്കിൾ ലാങ്ങിന്റെ അഭിപ്രായത്തിൽ കിഴക്കിനഭിമുഖമായ പ്രാർഥന ബലിപീഠത്തിനും അപ്പുറത്തേക്ക് യുഗാന്ത്യോന്മുഖ പൂർത്തീകരണത്തിലേക്ക് നമ്മെ കൊണ്ടു ചെന്നെത്തിക്കുകയാണ് ചെയ്യുന്നത്. ദൈവജനത്തോടൊപ്പം ഒരേ ദിശയിലേക്ക് തിരിഞ്ഞു നിൽക്കുന്ന കാർമ്മികൻ ദൈവജനത്തെ നയിക്കുന്നത് വീണ്ടും വരാനിരിക്കുന്ന മിശിഹായുമായുള്ള സമാഗമത്തിലേക്കാണ്. ഒന്നാം സഹസ്രാബ്ദത്തിലെ മദ്ബഹകളിൽ പ്രതിനിധാനം ചെയ്യപ്പെട്ടിരുന്ന കുരിശിന്റെയോ മഹത്വീകൃതനായ മിശിഹായുടെയോ ചിത്രീകരണം വിശ്വാസസമൂഹത്തിന്റെ ഈ ഭൂമിയിലെ തീർഥാടന ലക്ഷ്യം എന്താണെന്ന് വ്യക്തമായി സൂചിപ്പിച്ചിരുന്നെന്ന് ലാങ്ങ് വ്യക്തമാക്കുന്നു. [U.M. LANG, "Turning towards the Lord :Orientation in Liturgical Prayer' (San Francisco, 2009) 107].

ചില ആധ്യാത്മിക ചിന്തകരുടെ അഭിപ്രായത്തിൽ ഇനിയും പൂർത്തിയാകാത്ത ഒരു യാഥാർഥ്യത്തെയാണ് കിഴക്ക് എന്നത് സൂചിപ്പിക്കുന്നത്. ലൗകികനായ മനുഷ്യനെ സംബന്ധിച്ച് നിലവിലുള്ള യാഥാർഥ്യത്തെക്കുറിച്ച് വൻ സംതൃപ്തനാണ്. അതിനാൽ ഇനിയും വന്നിട്ടില്ലാത്തതിനെ സൂചിപ്പിക്കുന്ന 'കിഴക്ക്' എന്ന പ്രതീകത്തെ അവൻ നിസ്സാരവൽക്കരിക്കുകയോ അവഗണിക്കുകയോ ചെയ്യുന്നു. ഈ പശ്ചാത്തലത്തിലാണ് ഒരു യുഗാന്ത്യോന്മുഖ സമൂഹം എന്ന നിലയിൽ സഭ ആരാധനക്രമപ്രാർത്ഥനകളുടെ അവസരത്തിൽ കിഴക്കോട്ട് തിരിഞ്ഞു നിൽക്കുക എന്നത് എന്തുകൊണ്ടും ഉചിതമാണെന്ന് പല ആധ്യാത്മിക പിതാക്കന്മാരും പറയുന്നത്.


ആരാധനക്രമ പണ്ഡിതനായ ജോസഫ് .എ. യുങ്ങ്മാൻ സെമിത്തേരികളിൽ യുഗാന്ത്യോന്മുഖ കാഴ്ചപ്പാട് ചിത്രീകരിക്കപ്പെട്ടതിനെക്കുറിച്ച് പറയുന്നുണ്ട്. ഉദാഹരണമായി, ആസ്ട്രിയയിലെയും ടിറോളിലെയും പഴയ സെമിത്തേരികളിലെ കല്ലറകൾ ക്രമീകരിക്കപ്പെട്ടിരിക്കുന്നത് കിഴക്കിനെ ഉദയസൂര്യനെ അഭിമുഖീകരിച്ചുകൊണ്ട് മൃതദേഹങ്ങൾ കിടക്കുന്ന രീതിയിലാണെന്ന് അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. ഇവിടെ ഏറെ കൗതുകകരമായ വസ്തുത, കല്ലറകളും അതിലെ ഫലകങ്ങളും റോഡിലേക്കോ പള്ളിയിലേക്കോ അഭിമുഖമായിട്ടല്ല പണിയപ്പെട്ടിരിക്കുന്നത് എന്നാണ്. അവയെല്ലാം റോഡിൽ നിന്നും പള്ളിയിൽ നിന്നും അകലെയായി കിഴക്കിനഭിമുഖമായിട്ടാണ് പണി കഴിച്ചിരിക്കുന്നത്. മരിച്ചുപോയവർ ഒരു വലിയ പട്ടാളവ്യൂഹത്തെപ്പോലെ ഉയിർത്തെഴുന്നേറ്റ മിശിഹായെ പ്രതീക്ഷിച്ചിരിക്കുകയാണെന്ന് ഇത് അർഥമാക്കുന്നെന്ന് യുങ്ങ്മാൻ പറയുന്നു. ഉത്ഥാനത്തിലേക്ക് തങ്ങളെ വിളിച്ചുകൂട്ടുന്നതിന് വേണ്ടി അവിടുത്തെ വിളിക്കായി അവർ കാതോർത്തിരിക്കുകയും ചെയ്യുന്നു. [J. A. JUNGMANN, "The Early Liturgy to the time of Gregory the Great'trans. F.A. BRUNNER (Ntore Dame, 1959)139].

കേരളത്തിലെ മാർത്തോമാ നസ്രാണികളുടെ മൃതസംസ്കാര രീതിയിലും യുഗാന്ത്യോന്മുഖത കാണാൻ സാധിക്കും. ഉദാഹരണമായി, അല്മായരെ സംസ്കരിക്കുമ്പോൾ അവരുടെ തല കുഴിമാടത്തിൽ പടിഞ്ഞാറ് ഭാഗത്താണ് കിടത്തിയിരുന്നത്. അവരുടെ മുഖം ഉത്ഥാനത്തിലേക്ക് നോക്കാൻ എപ്പോഴും തയ്യാറായി നിൽക്കുന്ന വിധത്തിലാണ് ഇപ്രകാരം ക്രമീകരിച്ചിരുന്നത്. എന്നാൽ വൈദികരെ സംസ്കരിക്കുമ്പോൾ അവരുടെ തല കുഴിമാടത്തിൽ കിഴക്ക് ഭാഗത്താണ് കിടത്തിയിരുന്നത്. വൈദികർ മിശിഹായോടൊപ്പം അവരുടെ അജഗണങ്ങളെ സ്വാഗതം ചെയ്യുകയോ വിധിക്കുകയോ ചെയ്യുമെന്ന അർഥത്തിലായിരുന്നു ഇപ്രകാരം ചെയ്തിരുന്നത്. [T. KOONAMMAKKAL, The Ecclesio Liturgical Identtiy of the Church of Hendo, Vol.1 (Ramapuram, 2020) 165].

# വചനം വിതയ്ക്കുന്ന വിൻസെൻഷ്യൻ സന്യാസ സമൂഹം

**ഫാ. ജോൺ കണ്ടത്തിൻകര വി. സി**





## വചനപ്രഘോഷണമേഖലയിൽ അനിഷേധ്യസ്ഥാനം അടയാളപ്പെടുത്തിയിരിക്കുന്ന വിൻസെൻഷ്യൻ സന്യാസസമൂഹത്തിന്റെ തുടക്കവും തുടർച്ചയും

വിശുദ്ധ വിൻസെന്റ് ഡി പോളിന്റെ ആത്മീയചൈതന്യത്തിൽ നിന്ന് പ്രചോദനം സ്വീകരിച്ചു വൈക്കം, തോട്ടകത്ത് 1904 നവംബർ 20-ന് മുളയെടുത്ത വിൻസെൻഷ്യൻ സന്യാസസമൂഹത്തിന് രൂപം നല്കിയതു ദൈവദാസൻ കാട്ടറാത്ത് വർക്കി അച്ചനാണ്. പാലാ രൂപതയിലെ പൂഞ്ഞാർ, കാട്ടാറത്ത് ചാണ്ടി-ത്രേസ്യാമ്മ ദമ്പതികളുടെ അഞ്ചുമക്കളിൽ രണ്ടാമനായി 1851 ഒക്ടോബർ 13-നായിരുന്നു അച്ചന്റെ ജനനം. വൈദികനാകണമെന്ന ആഗ്രഹത്തോടെ മാന്നാനം സെമിനാരിയിൽ ചേർന്ന അദ്ദേഹം 1873 റോമിൽ നിന്നുള്ള പ്രത്യേക അനുവാദത്തോടെ 22-ാം വയസ്സിൽ തിരുപ്പട്ടം സ്വീകരിച്ചു. തുടർന്ന് പല ഇടവകകളിലായി സേവനം ചെയ്തു. ഇടവകപട്ടക്കാരനായി ജീവിക്കുമ്പോഴും വനവാസിക്കടുത്ത 'തപശ്ചര്യകളാണ് അച്ചൻ പുലർത്തിപ്പോന്നിരുന്നത്. അതിന്റെ ഫലമായിട്ടായിരുന്നു വിൻസെൻഷ്യൻ സന്യാസസമൂഹത്തിന് അദ്ദേഹം രൂപം നല്കിയത്. പ്രതിസന്ധികളിലൂടെയും പ്രതിബന്ധങ്ങളിലൂടെയും കടന്നുപോയതായിരുന്നു സന്യാസസമൂഹത്തിന്റെ ആരംഭകാലം. കുറെക്കാലം നിർജീവാവസ്ഥയിലൂടെ കടന്നുപോകേണ്ടതായുംവന്നിട്ടുണ്ട് ഈ സന്യാസസമൂഹത്തിന്. 1927-ൽ ഫാ. ജോർജ് മണ്ണാറ, ആന്റണി പവ്വത്തിൽ, ജോർജ് വട്ടംകണ്ടത്തിൽ എന്നിവരിലൂടെയാണ് പിന്നീട് സമൂഹം പുനരുജ്ജീവിക്കപ്പെട്ടത്. 1968 ഫെബ്രുവരി 11-ന് പോൾ ആറാമൻ മാർപാപ്പ സന്യാസസമൂഹത്തെ പൊന്തിഫിക്കൽ തലത്തിലേക്ക് ഉയർത്തി.

1931 ഒക്ടോബർ 24-ന് വർക്കി അച്ചൻ സ്വർഗ്ഗപ്രാപ്തനായി. 2020-ൽ അച്ചൻ ദൈവദാസനായി പ്രഖ്യാപിക്കപ്പെട്ടു. ഇന്ന് വിൻസെൻഷ്യൻ സന്യാസസമൂഹം മേരി മാതാ, സെന്റ് ജോസഫ്, സെന്റ് തോമസ് എന്നീ പ്രവിശ്യകളായി തിരിഞ്ഞു ലോകമെങ്ങും ദൈവവചനം സകലസൃഷ്ടികളെയും അറിയിച്ചുകൊണ്ടിരിക്കുന്നു. അങ്കമാലി കേന്ദ്രീകരിച്ചാണ് മേരിമാതാ പ്രവിശ്യയുടെ പ്രവർത്തനങ്ങൾ. കരിസ്മറ്റിക് മുന്നേറ്റത്തിന് ചുക്കാൻ പിടിച്ച പോട്ട, ഡിവൈൻ ധ്യാനകേന്ദ്രങ്ങൾ, വചനശുശ്രൂഷ നിർവഹിക്കുന്ന ഗുഡ്നെസ് ടിവി ചാനൽ എന്നിവ ഈ പ്രവിശ്യയുടെ ഭാഗമാണ്. രണ്ടു റീജിനുകൾ ഈ പ്രവിശ്യയുടെ കീഴിലുണ്ട്. ആന്ധ്രപ്രദേശ് തെലുങ്കാന സംസ്ഥാനങ്ങളിലാണ് ഗുഡ് ഷെപ്പഡ് റീജിയൻ പ്രവർത്തിക്കുന്നത്. ടാൻസാനിയ, കെനിയ, ഉഗാണ്ട, ദുവാണ്ട എന്നീ കിഴക്കൻ ആഫ്രിക്കൻ രാജ്യങ്ങളിൽ പ്രവർത്തനമുള്ള തിരുഹൃദയ റീജിയൻ. സഭയുടെ ഏറ്റവും ഊർജ്ജസ്വലമായ ശുശ്രൂഷയുടെ മുഖങ്ങളിൽ ഒന്നാണ്. ആഫ്രിക്കയിൽ നിന്നുള്ള ദൈവവിളികൾ സഭയെ സമ്പന്നമാക്കുന്നു.

രണ്ട് മിഷനുകൾ ഈ പ്രവിശ്യയുടെ കീഴിലുണ്ട്. മഹാരാഷ്ട്ര കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സെന്റ് പോൾ മിഷനും വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സെന്റ് വിൻസെന്റ് മിഷനും.

കോട്ടയം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന സെന്റ് ജോസഫ് പ്രവിശ്യയിൽ പെടുന്ന വൈദികരും ദേശഭാഷ അതിർത്തികൾ കടന്ന് സുവിശേഷശുശ്രൂഷ ചെയ്യുന്നു. സാമൂഹികസേവനശുശ്രൂഷകളും ശുശ്രൂഷയുടെ മുഖ്യഘടകമാണ്. ഈ പ്രവിശ്യയുടെ കീഴിൽ ഒരു റീജിനും ഒരു മിഷനും ഉണ്ട്. തമിഴ്നാടും കർണാടകയും കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സെന്റ് സേവിയേഴ്സ് റീജിയൻ സുവിശേഷ പ്രഘോഷണ മേഖലയിൽ പ്രവർത്തനനിരതമാണ്. ബാംഗ്ലൂരിൽ ലോഗോസ് ഉൾപ്പെടെയുള്ള ധ്യാനകേന്ദ്രങ്ങളും സ്കൂളുകളും ഇടവകകളുംപ്രവർത്തിക്കുന്നു. കൊൽക്കത്തയ്ക്കടുത്തുള്ള ജലാൽഹള്ളി കേന്ദ്രമാക്കിയാണ് മദർതെരേസ മിഷൻ പ്രവർത്തിക്കുന്നത്. വെസ്റ്റ് ബംഗാളിലും നേപ്പാളിലും ഈ മിഷൻ വചനതീക്ഷ്ണതയിൽ ശുശ്രൂഷ ചെയ്യുന്നു.

ദില്ലി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സെന്റ് തോമസ് പ്രവിശ്യയാണ് മൂന്നാമത്തേത്. മിഷനറി ചൈതന്യത്താൽ നയിക്കപ്പെടുന്ന ഈ പ്രവിശ്യ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും ആണ് പ്രവർത്തിക്കുന്നത് മൂന്ന് മിഷനുകൾ ഈ പ്രവിശ്യയുടെ ഭാഗമാണ്. ഉത്തർപ്രദേശിൽ പ്രവർത്തിക്കുന്ന ക്രിസ്തുജ്യോതി മിഷൻ, വടക്ക് കിഴക്ക് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഡിവൈൻ മേഴ്സി മിഷൻ മധ്യപ്രദേശ്, ഛത്തീസ്ഗഡ് എന്നീ സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന ജയ് യേശു മിഷൻ. സുവിശേഷപ്രഘോഷണമാണ് ഇവിടങ്ങളിൽ കൂടുതലായും നിർവഹിക്കുന്നത്. അങ്കമാലി മേരിമാതാ പ്രോവിൻസിന്റെ പ്രൊവിൻഷ്യാളായി ഫാ.പോൾ പുതുവയും കോട്ടയം സെന്റ് ജോസഫ് പ്രോവിൻസിന്റെ പ്രൊവിൻഷ്യാളായി ഫാ. മാത്യു കാക്കാട്ടുപിള്ളിലും ന്യൂഡൽഹി സെന്റ് തോമസ് പ്രോവിൻസിന്റെ പ്രൊവിൻഷ്യാളായി ഫാ. ജോഷി കോട്ടക്കലും സേവനം ചെയ്യുന്നു. വിൻസെൻഷ്യൻ സന്യാസസമൂഹത്തിൽ നിലവിൽ 589 വൈദികരാണുള്ളത്. മേജർ സെമിനാരികളിലായി 158 പേരും മൈനർ സെമിനാരികളിലായി 146 പേരും വൈദികപരിശീലനത്തിലേർപ്പെട്ടു കൊണ്ടിരിക്കുന്നുമുണ്ട്.

വി. വിൻസെന്റ് ഡി പോളിന്റെ മൗലികമായ നവീകരണ മാതൃകയായ പോപ്പുലർ മിഷൻ ധ്യാനങ്ങൾ സഭയുടെ സജീവമായ ശുശ്രൂഷ മേഖലയാണ്. വിവിധ ഭാഷകളിൽ ഇടവകകൾ കേന്ദ്രീകരിച്ചു പോപ്പുലർ മിഷൻ നടക്കുന്നു.

പരസ്നേഹ പ്രവർത്തങ്ങളിൽ സഭയുടെ ശ്രദ്ധ പതിയുന്നു. എയ്ഡ്സ് ബാധിതർക്ക് വേണ്ടിയുള്ള ആദ്യ അഭയസദനങ്ങളിലൊന്ന് ഡിവൈൻ ധ്യാനകേന്ദ്രത്തോട് ചേർന്നാണ്. തിരുവനന്തപുരം, കോഴിക്കോട്, തലശ്ശേരി എന്നിവിടങ്ങളിലെ കാൻസർ കെയർ സെന്ററുകൾ, ഓർഫനേജുകൾ, രോഗീ ശുശ്രൂഷാ ഭവനങ്ങൾ എന്നിവയെല്ലാം സഭയുടെ പ്രവർത്തന രംഗങ്ങളാണ്.

ആരെനിക്കായി പോകുമെന്ന ചോദ്യത്തിന് എന്നെ അയച്ചാലും എന്ന് ശിരസ്സ് കുനിക്കുന്ന ജറമിയയെ പോലെയാണ് വിൻസെൻഷ്യൻ സന്യാസസമൂഹം. സുവിശേഷം വിതയ്ക്കപ്പെടേണ്ട ഇടങ്ങളിൽ നിന്നും വചനത്തിനു വേണ്ടിയുള്ള കാത്തിരിപ്പിന്റെ സ്വരമുയർന്നു വരുമ്പോൾ കർത്താവിൽ ആശ്രയിച്ചു സഭാതനയർ യാത്ര തുടരുകയാണ്, പുതിയ വചനനിലങ്ങൾ തേടി...

# ജീവന്റെ കൈത്താങ്ങുമായി എയ്ഞ്ചൽ ഡയാലിസിസ്

## ▸▸ തലശേരി അതിരൂപതയുടെ ജീവകാരുണ്യപ്രവർത്തനങ്ങളുടെ മൃദുസ്പർശമാണ് എയ്ഞ്ചൽ ഡയാലിസിസ്

വിളക്ക്

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**




ജീവൻ നൽകുവാൻ ദൈവത്തിനല്ലാതെ മറ്റാർക്കും അവകാശമില്ല. എന്നാൽ ദൈവം നൽകിയ ജീവൻ നിലനിർത്തുവാനും അതു നീട്ടികൊണ്ടുപോവാനും മനസുവച്ചാൽ മനുഷ്യന് സാധിക്കുമെന്ന് സമൂഹത്തിന് കാണിച്ചുകൊടുക്കുന്ന ജീവകാരുണ്യപദ്ധതിയാണ് തലശേരി അതിരൂപതയുടെ എയ്ഞ്ചൽ ഡയാലിസിസ്. ജീവകാരുണ്യ പ്രവർത്തനമേഖലകളിൽ നിരവധി മുന്നേറ്റങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന അതിരൂപത വലിയ പ്രാധാന്യത്തോടെയാണ് സൗജന്യ എയ്ഞ്ചൽ ഡയാലിസിസിനെ കാണുന്നത്. മാർ ജോർജ് ഞരളക്കാട്ട് പിതാവിന്റെ പൗരോഹിത്യ സുവർണ്ണജൂബിലിയോട് അനുബന്ധിച്ച് 2022-ലാണ് എയ്ഞ്ചൽ [ANGEL Archbishop Njaralakatt George's Envision for Life] ഡയാലിസിസ് കർമ്മപദ്ധതി അതിരൂപത ആവിഷ്കരിച്ചത്. ജാതിമതവ്യത്യാസമില്ലാതെ പാവപ്പെട്ടവരായ കിഡ്നിരോഗികൾക്ക് ഇവിടെ സൗജന്യ ഡയാലിസിസ് നൽകിവരുന്നു.

ചികിത്സാ ചിലവുകൾ താങ്ങാൻ ആവാത്തതിനാൽ ഡയാലിസിസുകൾ കൃത്യമായി ചെയ്യാതെ മരണത്തോട് മല്ലടിക്കുന്ന നിരവധിപേർ ചുറ്റുപാടുകളിലുണ്ടെന്ന തിരിച്ചറിവിൽ നിന്നാണ് മാർ ജോസഫ് പാംപ്ലാനി പിതാവ് ഈ നവകർമ്മ പദ്ധതിക്ക് തുടക്കം കുറിച്ചത്. അതിരൂപതാസ്ഥാപനമായ കരുവഞ്ചാൽ ഹോസ്പിറ്റലിലും ഇരിട്ടി കടത്തുംകടവ് സെന്ററിലും ചെമ്പേരി വിമല ഹോസ്പിറ്റലിലും ഡയാലിസിസ് സെന്ററുകൾ പ്രവർത്തിക്കുന്നു. മെഡിക്കൽ വെന്റിലേറ്റർ ഉൾപ്പെടെയുള്ള അത്യാധുനിക സംവിധാനങ്ങളോടുകൂടിയ മെഷീനുകളുടെയും വിദഗ്ധരായ ആരോഗ്യപ്രവർത്തകരുടെയും സേവനവും സജ്ജമാക്കിക്കൊണ്ട് എയ്ഞ്ചൽ ഡയാലിസിസ് സെന്ററുകളുടെ പ്രവർത്തനം മികച്ച രീതിയിൽ നടന്നുവരുന്നു.

140 കിഡ്നി രോഗികൾക്ക് ഈ നാല് സെന്ററുകളിലൂടെ ചികിത്സ നൽകുന്നു. ഓരോ ആഴ്ചയിലും രണ്ടും മൂന്നും തവണ ഡയാലിസിസ് മിക്ക രോഗികൾക്കും നൽകേണ്ടതുള്ളതിനാൽ ഒരുമാസം ഏകദേശം 1400-ൽ പരം ഡയാലിസിസ് നടക്കുന്നുണ്ട്. ഇതിനായി ഏതാണ്ട് 12,60000 രൂപ ചിലവ് വരുന്നുണ്ട്. നിശ്ചിതതുക സംഭാവന ചെയ്യാൻ സന്നദ്ധതയുള്ള എല്ലാ സുമനസ്സുകളുടെയും ഫൊറോനകളുടെയും സഹായസഹകരണത്തോടെയാണ് ഈ പദ്ധതി വിജയകരമായി നടപ്പിലാക്കുന്നത്. അതിരൂപതയിലെ വൈദികരുടെയും സന്ന്യസ്തരുടെയും ഇടവകാംഗങ്ങളുടെയും വിവിധ സംഘടനകളുടെയും സ്ഥാപനങ്ങളുടെയും അകമഴിഞ്ഞ സഹായസഹകരണങ്ങളും എയ്ഞ്ചൽ ഡയാലിസിസ് സെന്ററിന് ലഭിക്കുന്നുണ്ട്. ഫൊറോന, ഇടവക തലങ്ങളിൽ ഡയാലിസിസ് പദ്ധതി ഏകോപിപ്പിച്ച് നടപ്പിലാക്കാൻ പ്രത്യേക കമ്മിറ്റികളും പ്രവർത്തിക്കുന്നു.

**▶▶ നീതി നിവസിക്കുന്ന പുതിയ ആകാശവും പുതിയ ഭൂമിയും ദൈവം നമുക്കായി ഒരുക്കിയിട്ടുണ്ട്. അത് മനുഷ്യഹൃദയത്തിൽ സമാധാനത്തിനു വേണ്ടിയുള്ള എല്ലാ അഭിലാഷങ്ങളെയും പൂർത്തിയാക്കുന്നതും അതിശയിക്കുന്നതുമാണ്. അവിടെ സ്നേഹവും അതിന്റെ പ്രവർത്തനങ്ങളും നിലനിൽക്കും. ദൈവം മനുഷ്യനുവേണ്ടി സൃഷ്ടിച്ചവയെല്ലാം വ്യർഥതയുടെ അടിമത്തത്തിൽ നിന്നു സ്വതന്ത്രമാകും"**

ഒന്നാം പേജ് തുടർച്ച

അപ്പോഴാകട്ടെ മുഖാഭിമുഖം ദർശിക്കും. ഇപ്പോൾ ഞാൻ ഭാഗികമായി അറിയുന്നു; അപ്പോഴാകട്ടെ ദൈവം എന്നെ പൂർണ്ണമായി അറിയുന്നതുപോലെ ഞാനും പൂർണ്ണമായി അറിയും" (1 കോറി 13:12).

ദൈവത്തിന്റെ സ്നേഹവും സൗഹൃദവും സ്വതന്ത്രമായി സ്വീകരിക്കുന്ന അവസ്ഥയാണ് സ്വർഗത്തിലെ സന്തോഷം എന്നത്. എപ്പോഴും കർത്താവിനോടുകൂടെ ആയിരിക്കുന്ന അവസ്ഥയാണത് (1 തെസ 4:17). ദൈവദർശനം മാനുഷികശക്തിക്കും കഴിവിനും അതീതമാണ്. അത് പൂർണ്ണമായും ദൈവത്തിന്റെ ദാനമാണ്. ദൈവികജീവനിലുള്ള പൂർണമായ പങ്കാളിത്തവും ദൈവദർശനവുമാണ് സ്വർഗത്തിൽ നമുക്ക് ലഭിക്കുന്നത്. മനുഷ്യൻ നേരിട്ടു ധ്യാനിക്കേണ്ടതിനായി ദൈവം തന്റെ രഹസ്യം അവനു തുറന്നു കൊടുക്കുകയും ധ്യാനിക്കാൻ അവനു കഴിവു നൽകുകയും ചെയ്യുന്നു. സ്വർഗീയമഹത്വത്തിലുള്ള ദൈവിക ധ്യാനമാണത് (കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം 1028).

## നരകം

"ദൈവത്തോടും വാഴ്ത്തപ്പെട്ടവരോടും ഉള്ള സംസർഗ്ഗത്തിൽ നിന്നും സുനിശ്ചിതമായി നമ്മെത്തന്നെ വേർപെടുത്തി നിർത്തുന്ന അവസ്ഥയെ നരകം എന്നു വിളിക്കുന്നു. വിശ്വസിക്കാനും മാനസാന്തരപ്പെടാനും ജീവിതാവസാനംവരെ വിസമ്മതിക്കുന്നവരുടെ അവസ്ഥയാണത്" (കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം 1033,1034).

ദൈവം കാരുണ്യവാനാണ്; എല്ലാവരോടും ക്ഷമിക്കുന്നവനാണ്. ഒരുവൻപോലും നശിച്ചുപോകരുതെന്നാണ് അവിടുന്ന് ആഗ്രഹിക്കുന്നത്. അതേസമയം ഓരോരുത്തർക്കും അവരവരുടെ പ്രവൃത്തികൾക്കനുസൃതമായി പ്രതിഫലം നൽകുന്നവനുമാണ് ദൈവം. ദൈവത്തിന്റെകരുണയെപ്പോലെഅവിടുത്തെ നീതിയും അനന്തമാണ്.

നരകത്തിൽ പോകാൻ ദൈവം ആരെയും മുൻകൂട്ടി നിശ്ചയിക്കുന്നില്ല. ആരും നശിക്കാതിരിക്കാനും, എല്ലാവരും പശ്ചാത്താപത്തിലേക്കു വരാനുമാണ് അവിടുന്ന് ആഗ്രഹിക്കുന്നത്. എന്നാൽ തന്റെ നിത്യമായ ഭാഗധേയം മുന്നിൽ കണ്ടുകൊണ്ട് സ്വാതന്ത്ര്യം ഉപയോഗിക്കുവാൻ മനുഷ്യന് ഉത്തരവാദിത്വമുണ്ട്. ഈ ഉത്തരവാദിത്വത്തിലേക്കുള്ള ആഹ്വാനമാണ് നരകത്തെ സംബന്ധിക്കുന്ന വിശുദ്ധ ഗ്രന്ഥ പ്രസ്താവനകളും സഭാപ്രബോധനങ്ങളും നൽകുന്നത്. മാനസാന്തരത്തിലേക്കുള്ള വിളികൂടിയാണത് (കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം 1036–1037).

ദൈവം ആരെയും നിരാകരിക്കുന്നില്ല. എന്നാൽ ദൈവവുമായി ഐക്യപ്പെടാൻ മന:പൂർവ്വം വിസമ്മതിക്കുന്നവർ തങ്ങളുടെ സ്വതന്ത്രതീരുമാനത്തിലൂടെ ദൈവത്തിൽ നിന്ന് അകലുകയാണ്. ദൈവത്തിൽ നിന്ന് എന്നേക്കുമായി അകലുന്നതാണ് നരകം. നരകം ദൈവം ആരുടെ മേലും അടിച്ചേൽപ്പിക്കുന്നതല്ല. അവിടുന്ന് ആർക്കുവേണ്ടിയും നരകം സൃഷ്ടിച്ചിട്ടില്ല. ദൈവം എല്ലാവരെയും നിത്യസൗഭാഗ്യത്തിനായാണ് സൃഷ്ടിച്ചത്. എന്നാൽ നരകം ഒരു യാഥാർഥ്യമാണ്. അത് മനുഷ്യൻ ഈ ഭൂമിയിൽ വെച്ചുതന്നെ നിത്യത്വത്തിലേക്ക് തനിക്കുവേണ്ടി ഉണ്ടാക്കിയെടുക്കുന്നതാണ്.

## ക്രിസ്തുവിന്റെ ദ്വിതീയാഗമനം

ജീവിക്കുന്നവരെയും മരിച്ചവരെയും വിധിക്കാൻ സമയത്തിന്റെ പൂർണ്ണതയിൽ ഈശോ വരുമെന്ന് നാം വിശ്വസിക്കുന്നു. ക്രിസ്തുവിന്റെ വരവിനെ സൂചിപ്പിക്കാൻ 'പരൂസിയ' എന്ന ഗ്രീക്കു പദമാണ് ഉപയോഗിക്കുന്നത്. ഈ പദത്തിന്റെ അർഥം 'സാന്നിധ്യം', 'ആഗമനം', 'പ്രത്യക്ഷപ്പെടൽ' എന്നൊക്കെയാണ്. യുഗാന്ത്യത്തിൽ സംഭവിക്കാനിരിക്കുന്ന ക്രിസ്തുവിന്റെ ദ്വിതീയാഗമനത്തെ ഉദ്ദേശിച്ചാണ് ഈ പദം ഉപയോഗിച്ചിരിക്കുന്നത് (മത്താ 24:3,27,30; 1 കോറി 15:23; 16:17; 2 കോറി 7:6; 10:10; ഫിലി 1:26; 2:12; 1 തെസ 2:19; 3:13; 4:15; 5:23; 2 തെസ 2:1; യാക്കോ 5:7; 2 പത്രോ 3:4–12; 1യോഹ 2:28). 'പരൂസിയ' എന്ന പദം കൂടാതെ, 'എപ്പിഫാനിയ' 'അപ്പോകലിപ്സിസ്' എന്നീ പദങ്ങളും കർത്താവിന്റെ ദ്വിതീയാഗമനത്തെ സൂചിപ്പിക്കാനായി ഉപയോഗിക്കുന്നുണ്ട്. 'എപ്പിഫാനിയ' (1 തിമോ 6:14; 2 തിമോ 4:1) എന്ന പദം അർത്ഥമാക്കുന്നത് എന്തിന്റെയെങ്കിലും പ്രത്യക്ഷപ്പെടലിനെയാണ്. 'അപ്പോകലിപ്സിസ്' എന്ന പദത്തിന്റെ അർഥം 'വെളിപ്പെടുത്തുക' അല്ലെങ്കിൽ 'മറഞ്ഞിരിക്കുന്ന ഒന്നിനെ വെളിച്ചത്തു കൊണ്ടുവരിക' എന്നൊക്കെയാണ്. യേശുവിന്റെ ദ്വിതീയാഗമനത്തെ സൂചിപ്പിക്കാൻ മറ്റു പ്രയോഗങ്ങളും പുതിയനിയമത്തിൽ ഉപയോഗിച്ചിട്ടുണ്ട്. 'കർത്താവിന്റെ ദിവസം' (1 കോറി 1:18; 2 പത്രോ 3:10) 'ദൈവത്തിന്റെ ദിവസം' (1 കോറി 5:5; 1 തെസ 5:2; 2 തെസ 2:2), 'മനുഷ്യപുത്രന്റെ ദിവസം' (ലൂക്കാ 12: 22; 24:26–30) 'ക്രിസ്തുവിന്റെ ദിവസം' (ഫിലി 1:6,10; 2:16) 'കോപത്തിന്റെ ദിവസം' (1 തെസ 5:4; ഹെബ്രാ 10:20) എന്നിവയാണവ.

ഈശോയുടെ ദ്വിതീയാഗമനത്തിനുമുമ്പ് സംഭവിക്കുമെന്ന് സുവിശേഷങ്ങളിൽ പറയുന്ന കാര്യങ്ങളിൽ (മത്താ 24:3–31; മർക്കോ 13: 313; ലൂക്കാ 21: 7–19) ജെറുസലമിന്റെ നാശത്തെക്കുറിച്ചും യുഗാവസാനത്തെക്കുറിച്ചുമുള്ള കാര്യങ്ങൾ ഇടകലർന്നിരിക്കുകയാണ്. അതുകൊണ്ടുതന്നെ, സുവിശേഷങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന അടയാളങ്ങളെ വ്യാഖ്യാനിക്കുക ശ്രമകരമായ ഒന്നാണ്.

ഈശോയുടെ ദ്വിതീയാഗമനം ഉടനെയുണ്ടാകുമെന്ന് ആദിമക്രിസ്ത്യാനികൾ വിശ്വസിച്ചിരുന്നു (1 തെസ 4:13–18). വെളിപാടുപുസ്തകം 22:20–ൽ കാണുന്നതുപോലെ "മാറാനാത്ത – 'കർത്താവേ, വരണമേ" എന്ന് അവർ പ്രാർഥിച്ചിരുന്നു. എന്നാൽ ഈശോയുടെ ദ്വിതീയാഗമനത്തിനു കാലതാമസം വന്നതോടെ, അത് ഉടനെ ഉണ്ടാകില്ലെന്ന് അവർക്ക് ബോധ്യമായി. കർത്താവിന്റെ രണ്ടാംവരവ് ഉണ്ടാകുക എന്നതാണ് സുപ്രധാനമെന്ന് അവർക്കു മനസ്സിലായി. ഈ ബോധ്യമാണ് 2 പത്രോ 3:8–9 പങ്കുവയ്ക്കുന്നത്. "കർത്താവിന്റെ മുമ്പിൽ ഒരു ദിവസം ആയിരം വർഷങ്ങൾ പോലെയും ആയിരം വർഷങ്ങൾ ഒരു ദിവസം പോലെയുമാണ് എന്നകാര്യം നിങ്ങൾ വിസ്മരിക്കരുത്. കാലവിളംബത്തെക്കുറിച്ച് ചിലർ വിചാരിക്കുന്നതുപോലെ കർത്താവ് തന്റെ വാഗ്ദാനങ്ങൾ പാലിക്കുന്നതിൽ താമസം വരുത്തുന്നില്ല. ആരും നശിച്ചുപോകാതെ അനുതപിക്കണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നതുകൊണ്ട് നിങ്ങളോട് ദീർഘക്ഷമ കാണിക്കുന്നുവെന്നേയുള്ളൂ." കർത്താവ് എപ്പോൾ വരുമെന്നതിനെക്കുറിച്ച് ആകുലപ്പെടാതെ ജീവിതത്തിൽ സമൂലപരിവർത്തനം വരുത്തുകയാണ് വേണ്ടതെന്ന് ഈ തിരുവചനഭാഗം ഓർമ്മിപ്പിക്കുന്നു.

യേശുക്രിസ്തുവിന്റെ മഹത്വപൂർണ്ണമായ ദ്വിതീയാഗമനം നമ്മുടെ അടിസ്ഥാനവിശ്വാസസത്യങ്ങളിൽ ഒന്നാണ്. പക്ഷേ അത് എന്നാണ് സംഭവിക്കുകയെന്ന് നമുക്കാർക്കും അറിയില്ല. 'ആ ദിവസത്തെക്കുറിച്ചോ മണിക്കൂറിനെക്കുറിച്ചോപിതാവിനല്ലാതെ മറ്റാർക്കും, സ്വർഗ്ഗത്തിലെ ദൂതന്മാർക്കോ പുത്രനുപോലുമോ അറിഞ്ഞുകൂടാ' (മത്താ 24:36; മർക്കോ 13:32) എന്നാണ് ഈശോ ഇതേക്കുറിച്ച് പറഞ്ഞിരിക്കുന്നത്. അതിനാൽ ഇന്ന് പലരും നടത്തുന്ന ലോകാവസാനപ്രവചനങ്ങൾക്ക് വിശുദ്ധഗ്രന്ഥത്തിൽ അടിസ്ഥാനമില്ല.

ക്രിസ്തുവിന്റെ ദ്വിതീയാഗമനത്തോടെ മരിച്ചവരുടെ പുനരുത്ഥാനം, പൊതുവിധി, പുതുലോകസൃഷ്ടി എന്നിവയെല്ലാം സംഭവിക്കുന്നു. ദൈവികപദ്ധതിയുടെ പൂർത്തീകരണമാണ് ഇവിടെ സംഭവിക്കുന്നത്. ദൈവത്തിന്റെ നീതിയും, ക്രിസ്തുവിന്റെ വിജയവും പരസ്യമായി പ്രദർശിപ്പിക്കപ്പെടുന്ന അവസരമാണത്.

## മരിച്ചവരുടെ പുനരുത്ഥാനം

മരണത്തിൽ ആത്മാവും ശരീരവും വേർപ്പെടുന്നു. ആത്മാവ് ദൈവത്തെ കണ്ടുമുട്ടാനായി യാത്രയാവുന്നു; മനുഷ്യശരീരം ഭൂമിയിൽ ജീർണ്ണിക്കുന്നു. ആത്മാവ് മഹത്വീകൃത ശരീരവുമായുള്ള പുനരൈക്യത്തിനായി കാത്തിരിക്കുന്നു. അവസാനദിവസം ദൈവം നമ്മുടെ ശരീരങ്ങളെ ആത്മാക്കളോടു വീണ്ടും ചേർത്ത് നമുക്ക് അനശ്വരമായ ജീവിതം പ്രദാനം ചെയ്യുന്നു. നമ്മുടെ കർത്താവിന്റെ രണ്ടാംവരവിൽ എല്ലാവരും, ശിഷ്ടരും ദുഷ്ടരും ശരീരങ്ങളോടുകൂടെ ഉയിർത്തെഴുന്നേൽക്കും. അന്ത്യവിധിക്കുമുമ്പായി എല്ലാ മരിച്ചവരുടെയും – നീതിമാന്മാരുടെയും നീതിരഹിതരുടെയും–ഉത്ഥാനം ഉണ്ടാകും (കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം 997, 1001, 1038).

ദുഷ്ടരും ശിഷ്ടരും ഉയിർക്കുമെങ്കിലും ദുഷ്ടരുടേത് ശിക്ഷയുടെ ഉയിർപ്പാണ് (മത്താ 25:31; യോഹ 5:29). മരിച്ചവരെല്ലാവരും ഉയിർത്തെഴുൽക്കും. നന്മചെയ്തവർ ജീവന്റെ ഉയിർപ്പിലേക്കും തിന്മപ്രവർത്തിച്ചവർ വിധിയുടെ ഉയിർപ്പിലേക്കും. ഈശോ ശരീരത്തോടെയാണ് ഉയിർത്തെഴുന്നേറ്റത്. എന്നാൽ, അവിടുന്ന് ഭൗമികജീവിതത്തിലേക്കു തിരിച്ചുവന്നില്ല. ഇതുപോലെ, നാമെല്ലാവരും ഇപ്പോൾ നമുക്കുള്ള ശരീരങ്ങളോടെ ഉത്ഥാനം ചെയ്യും. പക്ഷേ, ഈ ശരീരം മഹത്വപൂർണ്ണമായ ശരീരമായി രൂപാന്തരപ്പെടും; ആധ്യാത്മികശരീരമായി മാറും. മരിച്ചവരുടെ ഉത്ഥാനമെന്നത് മനുഷ്യന്റെ ഭാവനയ്ക്കും ഗ്രഹണശക്തിക്കും അതീതമായ കാര്യമാണ്. വിശ്വാസത്തിന്റെ തലത്തിൽ മാത്രം ഉൾക്കൊള്ളാവുന്ന സത്യമാണത് (കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം 998–1000).

## അന്ത്യവിധി

അന്ത്യവിധിയിൽ ഓരോ മനുഷ്യനും ദൈവത്തോടുള്ള ബന്ധം എന്താണെന്ന് വെളിപ്പെടുത്തപ്പെടും. ഓരോ മനുഷ്യനും തന്റെ ഭൗമിക ജീവിതത്തിൽ ചെയ്തതും ഉപേക്ഷിച്ചതുമായ നന്മ അതിന്റെ അനന്തരഫലങ്ങളോടൊപ്പം വ്യക്തമാക്കപ്പെടും. കൂടാതെ സൃഷ്ടിമുഴുവന്റെയും രക്ഷാപദ്ധതിയുടെയും പരമമായ അർഥം നാം അറിയുന്നത് അന്ത്യവിധിയിലാണ് (കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം 1039–1040).

ഈശോയാണ് വിധിയാളൻ എന്ന് അവിടുന്നുതന്നെ വ്യക്തമാക്കിയിട്ടുണ്ട്. "മനുഷ്യപുത്രൻ എല്ലാ ദൂതന്മാരോടുംകൂടെമഹത്വത്തിൽഎഴുന്നെള്ളുമ്പോൾഅവൻതന്റെമഹിമയുടെ സിംഹാസനത്തിൽ ഉപവിഷ്ടനാകും. അവന്റെ മുമ്പിൽ എല്ലാ ജനതകളും ഒരുമിച്ചുകൂട്ടപ്പെടും. ഇടയൻ ചെമ്മരിയാടുകളെ കോലാടുകളിൽനിന്നു വേർതിരിക്കുന്നതുപോലെ അവൻ അവരെ തമ്മിൽ വേർതിരിക്കും" (മത്താ 25: 31–32).

അന്ത്യവിധിയുടെ മാനദണ്ഡം എന്താണെന്നു ഈശോ വ്യക്തമാക്കിയിട്ടുണ്ട് (മത്താ 25:31–46). ഈ ലോകജീവിതത്തിൽ ക്രിസ്തുവിനോടും, അവിടുത്തെ മൂല്യങ്ങളോടുമുള്ള മനോഭാവവും മറ്റുള്ളവരോടുള്ള മനോഭാവവും പ്രവൃത്തികളുമാണ് വിധിയുടെ മാനദണ്ഡം. മറ്റുവാക്കുകളിൽ പറഞ്ഞാൽ, ക്രിസ്തുവിനെ പരോക്ഷമായോ പ്രത്യക്ഷമായോ സ്വീകരിക്കുകയാണോ തിരസ്ക്കരിക്കുകയാണോ എന്നതാണ് വിധിയുടെ മാനദണ്ഡം. 'മഹത്വപൂർണ്ണനായ ക്രിസ്തു ജീവിക്കുന്നവരെയും മരിച്ചവരെയും വിധിക്കാൻ സമയത്തിന്റെ അന്ത്യത്തിൽ വരുമ്പോൾ അവിടുന്നു ഹൃദയങ്ങളുടെ നിഗൂഢഭാവങ്ങളെ വെളിപ്പെടുത്തും. ഓരോ മനുഷ്യനും അവന്റെ പ്രവൃത്തികൾക്ക് അനുസൃതമായും കൃപാവരത്തിന്റെ സ്വീകരണത്തിനോ തിരസ്ക്കരണത്തിനോ അനുസൃതമായും പ്രതിഫലം നൽകും' (കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം 682).

## പുതുലോകസൃഷ്ടി, നിത്യജീവിതം

വെളിപാട് പുസ്തകത്തിൽ പുതിയ ആകാശത്തെയും പുതിയ ഭൂമിയെയുംകുറിച്ചുള്ള വിവരണമുണ്ട് (വെളി 21:1–4). യുഗാന്ത്യത്തിൽ എന്താണ് സംഭവിക്കുക എന്ന് വെളിപാട്ഗ്രന്ഥകാരൻ വ്യക്തമാക്കുന്നു. ദൈവം എന്നും തന്റെ ജനത്തോടൊപ്പം വസിക്കുന്ന, ദുഃഖമോ വേദനയോ ഇല്ലാത്ത അവസ്ഥയാണത്. ദൈവവും മനുഷ്യനും തമ്മിലുള്ള കൂട്ടായ്മ മാത്രമല്ല, പ്രപഞ്ചം മുഴുവൻ രക്ഷയിൽ പങ്കുപറ്റും. വി. പൗലോസ് ശ്ലീഹാ പ്രസ്താവിക്കുന്നതുപോലെ, "സൃഷ്ടി ജീർണ്ണതയുടെ അടിമത്തത്തിൽനിന്നു മോചിതമാകുകയും ദൈവമക്കൾ സ്വാതന്ത്ര്യംപ്രാപിക്കുകയുംചെയ്യും. സമസ്തസൃഷ്ടികളും ഒന്നുചേർന്ന് ഇതുവരെയും ഈറ്റുനോവനുഭവിക്കുകയും നെടുവീർപ്പെടുകയും ചെയ്യുന്നു എന്നു നമുക്കറിയാം" (റോമാ 8:21–22).

പുതുലോകസൃഷ്ടിയിൽ എല്ലാ നന്മയായതും സത്യമായതും ദൈവം സംരക്ഷിക്കുമെന്നാണ് സഭ വിശ്വസിക്കുകയും പ്രത്യാശിക്കുകയും ചെയ്യുന്നത്. രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നതുപ്പോലെ, "ലോകത്തിന്റെയും മനുഷ്യരാശിയുടെയും അന്തിമഘട്ടം നമുക്കജ്ഞാതമാണ്. പ്രപഞ്ചരൂപാന്തരത്തിന്റെ ഭാവിസവിശേഷതകളും നമുക്കറിഞ്ഞുകൂടാ. പാപകലുഷിതമായ ഈ ലോകത്തിന്റെ രൂപം കടന്നുപോകും. നീതി നിവസിക്കുന്ന പുതിയ ആകാശവും പുതിയ ഭൂമിയും ദൈവം നമുക്കായി ഒരുക്കിയിട്ടുണ്ട്. അത് മനുഷ്യഹൃദയത്തിൽ സമാധാനത്തിനുവേണ്ടിയുള്ള എല്ലാ അഭിലാഷങ്ങളെയും പൂർത്തിയാക്കുന്നതും അതിശയിക്കുന്നതുമാണ്. അവിടെ സ്നേഹവും അതിന്റെ പ്രവർത്തനങ്ങളും നിലനിൽക്കും. ദൈവം മനുഷ്യനുവേണ്ടി സൃഷ്ടിച്ചവയെല്ലാം വ്യർഥതയുടെ അടിമത്തത്തിൽ നിന്നു സ്വതന്ത്രമാകും" (സഭ ആധുനിക ജീവിതത്തിൽ 39).

മനുഷ്യൻ ഈ ലോകത്തുവച്ച് നേടിയിട്ടുള്ള സത്യമായതും നന്മയായതുമായ എല്ലാം ദൈവം സംരക്ഷിക്കും. അവ എല്ലാ അപൂർണ്ണതകളിൽനിന്നും സ്വതന്ത്രമാക്കപ്പെട്ട് നിത്യജീവിതത്തിൽ നിത്യമായ സ്ഥാനം നേടും. കാരണം ഈ ലോകത്തിലെ നന്മയും സത്യവുമായിട്ടുള്ളതുമെല്ലാം ദൈവികനന്മയുടെ പ്രകാശനങ്ങളാണ്.

നിത്യത എന്നത് ദൈവത്തെ സംബന്ധിച്ച് നമുക്ക് പറയാവുന്ന കാര്യമാണ്. ദൈവത്തിന് ആദിയുമില്ല, അന്ത്യവുമില്ല. ജീവന്റെയും അസ്തിത്വത്തിന്റെയും പൂർണ്ണതയാണ് നിത്യത എന്നു പറയാം. അതേസമയം ഈ ലോകത്തിൽ നാം പറയുന്ന സമയത്തിന്റെ നിഷേധമല്ല നിത്യത. നിത്യതയെ സമയത്തിന്റെ അവസാനമില്ലാത്ത തുടർച്ചയായി മനസ്സിലാക്കേണ്ടതില്ല. നമ്മുടെ ചരിത്രവും സമയവും ദൈവത്താൽ പൂർത്തീകരിക്കപ്പെടുന്ന അവസ്ഥയാണ് നിത്യത. അപ്രകാരം ചിന്തിക്കുമ്പോൾ നമ്മുടെ ചരിത്രത്തിലൂടെയും സമയത്തിലൂടെയും നിറവേറപ്പെടുന്നതാണ് നിത്യത.

നിത്യജീവിതത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ ഈ ലോകജീവിതത്തിന്റെ മാനദണ്ഡങ്ങൾ വെച്ചു മാത്രം ചിന്തിക്കുന്നതിൽ ഏറെ പരിമിതികളുണ്ട്. എങ്കിലും, സ്വർഗീയ മഹത്വത്തിൽ പ്രവേശിക്കുമ്പോൾ നാം മാനുഷികതയുടെ എല്ലാവശങ്ങളിലും പൂർണത പ്രാപിച്ചവരായിരിക്കും. രോഗങ്ങൾക്കും സഹനങ്ങൾക്കും അവിടെ സ്ഥാനമില്ല. നമ്മുടെ മാനുഷികത മുഴുവൻ ദൈവികസ്നേഹത്താലും കൃപയാലും നവീകരിക്കപ്പെടും; പൂർണ്ണമാക്കപ്പെടും. നാം ഏതുപ്രായത്തിലാണ് മരിക്കുന്നത് എന്നതോ, ഏത് രോഗാവസ്ഥയിലാണ് മരിക്കുന്നത് എന്നോ ഒന്നും നിത്യജീവിതത്തിൽ പ്രാധാന്യമുള്ള കാര്യങ്ങളല്ല.

## ഉപസംഹാരം

നമുക്ക് ഈ ഭൂമിയിൽ ഒരു ജീവിതമേയുള്ളൂ (ഹെബ്രാ 9:27). ദൈവം തന്റെ സ്നേഹവും കൃപയും നമുക്ക് നൽകുന്നു. അത് സ്വീകരിക്കാനോ നിഷേധിക്കാനോ നമുക്ക് സ്വാതന്ത്ര്യമുണ്ട്. നാം ഈ ഭൗമിക ജീവിതത്തിൽ എടുക്കുന്ന തീരുമാനങ്ങൾക്ക് നിലനിൽക്കുന്ന അനന്തരഫലങ്ങൾ ഈ ജീവിതത്തിലും മരണാനന്തരജീവിതത്തിലും ഉണ്ട്. നമ്മുടെ മുമ്പിൽ ജീവന്റെയും മരണത്തിന്റെയും മാർഗങ്ങൾ ഉണ്ട്. ജീവന്റെ വഴിയിലേക്ക് ദൈവം നമ്മെ നിരന്തരം ക്ഷണിക്കുകയും തന്റെ കൃപകൊണ്ട് നമ്മെ സഹായിക്കുകയുംചെയ്യുന്നുണ്ടെങ്കിലും, അതെല്ലാം നിരാകരിച്ച് മരണത്തിന്റെ വഴിയിലൂടെ ചരിക്കാൻ നമുക്ക് സ്വാതന്ത്ര്യമുണ്ട്. കാരണം ദൈവം നമ്മുടെ സ്വാതന്ത്ര്യത്തെ മാനിക്കുന്നു. ഈ അർഥത്തിൽ നിത്യരക്ഷയും നിത്യശിക്ഷയും ഈ ഭൂമിയിൽ നടത്തുന്ന തിരഞ്ഞെടുപ്പുകളെ ആശ്രയിച്ചാണിരിക്കുന്നത്. ഭൗമികജീവിതത്തെ വേണ്ടത്ര ഗൗരവത്തോടും തികഞ്ഞ ഉത്തരവാദിത്വത്തോടെയും സമീപിക്കണമെന്നാണ് ക്രിസ്തീയവിശ്വാസം പഠിപ്പിക്കുന്നത്.

# ലോകത്തിന്റെ നിലവിളി കേൾക്കുന്ന ഒരു സഭയ്ക്കായുള്ള മാർപാപ്പയുടെ ആഹ്വാനത്തോടെ ആഗോള മെത്രാൻ സിനഡിന് സമാപനം



വത്തിക്കാൻ: നമ്മുടെ കാലം അഭിമുഖീകരിക്കുന്ന അടിയന്തര പ്രശ്നങ്ങളിലൊന്നാണ് 'അന്ധത' എന്നും ലോകത്തിന്റെ നിലവിളി കേൾക്കുന്ന ഒരു സഭയായിരിക്കണം നമ്മുടേതെന്നും ആഹ്വാനം ചെയ്ത് ഫ്രാൻസിസ് മാർപാപ്പ. 2024 ഒക്ടോബർ 27 ന് സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ ആഗോള മെത്രാൻ സിനഡിന്റെ സമാപനത്തോടനുബന്ധിച്ചു നടന്ന വിശുദ്ധ കുർബാനയിലാണ് ഫ്രാൻസിസ് മാർപാപ്പ ഇപ്രകാരം അനുസ്മരിപ്പിച്ചത്.

'ഒരു സിനഡൽ സഭ ആവശ്യമുള്ളവർക്ക് ശുശ്രൂഷ ചെയ്യുന്നതിൽക്രിസ്തുവിനെ അനുഗമിച്ചുകൊണ്ട് പ്രവർത്തനനിരതമായിരിക്കണം. നമുക്കു വേണ്ടത് ഉദാസീനമായതും പരാജയപ്പെടുന്നതുമായ ഒരു സഭയെ അല്ല, മറിച്ച് ലോകത്തിന്റെ നിലവിളി കേൾക്കുകയും കർത്താവിനെ ശുശ്രൂഷിക്കുന്നതിലൂടെ കൈകളിൽ അഴുക്ക് പുരളുകയും ചെയ്യുന്ന സഭയെയാണ്.' വിശുദ്ധ കുർബാന മധ്യേയുള്ള സന്ദേശത്തിൽ മാർപാപ്പ പങ്കുവച്ചു. മൂന്നുവർഷം മുമ്പ് ആരംഭിച്ച സഭയുടെ ആഗോള സിനഡൽപ്രക്രിയയിലെ ഒരു സുപ്രധാനഘട്ടത്തെയാണ് ഈ സമ്മേളനം പ്രതിനിധീകരിക്കുന്നത്.

പതിനാറാമത് മെത്രാൻ സിനഡിന്റെ ജനറൽ അസംബ്ലിയുടെ രണ്ടാമത് സമ്മേളനമാണ് 2024 സെപ്റ്റംബർ 30 മുതൽ ഒക്ടോബർ 27 വരെ ഫ്രാൻസിസ് മാർപാപ്പയുടെ അധ്യക്ഷതയിൽ വത്തിക്കാനിൽ നടന്നത്. 'സിനഡാലിറ്റി' എന്ന വിഷയത്തെ അധികരിച്ചുള്ള ചർച്ചകളുടെ ഒന്നാമത് സമ്മേളനം കഴിഞ്ഞവർഷം ഒക്ടോബറിൽ നടന്നിരുന്നു. സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് എന്ന നിലയിൽ മാർ റാഫേൽ തട്ടിൽ പിതാവ്, നോമിനേറ്റഡ് അംഗമായി മേജർ ആർച്ചുബിഷപ്പ് എമിരിറ്റസ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ്, സീറോമലബാർ മെത്രാൻസിനഡു തിരഞ്ഞെടുത്ത പ്രതിനിധികളായി ആർച്ചുബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് പിതാവ്, ആർച്ചുബിഷപ്പ് മാർ ജോസഫ് പാംപ്ലാനി പിതാവ് എന്നിവരാണ് സീറോമലബാർസഭയിൽ നിന്ന് വത്തിക്കാൻ സിനഡിൽ പങ്കെടുത്തത്.

# ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട്; കാലതാമസം വഞ്ചനാപരം: കെസിബിസി ജാഗ്രത കമ്മീഷൻ

കേരളത്തിലെ ക്രൈസ്തവരുടെ പിന്നാക്കവസ്ഥയെക്കുറിച്ച് വിശദമായ പഠനം നടത്തിയ ജസ്റ്റിസ് (റിട്ട.) ജെ.ബി. കോശി കമ്മീഷൻ മുഖ്യമന്ത്രിക്ക് മുന്നിൽ റിപ്പോർട്ട് സമർപ്പിച്ചിട്ട് ഒന്നര വർഷത്തോളമായിട്ടും റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പരിഗണിക്കുന്ന കാര്യത്തിൽ അസാധാരണമായ വിധത്തിലുള്ള കാലതാമസമാണ് വരുത്തുന്നതെന്ന് കെസിബിസി ജാഗ്രതകമ്മീഷൻ ആരോപിച്ചു. പ്രതിഷേധ സ്വരങ്ങൾ ഉയരുന്ന ഘട്ടത്തിൽ സമാശ്വാസമെന്നോണം ചില പ്രസ്താവനകൾ അധികാരികൾ നടത്തുന്നു എന്നതിനപ്പുറം ആത്മാർത്ഥമായ ഇടപെടലുകൾ ഉണ്ടായിട്ടുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പഠിച്ച്, മന്ത്രിസഭയ്ക്ക് പരിഗണിക്കാൻ കഴിയുന്ന വിധത്തിലുള്ള പ്രാഥമിക റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ നൽകണമെന്ന് നിർദ്ദേശിച്ചുകൊണ്ട് ചീഫ് സെക്രട്ടറി അധ്യക്ഷനായ മൂന്നംഗ കമ്മിറ്റിയെ സർക്കാർ നിയോഗിച്ചിട്ട് ഏഴു മാസങ്ങൾ പിന്നിട്ടിരിക്കുന്നു. കമ്മിറ്റിയുടെ പഠനം പുരോഗമിക്കുകയാണെന്ന അവകാശവാദമാണ്, ചാലക്കുടി എംഎൽഎ സനീഷ് കുമാർ ജോസഫിന്റെ സബ്മിഷന് മറുപടിയായി ന്യൂനപക്ഷ ക്ഷേമവകുപ്പ് മന്ത്രി അബ്ദുറഹിമാൻ നിയമസഭയിൽ ഉന്നയിച്ചത്. കമ്മീഷൻ റിപ്പോർട്ട് പൂർണ്ണമായ രൂപത്തിൽ പുറത്തുവിടണമെന്ന ആവശ്യം ആരംഭം മുതൽ വിവിധ കോണുകളിൽനിന്ന് ഉയർന്നിട്ടും സർക്കാർ അതിനും തയ്യാറായിട്ടില്ല. ഈ വിഷയത്തിൽ സർക്കാർ സുതാര്യവും സത്യസന്ധവുമായ നിലപാടുകൾ സ്വീകരിക്കുകയും അടിയന്തിരനടപടികൾക്ക് തയ്യാറാവുകയും റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുകയും വേണം. കെസിബിസി ജാഗ്രതകമ്മീഷൻ ആവശ്യപ്പെട്ടു.

# സീറോമലബാർ യൂത്ത്മൂവ്മെന്റ് സംസ്ഥാന പ്രവർത്തനവർഷ ഉദ്ഘാടനവും യുവനസ്രാണി സംഗമവും ഇടുക്കിയിൽ

കരിമ്പൻ : സീറോമലബാർസഭയുടെ ഔദ്യോഗിക യുവജനസംഘടനയായ സീറോമലബാർ യൂത്ത് മൂവ്മെന്റിന്റെ സംസ്ഥാനതല പ്രവർത്തനവർഷ ഉദ്ഘാടനവും യുവനസ്രാണി സംഗമവും നടന്നു. സമ്മേളന നഗരിയിലേക്ക് കൊടിമരയാത്രയായി കാഞ്ഞിരപ്പള്ളി രൂപതയിൽ നിന്നുംഛായാചിത്ര പ്രയാണമായി കോട്ടയംരൂപതയിൽ നിന്നും പതാക വഹിച്ചുകൊണ്ട് കോതമംഗലം രൂപതയിൽനിന്നും തുടങ്ങിയ യാത്രകൾ ഇടുക്കിയുടെ മണ്ണിൽഎത്തിയപ്പോൾ പ്രവർത്തനവർഷത്തിന് തുടക്കം കുറിച്ചു. അഭിവന്ദ്യ പിതാക്കന്മാർ ജനപ്രതിനിധികൾ, വൈദികർ, സിസ്റ്റേഴ്സ്, സംസ്ഥാന, രൂപത, മേഖല, യൂണിറ്റ്തല യുവജന നേതാക്കന്മാർ ഉൾപ്പെടെ നിരവധിപേർ പങ്കെടുത്തു.

# മോൺ. ജോർജ് കൂവക്കാട്ട് നിസിബിസ് കൽദായരൂപതയുടെ സ്ഥാനിക മെത്രാപ്പോലീത്ത



ചങ്ങനാശേരി: മോൺസിഞ്ഞോർ ജോർജ് ജേക്കബ് കൂവക്കാട്ടിനെ നിസിബിസ് കൽദായരൂപതയുടെ സ്ഥാനിക മെത്രാപ്പോലീത്തയായി ഫ്രാൻസിസ് മാർപാപ്പ പ്രഖ്യാപിച്ചു. വത്തിക്കാനിലും ചങ്ങനാശേരിയിലും ഒരേ സമയം പ്രഖ്യാപനം നടന്നു. ചങ്ങനാശേരി അതിരൂപതാ കേന്ദ്രത്തിൽ നടന്ന ചടങ്ങിൽ അതിരൂപതയുടെ മെത്രാപ്പോലീത്ത മാർ ജോസഫ് പെരുന്തോട്ടമാണ് പ്രഖ്യാപനം നടത്തയത്.

പാലാ രൂപത മെത്രാൻ മാർ ജോസഫ് കല്ലറങ്ങാട്ട്, ആർച്ചുബിഷപ്പ് മാർ ജോർജ് കോച്ചേരി എന്നിവർ ആശംസകൾ നേർന്നു. വൈദിക ശ്രേഷ്ഠർ അദ്ദേഹത്തിന് അരപ്പട്ടയും മോതിരവും ധരിപ്പിച്ചു. കാലം ചെയ്ത മാർ ജോസഫ് പവത്തിൽ ഉപയോഗിച്ചിരുന്ന കുരിശുമാല മാർ ജോസഫ് പെരുന്തോട്ടം മോൺസിഞ്ഞോർ കൂവക്കാട്ടിനെ അണിയിച്ചു. അതിരൂപതാ ചാൻസിലർ ഡോ. ഐസക്ക് ആലഞ്ചേരി മംഗളപത്രം വായിച്ചു. ഫാ. ജെയിംസ് പാലക്കൽ നന്ദി പറഞ്ഞു. കൽദായസഭയുടെ ശക്തി കേന്ദ്രമായിരുന്ന നിസിബിസ് മധ്യപൂർവദേശത്തെ സംഘർഷങ്ങളെ തുടർന്ന് അപ്രത്യക്ഷമായ ഒരു രൂപതയായിരുന്നു.

മോൺസിഞ്ഞോർ ജോർജ് ജേക്കബ് കൂവക്കാട്ടിന്റെ മെത്രാഭിഷേക ചടങ്ങുകൾ സഭയുടെ തലവനായ മാർ റാഫേൽ തട്ടിലിന്റെ നേതൃത്വത്തിൽ നവംബർ 24-ന് ചങ്ങനാശേരി കത്തീഡ്രൽ ദേവാലയത്തിൽ വച്ചും കർദിനാളായി ഡിസംബർ ഏഴിന് ഫ്രാൻസിസ് മാർപാപ്പയുടെ നേതൃത്വത്തിൽ വത്തിക്കാനിൽ വച്ചും നടത്തപ്പെടും. 2006 മുതൽ വത്തിക്കാൻ നയതന്ത്രവിഭാഗത്തിൽ സേവനമനുഷ്ഠിക്കുന്ന മോൺ. ജോർജ് കൂവക്കാടിന് 2020-ൽ പ്രെലേറ്റ് പദവി നൽകി. അൽജീറിയ, ദക്ഷിണ കൊറിയ, മംഗോളിയ, ഇറാൻ, കോസ്റ്ററിക്ക എന്നിവിടങ്ങളിൽ അപ്പസ്തോലിക് നൂൺഷോയുടെ സെക്രട്ടറിയായിരുന്നു. 2020-ൽ ആണു വത്തിക്കാനിലെ കേന്ദ്രകാര്യാലയത്തിൽ പൊതുകാര്യങ്ങൾക്കുവേണ്ടിയുള്ള വിഭാഗത്തിൽ നിയമിച്ചത്.

# മേജർആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയത്തിലെ അംഗം



കാക്കനാട്: സീറോമലബാർസഭ മേജർആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവിനെ പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയത്തിലെ അംഗമായി പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ നിയമിച്ചു. മാർ റാഫേൽ തട്ടിലിനെ കൂടാതെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള ഒൻപത് പിതാക്കന്മാർ കൂടി പ്രസ്തുത കാര്യാലയത്തിലെ അംഗങ്ങളായി നിയമിതരായിട്ടുണ്ട്. കത്തോലിക്കാസഭയിലെ പൗരസ്ത്യ റീത്തുകളിൽപെട്ട വ്യക്തിസഭകളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ തീരുമാനങ്ങളെടുക്കാൻ മാർപാപ്പയെ സഹായിക്കുന്ന കാര്യാലയമാണിത്. കർദിനാൾ ക്ലൗദിയോ ഗുജറോത്തിയാണ് പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയത്തിന്റെ പ്രീഫെക്റ്റ്. മേജർ ആർച്ചുബിഷപ്പിനു നല്കിയിരിക്കുന്ന ഈ നിയമനം സീറോമലബാർസഭയോടുള്ള ഫ്രാൻസിസ് മാർപാപ്പയുടെ കരുതലിന്റെയും ആഗോളസഭയിൽ സീറോമലബാർസഭയ്ക്കുള്ള പ്രാധാന്യത്തിന്റെയും അടയാളപ്പെടുത്തലാണ്.

# ധന്യൻ അഗസ്റ്റിൻ ഊക്കനച്ചന്റെ 68-ാം ശ്രാദ്ധം ആചരിച്ചു



ചൊവ്വന്നൂർ: തൃശൂർ അതിരൂപതയിലെ വൈദികനും ചാരിറ്റി സമർപ്പിത സമൂഹത്തിന്റെ സ്ഥാപകനുമായ ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ 68-ാം ശ്രാദ്ധാചരണം അദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്ന ചൊവ്വന്നൂർ സെന്റ് തോമസ് ദൈവാലയത്തിൽ ആചരിച്ചു. 13 മണിക്കൂർ ആരാധനാദിനം, ഊക്കൻ സ്മാരകസമിതി നടത്തിയ ഇരുപതാമത് അഖിലകേരള ചിത്രരചന മത്സരം, അഖണ്ഡബൈബിൾ പാരായണദിനം, അഖണ്ഡജപമാലദിനം, സാമൂഹ്യപ്രതിബദ്ധതാദിനം, ക്ലോത്ത് ബാങ്ക് ഉദ്ഘാടനം, ഫൊറോനതല മാതൃദിനം, വാഹനവെഞ്ചിരിപ്പ്, രക്തദാനദിനം, ഒരുക്കധ്യാനം, വൈദികസമർപ്പിത സംഗമദിനം, ഉപവാസ പ്രാർത്ഥനദിനം, വയോജന സംഗമം എന്നിവ സംഘടിപ്പിച്ചു.

ഊക്കനച്ചന്റെ ഇടവകയായ പറപ്പൂർ സെന്റ് ജോൺ നെപുംസിയാൻ പള്ളിയങ്കണത്തിൽ നിന്ന് പദയാത്ര നടത്തി. ശ്രാദ്ധാചരണ തിരുക്കർമ്മങ്ങൾക്ക് പാലക്കാട് രൂപതാധ്യക്ഷൻ മാർ പീറ്റർ കൊച്ചുപുരയ്ക്കൽമുഖ്യകാർമികത്വം വഹിച്ചു. ആന്റണി കണ്ടംപറമ്പിൽ രചനയും സംവിധാനവും നിർവഹിച്ച 'കാലാതീതനായ കർമ്മയോഗിധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ' എന്ന ഡോക്യുമെന്ററിയുടെ ഓൺലൈൻ റിലീസിംഗ് മാർ കൊച്ചുപുരയ്ക്കൽ നിർവഹിച്ചു. ഊക്കൻ സ്മാരകസമിതിയുടെ ആഭിമുഖ്യത്തിൽ നടത്തിയ 20-ാമത് അഖില കേരള ചിത്രരചന മത്സര വിജയികൾക്കുള്ള സമ്മാനവിതരണം നടത്തി. കുന്നംകുളം എക്യുമെനിക്കൽ കൂട്ടായ്മയിലെ വൈദികരും വിവിധ സന്യാസിനിസമൂഹാംഗങ്ങളും ചടങ്ങുകളിൽ പങ്കെടുത്തു. ചാരിറ്റി സന്യാസിനി സമൂഹത്തിന്റെ സുപ്പീരിയർ ജനറൽ മദർ റിൻസി സി. എസ്.സി നന്ദി പറഞ്ഞു.

# മിഷൻവാരം സമാപിച്ചു




ചെറുപുഷ്പ മിഷൻലീഗ് കേരളസംസ്ഥാന സമിതിയുടെ ആഭിമുഖ്യത്തിൽ വിവിധ രൂപതകളിലെ ഇടവക വൈദികരുടെയും വിശ്വാസികളുടെയും മിഷൻ ലീഗ് പ്രവർത്തകരുടെയും സഹകരണത്തോടെ ഒരാഴ്ചക്കാലം നീണ്ടുനിന്ന മിഷൻ വാരാചരണം മാനന്തവാടി രൂപതയിലെ ചേന്നലോട് ശാഖയിൽ സമാപിച്ചു. 'പോയി, എല്ലാവരെയും വിരുന്നിന് ക്ഷണിക്കുവിൻ' എന്ന ആപ്തവാക്യവുമായാണ് ഈ വർഷത്തെ മിഷൻ ഞായർ ആഘോഷിച്ചത്. സ്നേഹം, ത്യാഗം, സേവനം, സഹനം എന്നീ മുദ്രാവാക്യങ്ങളിലൂന്നിക്കൊണ്ട് പ്രാർഥനക്കൂട്ടായ്മകൾ, ആത്മീയ പഠനങ്ങൾ, സൗഹൃദ സമ്മേളനങ്ങൾ, സേവനശുശ്രൂഷകൾ, സാമൂഹികസേവനങ്ങൾ, പ്രേഷിത പരിശീലനങ്ങൾ തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾക്കു മിഷൻവാരം സാക്ഷ്യം വഹിച്ചു.

മിഷൻലീഗ് കേരളസംസ്ഥാന ഡയറക്ടർ ഫാ.ഷിജു ഐക്കരക്കാനായിൽ ചെന്നലോട് ശാഖ ഡയറക്ടർ ഫാ. ജോബി മുക്കാട്ടുകാവുങ്കൽ, സംസ്ഥാന പ്രസിഡന്റ് രഞ്ജിത്ത് മുതുപ്ലാക്കൽ,സംസ്ഥാന ഡയറക്ടർ ഫാ. ഷിജു ഐക്കരക്കാനായിൽ, ഷെഹിൻ മൂന്നുതൊട്ടിയിൽ, സി. ബ്ലെസ്സി എസ് സി വി, ഷിജോ പുരക്കൽ, ആര്യ കൊച്ചുപുരയ്ക്കൽ, സിറിൽ കൊച്ചുകുളത്തിങ്കൽ, ജോയി തേവർക്കാട്ടിൽ, ജിക്ക് പുതിയാപ്പുറം, ജോണി തേവർക്കാട്ടിൽ തുടങ്ങിയവർ നേതൃത്വം നൽകി.

# കെ.സി.ബി.സി വയനാട്-വിലങ്ങാട് സുസ്ഥിര പുനരധിവാസപദ്ധതി ലോഗോ പ്രകാശനം ചെയ്തു




വയനാട് ജില്ലയിലെ മുണ്ടക്കൈ, ചൂരൽമല പ്രദേശങ്ങളിലും കോഴിക്കോട് ജില്ലയിലെ വിലങ്ങാടുമുണ്ടായ ഉരുൾപൊട്ടലിൽ ദുരിതമനുഭവിക്കുന്നവർക്കായി കേരള കത്തോലിക്കാ മെത്രാൻ സമിതി സംസ്ഥാന സർക്കാരുമായി സഹകരിച്ച് നടപ്പിലാക്കുന്ന സുസ്ഥിര പുനരധിവാസ പദ്ധതി 'വേവ്സ്' (വയനാട് ആന്റ് വിലങ്ങാട് എസ്റ്റാബ്ലിഷ്മെന്റ്സ് ആന്റ് സപ്പോർട്ട്സ്)ന്റെ ലോഗോ കേരള റവന്യൂ വകുപ്പ് മന്ത്രി കെ. രാജൻ പ്രകാശനം ചെയ്തു. കേരള സോഷ്യൽ സർവ്വീസ് ഫോറം എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജേക്കബ് മാവുങ്കൽ, ഡിസാസ്റ്റർ മിറ്റിഗേഷൻ കമ്മിറ്റി അംഗങ്ങളായ കോട്ടയം അതിരൂപതാ വികാരി ജനറൽ ഫാ. മൈക്കിൾ വെട്ടിക്കാട്ട്, ഫാ. റൊമാൻസ് ആന്റണി, അഡ്വ. വി.ബി. ബിനു എന്നിവർ സംബന്ധിച്ചു. സുസ്ഥിര പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി കേരള സോഷ്യൽ സർവ്വീസ് ഫോറം കല്പറ്റ ആസ്ഥാനമായി ഓഫീസ് തുറന്ന് പ്രവർത്തിച്ചു വരികയാണ്. ഏജൻസികളായ കാരിത്താസ് ഇന്ത്യ, കാത്തലിക് റിലീഫ് സർവ്വീസസ് എന്നിവയുടെ കൂടി പങ്കാളിത്തത്തോടെ പുനരധിവാസ മേഖലയിലെ സാമൂഹ്യ പ്രവർത്തന സംഘടനകളായ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി, ശ്രേയസ്സ്, ജീവന, മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി, സെന്റർ ഫോർ ഓവറോൾ ഡെവലപ്മെന്റ് എന്നിവയിലൂടെയാണ് കത്തോലിക്കാ സഭ പുനരധിവാസ പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ള കേരള സോഷ്യൽ സർവ്വീസ് ഫോറം വേവ്സ് പദ്ധതി നടപ്പിലാക്കുന്നത്. നൂറ് പുതിയ ഭവനങ്ങളുടെ നിർമ്മാണം, ഗൃഹോപകരണങ്ങൾ നല്കൽ, ജീവനോപാധി പ്രദാനം ചെയ്യൽ, ഇതര സമാശ്വാസ പ്രവർത്തനങ്ങൾ തുടങ്ങിയവയാണ് പുനധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി സഭ നടപ്പിലാക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നത്.

# പാലാ അൽഫോൻസാ കോളേജിൽ നവീകരിച്ച ലൈബ്രറിയുടെയും ഓഡിറ്റോറിയത്തിന്റെയും വെഞ്ചരിപ്പും ആശീർവാദകർമ്മവും നടത്തി



പാലാ: അൽഫോൻസാ കോളേജിന്റെ വജ്രജൂബിലിയോടനുബന്ധിച്ച് നവീകരിച്ച ലൈബ്രറിയുടെയും ഓഡിറ്റോറിയത്തിന്റെയും വെഞ്ചരിപ്പും ആശീർവാദകർമ്മവും നടത്തി. പുതിയതായി നിർമ്മിച്ച മൾട്ടി മീഡിയ ഹാളും വിഐപി ലൗഞ്ചും ഉദ്ഘാടനം ചെയ്തു. പാലാ രൂപതാധ്യക്ഷനും കോളേജിന്റെ രക്ഷാധികാരിയുമായ മാർ ജോസഫ് കല്ലറങ്ങാട്ട് ആശീർവാദകർമ്മം നിർവ്വഹിച്ചു. കോളേജ് പ്രിൻസിപ്പൽ റവ ഡോ. ഷാജി ജോൺ, കോളേജ് മാനേജരും രൂപതാ മുഖ്യവികാരി ജനറാളുമായ റവ ഡോ. ജോസഫ് തടത്തിൽ, വികാരി ജനറാൾ ഫാ ജോസഫ് കണിയോടിക്കൽ, കോളേജ് ബർസാർ ഫാ കുര്യാക്കോസ് വെള്ളച്ചാലിൽ എന്നിവർ പ്രസംഗിച്ചു.

# മേജർ ആർച്ചുബിഷപ്പിന്റെ ഡയറി

**സെപ്തംബർ 11 മുതൽ ഒക്ടോബർ 2 വരെ**

**സെപ്റ്റംബർ**

- **11 ബുധൻ :** രൂപതാ സന്ദർശനത്തിനായി ഗ്രേറ്റ് ബ്രിട്ടനിലെത്തി.
- 12 മുതൽ 28 വരെ ഗ്രേറ്റ് ബ്രിട്ടൻ രൂപതയിൽ അജപാലന സന്ദർശനം നടത്തി. ഗ്രേറ്റ് ബ്രിട്ടനിൽ റാംസ് ഗേറ്റിലുള്ള ഡിവൈൻ ധ്യാനകേന്ദ്രത്തിൽ രൂപത വൈദിക കൂട്ടായ്മയെ അഭിസംബോധനചെയ്തു. ഗ്രേറ്റ് ബ്രിട്ടൻ രൂപതയുടെ പാസ്റ്ററൽ സെന്റർ ആശിർവദിച്ചു. 17 പുതിയ മിഷൻ കേന്ദ്രങ്ങൾ ഉദ്ഘാടനം ചെയ്തു. അഞ്ച് ഇടവകകൾ സന്ദർശിച്ചു. ഗ്രേറ്റ് ബ്രിട്ടൻ രൂപതയിലെ യുവജന സംഗമം, വനിതാ സംഗമം, വിശ്വാസ പരിശീലനവർഷ ഉദ്ഘാടനം തുടങ്ങി നിരവധി വേദികളിൽ വിശ്വാസികളുടെ കൂട്ടായ്മകളുമായി സംവദിച്ചു. അജപാലന സന്ദർശനത്തിനിടയിൽ ഗ്രേറ്റ് ബ്രിട്ടനിലെ അപ്പസ്തോലിക് ന്യൂൺഷ്യോ ആർച്ചുബിഷപ്പ് മിഗ്വേൽ മൗറി, വെസ്റ്റ് മിനിസ്റ്റർ ആർച്ചുബിഷപ്പ് കാർഡിനൽ വിൻസന്റ് നിക്കോൾസ്, ബെർമിംഹാം ആർച്ചുബിഷപ്പ് ബർണാഡ് ലോങ്ങിലി, വിവിധ ലത്തീൻ രൂപതാധ്യക്ഷന്മാർ എന്നിവരുമായി കൂടിക്കാഴ്ചനടത്തി.
- **28 ശനി :** ലീഡ്സ് റീജണൽ ബൈബിൾ കൺവെൻഷനിൽ സന്ദേശം നലകി.
- **29 ഞായർ :** മെത്രാൻ സിനഡിൽ പങ്കെടുക്കുന്നതിന് റോമിൽ എത്തി.
- **30 തിങ്കൾ :** സിനഡിനൊരുക്കമായുള്ള ധ്യാനം ആരംഭിച്ചു.

**ഒക്ടോബർ**

- **2 ബുധൻ :** മെത്രാൻസിനഡിന്റെ പതിനാറാമത് ഓർഡിനറി അസംബ്ലിയുടെ രണ്ടാം സമ്മേളനം ആരംഭിച്ചു.

# മെൽബൺ സെന്റ് അൽഫോൻസ സീറോമലബാർ കത്തീഡ്രൽ ദൈവാലയ കൂദാശ നവംബർ 23-ന്



മെൽബൺ:സെന്റ് അൽഫോൻസ സീറോമലബാർ കത്തീഡ്രൽ ദൈവാലയത്തിന്റെ കൂദാശകർമ്മം സീറോമലബാർസഭ മേജർആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ് നവംബർ 23-ന് രാവിലെ 9.30 ന് നിർവ്വഹിക്കും. തുടർന്ന് മാർ റാഫേൽ തട്ടിലിന്റെ മുഖ്യകാർമ്മികത്വത്തിൽ ആഘോഷമായ വിശുദ്ധ കുർബാന അർപ്പിക്കും. മെൽബൺ രൂപതാധ്യക്ഷൻ ബിഷപ്പ് ജോൺ പനംതോട്ടത്തിൽ, മെൽബൺ രൂപതയുടെ പ്രഥമ ബിഷപ്പ് മാർ ബോസ്കോ പുത്തൂർ, ഓസ്ട്രേലിയയിലെ അപ്പസ്തോലിക് നൂൺഷ്യോ ആർച്ചുബിഷപ്പ് ചാൾസ് ബാൽവോ, ഉജ്ജയിൻ രൂപത ബിഷപ്പ് മാർ സെബാസ്റ്റ്യൻ വടക്കേൽ, മാനന്തവാടി രൂപത ബിഷപ്പ് മാർ ജോസ് പൊരുന്നേടം, കോതമംഗലം രൂപത ബിഷപ്പ് മാർ ജോർജ് മഠത്തികണ്ടത്തിൽ, യു.കെ. പ്രസ്റ്റൺ രൂപത ബിഷപ്പ് ജോസഫ് സ്രാമ്പിക്കൽ, പാലക്കാട് രൂപത മുൻ ബിഷപ്പ് ജേക്കബ് മനത്തോടത്ത്, മെൽബണിലെ ഉക്രേനിയൻ രൂപത ബിഷപ്പും നിയുക്ത കർദ്ദിനാളുമായ ബിഷപ്പ് മൈക്കോള ബൈചോക്ക്, മെൽബൺ ആർച്ചുബിഷപ്പ് പീറ്റർ കമെൻസോളി, ബ്രിസ്ബെൻ ആർച്ചുബിഷപ്പ് മാർക്ക് കോൾറിഡ്ജ്, കാൻബെറ ആർച്ചുബിഷപ്പ് ക്രിസ്റ്റഫർ പ്രൗസ്, ടുവൂംബ രൂപത ബിഷപ്പ് കെൻ ഹൊവൽ, ഓസ്ട്രേലിയൻ കാൽദീയൻ രൂപത ബിഷപ്പ് അമേൽ ഷാമോൻ നോണ, ഓസ്ട്രേലിയൻ മാറോനൈറ്റ് രൂപത ബിഷപ്പ് ആന്റോയിൻ ചാർബെൽ റ്ററാബെ, ഓസ്ട്രേലിയൻ മെൽക്കൈറ്റ് രൂപത ബിഷപ് റോബർട്ട് റബാറ്റ്, ഓസ്ട്രേലിയൻ കാത്തലിക് ബിഷപ്പ് കോൺഫ്രൻസിലെ മെത്രാന്മാർ, മെൽബൺ രൂപത വികാരി ജനറാൾ മോൺസിഞ്ഞോർ ഫ്രാൻസിസ് കോലഞ്ചേരി, ചാൻസിലർ ഫാ.സിജീഷ് പുല്ലൻകുന്നേൽ, മെൽബൺ രൂപതയിൽ സേവനം ചെയ്യുന്ന വൈദികർ, ഓസ്ട്രേലിയയിൽ മറ്റു രൂപതകളിൽ സേവനം ചെയ്യുന്ന മലയാളി വൈദികർ, ഫെഡറൽ സ്റ്റേറ്റ് മന്ത്രിമാർ, എം.പി.മാർ, പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, മെൽബൺ രൂപതയിലെ വിവിധ ഇടവകകളിൽ നിന്നും മിഷനുകളിൽ നിന്നുമുള്ള പ്രതിനിധികൾ, ഹ്യൂം സിറ്റി വിറ്റൽസീ സിറ്റി കൗൺസിലിലെ കൗൺസിലേഴ്സ് എന്നിവർ സന്നിഹിതരായിരിക്കും.

2020 ജൂലൈ മൂന്നിനാണ് മെൽബൺ സീറോമലബാർ രൂപതയുടെ പ്രഥമ രൂപതാധ്യക്ഷൻ മാർ ബോസ്കോ പുത്തൂർ കത്തീഡ്രലിന്റെ ശിലാസ്ഥാപനം നിർവ്വഹിച്ചത്. മെൽബൺ സിറ്റിയിൽ നിന്നും മെൽബൺ എയർപ്പോർട്ടിൽ നിന്നും അധികം ദൂരത്തിലല്ലാതെ, എപ്പിങ്ങിൽ ഹ്യൂം ഫ്രീവേക്ക് സമീപത്ത് 53 മക്കെല്ലാർ വേയിൽ, കത്തീഡ്രൽ ഇടവക സ്വന്തമാക്കിയ 3 ഏക്കറോളം വരുന്ന സ്ഥലത്താണ് കത്തീഡ്രൽ ദേവാലയം പണി പൂർത്തിയായിരിക്കുന്നത്. 1711 സ്ക്വയർ മീറ്ററിൽ പൗരസ്ത്യപാരമ്പര്യ തനിമയോടെയാണ് കത്തീഡ്രൽ ദേവാലയം പണികഴിപ്പിച്ചിരിക്കുന്നത്. ബാൽക്കണിയിലും കൈക്കുഞ്ഞുങ്ങളുള്ള മാതാപിതാക്കൾക്കുള്ള മുറിയിലും ഉൾപ്പെടെ 1000 ഓളം പേർക്ക് ഒരേസമയം തിരുക്കർമ്മങ്ങളിൽ പങ്കെടുക്കാനുള്ള സൗകര്യം ഉണ്ട്. പള്ളിയുടെ ഭാഗമായി തന്നെ നൂറോളം പേർക്കിരിക്കാവുന്ന ഒരു ചാപ്പലും 150 ഓളം കാർപാർക്കിങ്ങ് സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. വിശ്വാസപരിശീലനത്തിനു വേണ്ടിയുള്ള ക്ലാസ്മുറികളും അനുബന്ധ സൗകര്യങ്ങളുമുണ്ട്. 500 ഓളം പേർക്കിരിക്കാവുന്നതും സ്റ്റേജും ആധുനിക സൗകര്യങ്ങളോട് കൂടിയ അടുക്കളയുമുള്ള പാരീഷ് ഹാൾ, നിർമ്മാണം പൂർത്തിയാക്കി 2022 നവംബറിൽ വെഞ്ചിരിച്ചിരുന്നു. ഓസ്ട്രേലിയയിലെ പ്രമുഖ കൺസ്ട്രക്ഷൻ ഗ്രൂപ്പായ ലുമെയിൻ ബിൽഡേഴ്സാണ് നിർമ്മാണം പൂർത്തിയാക്കിയിരിക്കുന്നത്.

2013 ഡിസംബർ 23-നാണ് മെൽബൺ ആസ്ഥാനമായും മെൽബൺ നോർത്ത് ഇടവക രൂപതയുടെ കത്തീഡ്രലായും പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ, ഇൻഡ്യക്ക് പുറത്തെ രണ്ടാമത്തെ സീറോമലബാർരൂപതയായി, മെൽബൺ സെന്റ് തോമസ് സീറോമലബാർ രൂപതയെ പ്രഖ്യാപിച്ചത്. രൂപതാസ്ഥാപനത്തിന്റെ 10-ാം വാർഷിക വേളയിലാണ് മെൽബൺ സീറോമലബാർ രൂപത കുടുംബത്തിലെ ഓരോ അംഗങ്ങളുടെയും ഇടവക സമൂഹങ്ങളുടെയും സ്വപ്നമായിരുന്ന കത്തീഡ്രൽ ദേവാലയം പൂർത്തീകരിക്കപ്പെടുന്നത്. 550 ഓളം കുടുംബങ്ങളുള്ള കത്തീഡ്രൽ ഇടവകയിലെ വിശ്വാസീസമൂഹത്തിന്റെ കഴിഞ്ഞ 15 വർഷങ്ങളായുള്ള പ്രാർഥനയുടെയും ത്യാഗത്തിന്റെയും കൂട്ടായ്മയുടെയും ഫലമാണ് സെന്റ് അൽഫോൻസ കത്തീഡ്രൽ ദൈവാലയം.

മെൽബൺ സീറോമലബാർ രൂപതാധ്യക്ഷൻ മാർ ജോൺ പനംതോട്ടത്തിൽ, വികാരി ജനറാൾ മോൺ. ഫ്രാൻസിസ് കോലഞ്ചേരി, ചാൻസിലർ ഫാ. സിജീഷ് പുല്ലൻകുന്നേൽ, കത്തീഡ്രൽ ഇടവക വികാരി ഫാ.വർഗ്ഗീസ് വാവോലിൽ, കൈക്കാരന്മാരായ ആന്റോ തോമസ്, ക്ലീറ്റസ് ചാക്കോ, ജനറൽ കൺവീനർ ഷിജി തോമസ് എന്നിവരുടെ നേതൃത്വത്തിൽ വിവിധ കമ്മിറ്റികൾ ദൈവാലയ കൂദാശ കർമ്മത്തോട് അനുബന്ധിച്ചുപ്രവർത്തിച്ചുവരുന്നു.



# ആരാധനക്കൊപ്പം സംശയവുമോ?

**ബൈബിൾ സംശയങ്ങൾ**

റവ. ഡോ. പോൾ കുഞ്ഞാനായിൽ എം.സി.ബി.എസ്.

‘അവനെക്കണ്ടപ്പോൾ അവർ അവനെ ആരാധിച്ചു. എന്നാൽ, ചിലർ സംശയിച്ചു‘ (മത്തായി 28:17)

ഉത്ഥിതനായ ഈശോയെ കണ്ടയുടനെ ശിഷ്യന്മാർ അവിടുത്തെ ആരാധിക്കുന്നു. തുടർന്നുള്ള അവരുടെ പ്രതികരണം വിചിത്രമാണ്: ‘എന്നാൽ, ചിലർ സംശയിച്ചു.’ ഗ്രീക്ക് ഭാഷയിലെ വ്യാകരണ നിയമങ്ങളനുസരിച്ച് ‘എന്നാൽ, അവർ സംശയിച്ചു’ എന്നും ഇതിനെ തർജ്ജമ ചെയ്യാവുന്നതാണ്. അതായത് ആ പതിനൊന്നു ശിഷ്യന്മാരും ഒരുപോലെ ഈശോയെ സംശയിച്ചു. വി. മത്തായിയുടെ സുവിശേഷത്തിലെ ശിഷ്യന്മാരുടെ അവസ്ഥ വ്യക്തമാക്കുന്ന തിരുവചനമാണിത്.

ഈശോയോടുള്ള വിധേയത്വമാണ് ശിഷ്യന്മാരുടെ മുഖമുദ്ര. അതുകൊണ്ടാണ് അവിടുന്ന് നിർദേശിച്ചതുപോലെ (28:10; cf. 26: 32; 28:7) പതിനൊന്നു ശിഷ്യന്മാരും ഗലീലിയിലെ മലയിലേക്കു പോകുന്നത് (v. 16). ‘അവനെക്കണ്ടപ്പോൾ’ എന്ന് സുവിശേഷകൻ രേഖപ്പെടുത്തുമ്പോൾ കാവൽക്കാർ കൈക്കൂലി വാങ്ങിപ്പറഞ്ഞ ‘ഞങ്ങൾ ഉറങ്ങിയപ്പോൾ രാത്രിയിൽ അവന്റെ ശിഷ്യന്മാർ വന്ന് അവനെ മോഷ്ടിച്ചുകൊണ്ടുപോയി‘ (v. 13, 15) എന്ന വാദത്തെ ഖണ്ഡിക്കുകയാണ്. ഈശോ ഉയർത്തെഴുന്നേറ്റു, ശിഷ്യന്മാർ നിശ്ചയമായും അവിടത്തെ കണ്ടു എന്ന് സുവിശേഷകൻ ഇവിടെ സ്ഥാപിക്കുന്നു. ഉത്ഥാനം ചെയ്ത ഈശോയെ കണ്ടയുടനെ ശിഷ്യന്മാർ കുമ്പിട്ടാരാധിക്കുന്നു. ആരാധനയെ സൂചിപ്പിക്കാൻ ഇവിടെ ‘പ്രൊസ്ക്യുനേയോ’ എന്ന ക്രിയയാണ് ഗ്രീക്ക് സുവിശേഷത്തിലുള്ളത്. ദൈവത്തോടോ അധികാരിയോടോ ഉള്ള പരിപൂർണ്ണ ആശ്രയവും സമർപ്പണവുമാണ് ഈ ക്രിയയുടെ ഉള്ളടക്കം. ‘ആരാധിക്കുക’ എന്ന മതാത്മക അർഥത്തിലോ ‘ബഹുമാനിക്കുക’ എന്ന മതേതര അർഥത്തിലോ ഈ ക്രിയ ഉപയോഗിക്കാം. സുവിശേഷങ്ങളിൽ ഏറ്റവും കൂടുതൽ തവണ ഈ ക്രിയ ഉപയോഗിക്കുന്നത് വി. മത്തായിയാണ്. വിശ്വാസത്തോടെയുള്ള അനുഗ്രഹ യാചനയോ (8:2; 9:18; 15:25; 20:20), ഈശോയിൽ വെളിപ്പെടുന്ന ദൈവസാന്നിധ്യത്തോടുള്ള ആരാധനയോ (2:2.11; 14:33; 28:9.17) ആണ് ഇതിന്റെ അർഥം. സുവിശേഷത്തിന്റെ തുടക്കത്തിലും ഒടുക്കത്തിലും ഈശോയോടുള്ള ആരാധന മത്തായി ഉൾച്ചേർക്കുന്നു (2:11; 28:16). ഈശോയിൽ വെളിപ്പെടുന്ന ദൈവത്തോടുള്ള യഥാർഥ ആരാധനയാണ് ഇവിടെ വിവക്ഷിക്കുന്നത്.



ഈശോയെ ആരാധിക്കുന്ന ശിഷ്യന്മാരുടെ ദൗർബല്യമാണ് അവരുടെ സംശയത്തിൽ വെളിച്ചത്തു വരുന്നത്. അവർ സംശയിച്ചു എന്നതിന് ‘ഡിസ്താസോ‘ എന്ന ക്രിയയാണ് ഗ്രീക്ക് സുവിശേഷത്തിൽ ഉപയോഗിക്കപ്പെടുന്നത്. മത്തായി 14:28-33 സഹായത്തോടെ ഇതിന്റെ അർഥം കൂടുതൽ വ്യക്തമായി ഗ്രഹിക്കാനാകും. വെള്ളത്തിനുമീതെ നടക്കാൻ ശ്രമിക്കുന്ന പത്രോസാണ് ഈ തിരുവചന ഭാഗത്തിലുള്ളത്. കടൽ പ്രക്ഷുബ്ധമാണെങ്കിലും ഈശോ പറഞ്ഞതുകൊണ്ട് പത്രോസ് വെള്ളത്തിനുമീതെ നടക്കുന്നു. തുടക്കത്തിൽ അദ്ദേഹത്തിന്റെ ശ്രദ്ധ ഈശോയിൽ മാത്രമായിരുന്നു. എന്നാൽ ആഞ്ഞടിക്കുന്ന കാറ്റിലേക്ക് ശ്രദ്ധ മാറിയ നിമിഷാർദ്ധത്തിൽ അദ്ദേഹം വെള്ളത്തിൽ മുങ്ങിപ്പോകുന്നു. ഉടനെതന്നെ മനസാന്നിധ്യം വീണ്ടെടുത്ത് ഈശോയെ വിളിച്ചുകരഞ്ഞ പത്രോസിനെ കൈപിടിച്ചുയർത്തി അവിടുന്ന് ചോദിക്കുന്നു: ‘അൽപവിശ്വാസീ, നീ സംശയിച്ചതെന്ത്?’ സംശയിച്ചതു കൊണ്ടാണ് പത്രോസ് വെള്ളത്തിൽ മുങ്ങിപ്പോയതെന്ന സൂചന ഈ ചോദ്യത്തിലുണ്ട്; സംശയത്തിനിടയാക്കിയതോ അദ്ദേഹത്തിന്റെ അൽപവിശ്വാസവും. ശിഷ്യരിൽ നിന്നും ഈശോ പ്രതീക്ഷിക്കുന്നത് കടുകുമണിയോളമുള്ള വിശ്വാസമാണ് (17:20). അത് മലകളെ മാറ്റാൻ തക്ക വിധമുള്ള, ശിഷ്യന്മാർക്ക് എല്ലാം സാധ്യമാക്കുന്ന വിശ്വാസമാണ്.

ഉത്ഥിതനായ ഈശോയെ ആരാധിച്ചെങ്കിലും, ഉടനെതന്നെ അവിടുത്തെ സംശയിക്കുന്ന ശിഷ്യരിലും അൽപവിശ്വാസംപോലെ ഗൗരവതരമായ എന്തോ കുറവുണ്ട്. എങ്കിലും അതൊന്നും ഗൗനിക്കാതെ അവരെ വിശ്വാസത്തിലെടുത്തുകൊണ്ട് എല്ലാ ജനതകളെയും ശിഷ്യപ്പെടുത്താനുള്ള ദൗത്യം ഈശോ അവരെ ഏൽപ്പിക്കുന്നു (28:19-20). ശിഷ്യരിൽ പരിപൂർണ്ണമായി വിശ്വാസമർപ്പിക്കുന്ന ക്രിസ്തുവിന്റെ മുഖമാണ് ഇവിടെ സുവിദിതമാകുന്നത്. അവർക്ക് ബലം പകർന്നുകൊണ്ട് ‘യുഗാന്തംവരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും‘ (28:20) എന്ന് ഈശോ അവരോടു വാഗ്ദാനം ചെയ്യുന്നു. കൂടെയുള്ള ഈശോയുടെ സാന്നിധ്യം അവിശ്വാസത്തെ അതിജീവിക്കാനും യഥാർഥ ആരാധനയിൽ മുഴുകാനും നമ്മെ പ്രാപ്തരാക്കുന്നു.

**CANON LAW**

റവ. ഡോ. മാത്യു ശൗര്യാംകുഴി

# ഒരു വിശ്വാസിയുടെ ഇടവകാംഗത്വം

വിദ്യാഭ്യാസം, ജോലി തുടങ്ങിയവയ്ക്ക് വേണ്ടിയോ ഇതര കാരണങ്ങളാലോ മറ്റു രാജ്യങ്ങളിലേക്കും നഗരങ്ങളിലേക്കും ഇടവകകളിലേക്കുമൊക്കെ ആളുകൾ താല്കാലികമായോ സ്ഥിരമായോ മാറിത്താമസിക്കാറുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ അവരുടെ ഇടവകാംഗത്വം എവിടെ ആയിരിക്കും എന്നത് പലപ്പോഴും ആളുകൾക്ക് സംശയമുള്ള ഒരു കാര്യമാണ്. സ്ഥിരവാസസ്ഥാനം (domicile), താല്കാലിക വാസസ്ഥാനം (quasi-domicile) എന്നിവയുടെ അടിസ്ഥാനത്തിലാണ് ഇടവകാംഗത്വം നിർണയിക്കേണ്ടത്. CCEO c. 912 ഇക്കാര്യത്തിൽ വ്യക്തത തരുന്നു. ഒരു വ്യക്തിക്ക് സ്ഥിരവാസസ്ഥാനം (domicile) ലഭിക്കുന്നത് രണ്ടു തരത്തിൽ ആണ്: (1) സ്ഥിരമായി താമസിക്കണമെന്ന ഉദ്ദേശ്യത്തോടെ ഒരു ഇടവകയിലോ രൂപതയിലോ താമസം ആരംഭിക്കുന്നത് വഴി, (2) ഒരു നിശ്ചിതസ്ഥലത്ത് അഞ്ചു വർഷമെങ്കിലും താമസിക്കുന്നതു വഴി. അതായത്, സ്ഥിര താമസമാക്കണമെന്ന ഉദ്ദേശ്യത്തോടെ ഒരാൾ താമസം മാറി വരികയാണ് എങ്കിൽ, താമസം ആരംഭിക്കുന്നത് മുതൽത്തന്നെ അയാൾക്ക് പുതിയസ്ഥലത്ത് സ്ഥിരവാസസ്ഥാനം ലഭിക്കും. നേരെ മറിച്ച്, സ്ഥിര താമസമാക്കാൻ ലക്ഷ്യം ഇല്ലാതെ ഒരാൾ അഞ്ചു വർഷങ്ങൾ ഒരു ഇടവകാതിർത്തിയിൽ താമസം പൂർത്തിയാക്കിയാൽ അപ്പോൾ മുതൽ അവിടെ സ്ഥിരവാസസ്ഥാനം ലഭിക്കും. സ്ഥിര താമസമാക്കാനുള്ള ലക്ഷ്യമില്ലാതെ താമസം ആരംഭിച്ചശേഷം പിന്നീട് തീരുമാനിച്ചാൽ അപ്പോൾ മുതൽ സ്ഥിര വാസസ്ഥാനം ലഭിക്കും. എന്നാൽ താല്കാലിക വാസസ്ഥാനം (quasi-domicile) ലഭിക്കുന്നത് മൂന്നുമാസമെങ്കിലും താമസിക്കണമെന്ന ഉദ്ദേശ്യത്തോടെ ഒരിടത്ത് താമസം ആരംഭിക്കുകയോ മൂന്നു മാസം എങ്കിലും ഒരു സ്ഥലത്ത് താമസിക്കുകയോ ചെയ്യുമ്പോഴാണ്. ഒരു നിശ്ചിത ഇടവകയിൽ അല്ലാതെ ഒരു രൂപതാതിർത്തിക്കുള്ളിൽ മാറി മാറി താമസിക്കുകയാണെങ്കിൽ ആ വ്യക്തിക്ക് രൂപതാ വാസസ്ഥാനം ലഭിക്കുന്നു.



ഇപ്രകാരം ഒരാൾക്ക് സ്വന്തം സഭയിൽപ്പെട്ട ഏത് രൂപതയുടെ/ഇടവകയുടെ അതിർത്തിയിലാണോ സ്ഥിര വാസസ്ഥാനം (domicile)/താല്കാലിക വാസസ്ഥാനം (quasi-domicile) ഉള്ളത് പ്രസ്തുത രൂപത/ഇടവകയിൽ ആയിരിക്കും അയാൾക്ക് അംഗത്വം ഉണ്ടായിരിക്കുന്നത്. എന്നാൽ സ്വന്തം സഭയുടെ രൂപതയോ ഇടവകയോ ഇല്ലാത്ത സ്ഥലങ്ങളിൽ താമസിക്കുന്ന വിശ്വാസികളുടെ ആത്മീയ, അജപാലനപരമായ കാര്യങ്ങൾ നിർവഹിക്കുന്നതിനു വേണ്ട ക്രമീകരണങ്ങൾ രൂപതാമെത്രാൻ c. 916 § 4-5 അനുസരിച്ച് ചെയ്യേണ്ടതാണ്.

തിരിച്ചു വരാനുള്ള ഉദ്ദേശ്യമില്ലാതെ ഒരാൾ താമസം മാറുമ്പോഴാണ് അയാൾക്ക് സ്ഥിര വാസസ്ഥാനം (domicile)/താല്കാലിക വാസസ്ഥാനം (quasi-domicile) നഷ്ടപ്പെടുന്നത് (c. 917). അതായത് ഒരു വ്യക്തി മറ്റൊരു സ്ഥലത്തേക്ക് താമസം മാറിയാലും തിരിച്ചു വരാനുള്ള ഉദ്ദേശ്യമുണ്ടെങ്കിൽ, എത്ര വർഷങ്ങൾ കഴിഞ്ഞാലും, ആദ്യ സ്ഥലത്തുള്ള വാസസ്ഥാനം നഷ്ടമാകില്ല. പഴയ സ്ഥലത്ത് വീടോ ഭൂസ്വത്തോ ഇല്ലെങ്കിൽ പോലും വ്യക്തിയുടെ ഈ അവകാശം അവിടെ നിലനിൽക്കും. മാത്രമല്ല മുകളിൽ പറഞ്ഞ നിബന്ധനകൾക്കനുസരിച്ച് പുതിയ സ്ഥലത്തും സ്ഥിര വാസസ്ഥാനം (domicile)/താല്കാലിക വാസസ്ഥാനം (quasi-domicile) ലഭിക്കുന്നതായിരിക്കും. ചുരുക്കത്തിൽ ഒരു വ്യക്തിക്ക് ഒന്നിലധികം വാസസ്ഥാനങ്ങൾ ഉണ്ടാവാം. ഇത്തരം സാഹചര്യങ്ങളിൽ, കൂദാശകളുടെ പരികർമ്മം, മറ്റ് സഭാപരമായ നടപടിക്രമങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ തെറ്റുകളും അപകടങ്ങളും ഒഴിവാക്കാൻ ആവശ്യമായ അന്വേഷണങ്ങൾ നടത്താനും രേഖകൾ പരിശോധിക്കാനും അജപാലകർ ശ്രദ്ധിക്കേണ്ടതാണ്. ഉദാഹരണമായി, ഒരു വ്യക്തിക്ക് വികാരിയച്ചൻ വിവാഹത്തിനുള്ള കുറി നല്കുമ്പോൾ അയാൾ മുൻപ് വിവാഹിതനാണോ, ഏതെങ്കിലും ശിക്ഷാ നടപടികൾക്ക് വിധേയനായിട്ടുണ്ടോ തുടങ്ങിയ കാര്യങ്ങൾ അറിഞ്ഞിരിക്കണമല്ലോ.

മുൻ ഇടവകയുമായി ബന്ധമില്ലാതെ ദീർഘകാലം മറ്റു സ്ഥലങ്ങളിൽ താമസിക്കുമ്പോൾ, ഇടവകയിലെ ആത്മസ്ഥിതി, ഡയറക്ടറി തുടങ്ങിയവ പുതുക്കുമ്പോൾ അവയിൽ നിന്ന് ഒഴിവാക്കപ്പെടാനും ചില രേഖകൾ നഷ്ടപ്പെട്ടു പോകാനുമുള്ള സാധ്യതകൾ ഉണ്ട്. ഇത് പലപ്പോഴും അജപാലനപ്രതിസന്ധികൾക്ക് കാരണമായേക്കാം. അതിനാൽ, ആത്മീയ ശുശ്രൂഷകൾ കൃത്യമായി ലഭിക്കുന്നതിനും അജപാലനപരമായ പ്രതിസന്ധികൾ ഒഴിവാക്കുന്നതിനും ഒരാൾ താമസം മാറുമ്പോൾ ബന്ധപ്പെട്ട അജപാലകരെ അറിയിക്കുകയും അവരുടെ നിർദ്ദേശങ്ങൾ സ്വീകരിക്കുകയും രേഖാമൂലമുള്ള നടപടിക്രമങ്ങൾ (വികാരിയച്ചന്റെ ശിപാർശക്കത്ത്, ഇടവകമാറ്റക്കുറി തുടങ്ങിയവ) പൂർത്തിയാക്കുകയും ചെയ്യേണ്ടതാണ്. ചുരുങ്ങിയ കാലഘട്ടത്തിൽ ആണെങ്കിൽ പോലും മറ്റു സ്ഥലങ്ങളിൽ താമസിക്കുമ്പോൾ സ്ഥലം വികാരിയുമായും ഇടവകാസമൂഹവുമായും ബന്ധപ്പെട്ടു ജീവിക്കാനും ആത്മീയ കടമകൾ പൂർത്തിയാക്കാനുമുള്ള ഉത്തരവാദിത്വം വിശ്വാസികൾക്കുണ്ട്. ചെല്ലുന്ന സ്ഥലത്ത് ആജ്ഞാതനായി (anonymous) തുടരുന്നത് ഭൂഷണമല്ല. അതുപോലെ തന്നെ, പഴയ സ്ഥലത്തേക്ക് തിരിച്ചു വരുന്ന സാഹചര്യങ്ങളിൽ ആയിരുന്ന ഇടവകയിലെ വികാരിയച്ചന്റെ പക്കൽനിന്ന് ആവശ്യമായ രേഖകൾ വാങ്ങേണ്ടതാണ്. കൂടാതെ ഇത് സംബന്ധിച്ച് അതത് രൂപതാധ്യക്ഷന്മാരുടെ നിർദ്ദേശങ്ങളും പാലിക്കേണ്ടതാണ്.

# കൂടുതൽ നല്ലതുപോലെ ജീവിക്കാൻ ചില എളുപ്പവഴികൾ

നാനാഭാഗത്തുനിന്നും പലതരത്തിലുള്ള സമ്മർദ്ദങ്ങൾ നേരിടുന്നവരാണ് ഇന്നത്തെ യുവജനങ്ങൾ. തന്മൂലം നെഗറ്റീവായ വികാരങ്ങൾക്ക് പെട്ടെന്നു തന്നെ വഴിപ്പെട്ടുപോകാനുള്ള സാധ്യതകളും അവർക്കുണ്ട്. ഇങ്ങനെയൊരു സാഹചര്യത്തിൽ നെഗറ്റീവ് ഇമോഷനുകളിൽ നിന്ന് അവർ ബോധപൂർവ്വം മാറിനടക്കേണ്ടതുണ്ട്. അവരുടെ തന്നെ മാനസികാരോഗ്യത്തിനു ഇതേറെ പ്രയോജനപ്പെടും.



**ജീവിതത്തിൽ ആഗ്രഹിച്ചതു പലതും കിട്ടാതെ വന്നതും സങ്കടങ്ങൾക്കും നിരാശതയ്ക്കും കാരണമാകാം. സങ്കടപ്പെടാനുള്ള കാരണങ്ങൾ എന്തുമായിരുന്നുകൊള്ളട്ടെ എന്നാൽ അതിനെക്കാൾ കാരണങ്ങൾ നമുക്ക് സന്തോഷിക്കാനായി ജീവിതത്തിലുണ്ട്.**

### ദേഷ്യം പാട്ടാക്കുക

ശാന്തപ്രകൃതികളെക്കാൾ പെട്ടെന്ന് രോഷാകുലരാകുന്ന ചെറുപ്പക്കാരാണ് എവിടെയും. എന്നാൽ അവരുടെ ദേഷ്യം ഗുണകരമായ ഒരു കാര്യത്തിനുവേണ്ടിയുമല്ല എന്നതാണ് ഏറെ ഖേദകരം. അവരുടെ തെറ്റു ചൂണ്ടിക്കാണിക്കപ്പെടുമ്പോഴോ തിരുത്തപ്പെടുമ്പോഴോ അവർക്ക് ഇഷ്ടമില്ലാത്തത് മറ്റുള്ളവർ ചെയ്യുമ്പോഴോ ഒക്കെയാണ് ഈ ദേഷ്യം പൊട്ടിപ്പുറപ്പെടുന്നത്. ഉള്ളിൽ ദേഷ്യം നിറഞ്ഞിരിക്കുന്നുവെന്ന് മനസ്സിലാക്കുകയും പിടിച്ചുനിർത്താൻ കഴിയാത്തവിധത്തിൽ പുറത്തേക്ക് വരുന്നുവെന്ന് തിരിച്ചറിയുകയും ചെയ്യുന്ന സന്ദർഭങ്ങളിൽ ഈ ദേഷ്യത്തെ പാട്ടിലേക്ക് തിരിച്ചുവിടുക. അതെ പൊട്ടിത്തെറിക്കുന്നതിനു പകരം പാട്ടുപാടുക. ദേഷ്യത്തെ നിയന്ത്രിച്ചു മാനസികാരോഗ്യത്തെ നിയന്ത്രിക്കാൻ ഈ മാർഗ്ഗം ഏറെ സഹായകരമാണെന്നാണ് ചില പഠനങ്ങൾ അവകാശപ്പെടുന്നത്.

### മടുപ്പ് ഊർജ്ജമാക്കുക

നിരന്തരമായി ഒരേ ജോലി ചെയ്യുമ്പോൾ, ആവർത്തനവിരസത അനുഭവപ്പെടുമ്പോൾ മടുപ്പു ജീവിതത്തെ പിടികൂടുന്നത് സ്വാഭാവികമാണ്. ഈ ലോകത്തിൽ നിന്നുതന്നെ ഒളിച്ചിരിക്കാനുള്ള പ്രവണതയും ഉണ്ടാകും. അലസതയും നിരാശതയും ജീവിതത്തെ നിഷ്ക്രിയമാക്കുമ്പോൾ അത്തരം അവസരങ്ങളിൽ ഏതെങ്കിലും വ്യായാമങ്ങളിലേർപ്പെടുക. അത് നടത്തമാകാം അല്ലെങ്കിൽ കുറെക്കൂടി ശാരീരികക്ഷമത ആവശ്യപ്പെടുന്നവിധത്തിലുള്ള വ്യായാമമുറകളാകാം. ദിവസവും മുപ്പതുമിനിറ്റെങ്കിലും വ്യായാമം ചെയ്യുക. അതുവഴി മൂഡു മെച്ചപ്പെടും ഗ്രഹണശക്തിയും ആത്മവിശ്വാസവും വർദ്ധിക്കും. നല്ല ഉറക്കം ലഭിക്കും. കൂടുതൽ പ്രചോദനാത്മകമായി ചിന്തിക്കാനും സാധിക്കും. ഇവയുടെയെല്ലാം ഫലമായി സ്ട്രസും ദേഷ്യവും കുറയുകയും ചെയ്യും

### അമിതചിന്തകൾ എഴുത്താക്കുക

ആലോചിച്ചു തലപുകയ്ക്കുന്നവരാണ് പല ചെറുപ്പക്കാരും. ഭാവിയെക്കുറിച്ചാലോചിക്കുമ്പോൾ അവർക്ക് ഒരെത്തുംപിടിയും കിട്ടുന്നില്ല. എന്തൊക്കെയാണ് തലയിലൂടെ കടന്നുപോകുന്നതെന്ന് അവർക്കുതന്നെ അറിയുകയുമില്ല. ഇത്തരം അമിതചിന്തകളുമായി പോരാടിക്കൊണ്ടിരിക്കുന്നവർ അത്തരം ചിന്തകളെ കടലാസിലേക്ക് പകർത്തുക. മനസ്സിലുള്ള ചിന്തകൾ, വിചാരങ്ങൾ, ആകുലതകൾ ഇവയൊക്കെ രേഖപ്പെടുത്തിവയ്ക്കുക. അതുവഴി മനസ്സ് സ്വസ്ഥമാകും.

### സങ്കടം നന്ദിയാക്കുക

ജീവിതത്തിൽ പലകാര്യങ്ങളുമോർത്ത് സങ്കടപ്പെടുന്നവരാണ് ചെറുപ്പക്കാർ. പ്രണയനഷ്ടങ്ങളും തൊഴിലില്ലായ്മയും സാമ്പത്തികപ്രയാസങ്ങളും പ്രിയപ്പെട്ടവരുടെ വേർപാടുകളുമെല്ലാം സങ്കടങ്ങൾക്കു കാരണമാകാം. ജീവിതത്തിൽ ആഗ്രഹിച്ചതു പലതും കിട്ടാതെ വന്നതും സങ്കടങ്ങൾക്കും നിരാശതയ്ക്കും കാരണമാകാം. സങ്കടപ്പെടാനുള്ള കാരണങ്ങൾ എന്തുമായിരുന്നുകൊള്ളട്ടെ എന്നാൽ അതിനെക്കാൾ കാരണങ്ങൾ നമുക്ക് സന്തോഷിക്കാനായി ജീവിതത്തിലുണ്ട്. അത്തരം സന്തോഷങ്ങളെ കണ്ടെത്തണമെങ്കിൽ നന്ദിനിറഞ്ഞ മനസ്സുണ്ടായിരിക്കണം. വലിയ കാര്യങ്ങൾ ജീവിതത്തിൽ സംഭവിക്കുമ്പോൾ മാത്രമല്ല ജീവിതത്തിലെ ചെറിയ ചെറിയ സംഭവങ്ങളുടെ പേരിലും നന്ദി രേഖപ്പെടുത്തുക. ലിസ്യൂവിലെ വിശുദ്ധ തെരേസയെ കൊച്ചുത്രേസ്യയെന്ന് വിളിക്കുന്നതിന് പിന്നിൽ പോലുമുള്ളത് അവൾ തന്റെ ജീവിതത്തിലെ ചെറിയ ചെറിയ കാര്യങ്ങളുടെ പേരിൽ സന്തോഷിക്കുകയും അതോർത്തു നന്ദി പറയുകയും ചെയ്തിരുന്നുവെന്നതാണ്. അതുകൊണ്ട് നിരാശയും സങ്കടവും ജീവിതത്തെ വഴിമുടക്കുന്നുവെന്ന് തോന്നുമ്പോൾ ഇതുവരെ കിട്ടിയ ഉപകാരങ്ങളും സന്തോഷങ്ങളും അനുസ്മരിച്ചുകൊണ്ട് അവയെല്ലാം കുറിച്ചുവയ്ക്കുക. അവയുടെ പേരിൽ ദൈവത്തിന് നന്ദി പറയുക. അപ്പോൾ പുതിയൊരു ഉന്മേഷം ഉള്ളിൽ നിറയും. ജീവിതത്തോടു പുതിയൊരു കാഴ്ചപ്പാടു രൂപപ്പെടുകയും ചെയ്യും.

# കാത്തിരിക്കാനുള്ള നമ്പറുകൾ

ഫാമിലി കോർണർ

**ചില പ്രാർഥനകൾക്ക് ദിവസങ്ങൾക്കുള്ളിലോ മണിക്കൂറുകൾക്കുള്ളിലോ ഉത്തരം കിട്ടിയേക്കാം. എന്നാൽ ചില പ്രാർഥനകൾക്ക് വർഷങ്ങൾ തന്നെ കാത്തിരിക്കേണ്ടിവന്നേക്കാം. അതുകൊണ്ടു പ്രാർഥിക്കുക എന്നതിന് കാത്തിരിക്കുക എന്നുകൂടി അർഥമുണ്ട്.**

എല്ലാവരും പ്രാർഥിക്കുന്നവരാണ്. ഓരോരോ നിയോഗങ്ങൾക്കുവേണ്ടി മുട്ടുകുത്തുന്നവരും നിയോഗപ്രാപ്തിക്കുവേണ്ടി ത്യാഗങ്ങൾ അനുഷ്ഠിക്കുന്നവരുമാണ്. കുടുംബസമാധാനം, കുഞ്ഞുങ്ങൾ, വീടുനിർമ്മാണം, കടബാധ്യത. മനുഷ്യരുടെ പ്രാർഥനാനിയോഗങ്ങൾക്കു പരിധികളില്ല. എല്ലാ പ്രാർഥനകൾക്കു മുമ്പിലും നാം ഒരു കാര്യം വാശിപിടിച്ചു പറയാറുണ്ട്. ഉടനടി കിട്ടണം കേട്ടോ കാത്തിരിക്കാൻ നമുക്കു ക്ഷമയില്ല, അതിനുള്ള മനസ്സുമില്ല. ദൈവത്തിനു മുമ്പിൽ ഒരു സമയപരിധി നിശ്ചയിച്ചിട്ടാണ് നാം പ്രാർഥിക്കുന്നത്. നമ്മൾ നിശ്ചയിക്കുന്ന സമയവും ദൈവം തീരുമാനിച്ചിരിക്കുന്ന സമയവും തമ്മിൽ ഒത്തുപോകണം എന്നില്ല. കാരണം ദൈവത്തിന്റെ സമയവും മനുഷ്യന്റെ സമയവും വ്യത്യസ്തമാണ്. തന്മൂലം പ്രതീക്ഷിച്ചസമയത്ത് കിട്ടാതെവരുമ്പോൾ നാം നിരാശരാവുന്നു. പ്രാർഥനകൾ അവസാനിപ്പിക്കുന്നു, ദൈവനിഷേധകമായ ചിന്തകളിൽ മുഴുകി ദൈവത്തിൽ നിന്നുതന്നെ അകന്നുപോകുന്നു.



ഇത്തരമൊരു സാഹചര്യത്തിലാണ് ബൈബിളിലെ ചില നമ്പറുകൾ നമുക്കാശ്വാസമായി മാറേണ്ടത്. പ്രാർഥിച്ചിട്ടു ഉത്തരം കിട്ടാതെവരുന്നതിൽ നിരാശപ്പെട്ടിരിക്കുന്നവർക്കും പ്രാർഥിച്ചു കാത്തിരിക്കാൻ മനസ്സിലാത്തവരും നിശ്ചയമായും ഈ നമ്പറുകൾ മനസ്സിലാക്കിയിരിക്കണം.

പൂർവ്വപിതാവായ ജോസഫിന്റെ കാര്യം തന്നെയെടുക്കാം. തെറ്റിദ്ധരിക്കപ്പെട്ടതിന്റെ പേരിൽ അകാരണമായി കാരാഗൃഹവാസം അനുഭവിച്ച് സ്വതന്ത്രനാകാൻ വേണ്ടി ജോസഫിന് കാത്തിരിക്കേണ്ടിവന്നത് പതിമൂന്നുവർഷമായിരുന്നു. ഈ പതിമൂന്നുവർഷക്കാലവും ജോസഫ് പ്രത്യാശയുള്ളവനായിരുന്നു, പ്രാർഥിക്കുന്നവനായിരുന്നു. ദൈവത്തിന്റെ ഇടപടലിനുവേണ്ടി കാത്തിരിക്കാൻ ജോസഫ് തയ്യാറായിരുന്നു.

ജീവിതത്തിന്റെ നല്ലൊരു ഭാഗവും കാത്തിരിപ്പിലൂടെ കടന്നുപോകേണ്ടിവന്ന വ്യക്തിയായിരുന്നു അബ്രഹാം. വൃദ്ധനായ അബ്രഹാമിന് ഒരു കുഞ്ഞു ജനിക്കും എന്ന് ദൈവദൂതൻ വാഗ്ദാനം ചെയ്തിട്ടും ആ അത്ഭുതം പിറ്റേന്നോ അതിന്റെ പിറ്റേന്നോ നടപ്പിലായില്ല. അബ്രാഹത്തിന് നൂറുവയസുള്ളപ്പോഴാണ് ഇസഹാക്ക് ജനിച്ചത് (ഉത്പത്തി 21:5) ഗർഭധാരണപ്രായം കഴിഞ്ഞ സമയത്തായിരുന്നു സാറാ പ്രസവിക്കുമെന്ന വാർത്ത ദൈവദുതൻ അറിയിച്ചത്. അങ്ങനെയെങ്കിൽ അരനൂറ്റാണ്ടോളം അവർക്കു കാത്തിരിക്കേണ്ടിവന്നുവെന്നാണ് മനസ്സിലാക്കേണ്ടത്. ഇസഹാക്കിന്റെ ജനനവുമായി ബന്ധപ്പെട്ട് കാര്യം വിവരിക്കുന്ന വേദപുസ്തകം അവിടെ ശ്രദ്ധേയ ഒരു കാര്യം അടിവരയിട്ടുപറയുന്നുണ്ട്. വൃദ്ധനായ അബ്രാഹത്തിൽ നിന്നു സാറാ ഗർഭം ധരിച്ച്, ദൈവം പറഞ്ഞ സമയത്തു തന്നെ പുത്രനെ പ്രസവിച്ചു.

ദൈവം പറയുന്ന സമയമാണ് പ്രാർഥനകൾ നിറവേറപ്പെടുന്ന സമയം. അതൊരിക്കലും മനുഷ്യൻ നിശ്ചയിക്കുന്ന സമയല്ല. ഇസ്രായേൽജനതയെ ഫറവോയുടെ അടിമത്തത്തിൽ നിന്ന് രക്ഷിക്കാമെന്ന് ദൈവം ഉറപ്പുനല്കിയിരുന്നു. എന്നാൽ അതുടനെ സംഭവിക്കുമെന്ന് ദൈവം വാക്കു പറഞ്ഞിട്ടുണ്ടായിരുന്നില്ല. നാല്പതുവർഷത്തിനു ശേഷമാണ് ഇസ്രായേൽ ജനതയ്ക്കു കാനാൻദേശത്തേക്ക് പ്രവേശിക്കാനായത്.

എന്തിന് ദൈവപുത്രനായ ക്രിസ്തുപോലും കാത്തിരുന്നവനായിരുന്നു,തന്റെ സമയത്തിനുവേണ്ടി. മുപ്പതുവയസ് എത്തിയതിനു ശേഷം മാത്രമായിരുന്നു യേശു തന്റെ പരസ്യജീവിതത്തിന് തുടക്കം കുറിച്ചത്. ദൈവപുത്രനാണ്, നിർമ്മലയായ കന്യകയുടെ മകനാണ് എന്നൊക്കെയുള്ള അവകാശങ്ങളുടെയും അർഹതയുടെയും പേരിൽ ക്രിസ്തുവിന് അതിനുമുമ്പുതന്നെ പരസ്യശുശ്രൂഷയ്ക്കായി ഇറങ്ങിത്തിരിക്കാമായിരുന്നില്ലേ? എന്നിട്ടും അവിടുന്ന് ദൈവപിതാവിനെ അനുസരിച്ചു. ദൈവം പറയുന്നതുവരെ കാത്തിരുന്നു. ദൈവം പറയുന്ന സമയമാണ് നമ്മുടെ സമയം. ആ സമയം വരെ നാം കാത്തിരിക്കേണ്ടവരാണ്. നിരാശപ്പെടാതെ... പ്രാർഥനകളോടെ..

ചില പ്രാർഥനകൾക്ക് ദിവസങ്ങൾക്കുള്ളിലോ മണിക്കൂറുകൾക്കുള്ളിലോ ഉത്തരം കിട്ടിയേക്കാം. എന്നാൽ ചില പ്രാർഥനകൾക്ക് വർഷങ്ങൾ തന്നെ കാത്തിരിക്കേണ്ടിവന്നേക്കാം. അതുകൊണ്ടു പ്രാർഥിക്കുക എന്നതിന് കാത്തിരിക്കുക എന്നുകൂടി അർഥമുണ്ട്. ജീവിതത്തിലെ ഏതുകാര്യത്തിനുവേണ്ടിയാണോ പ്രാർഥിക്കുന്നത് അതിനുവേണ്ടി കാത്തിരിക്കുക. ദൈവത്തിന്റെ സമയവും മനുഷ്യരുടെ സമയവും ഒന്നാകുന്ന നിമിഷത്തിൽ സംഭവിക്കുന്ന അത്ഭുതങ്ങൾക്കുവേണ്ടി.

# സെമിത്തേരി എന്നെ പഠിപ്പിച്ചത്

**വിനായക് നിർമ്മൽ**



ഒരു വർഷം മുമ്പുവരെ സെമിത്തേരി എനിക്ക് അന്യമായ ഒരിടമായിരുന്നു, അപരിചിതമായ സ്ഥലം. മനസ്സുകൊണ്ട് അകൽച്ച തോന്നിയിരുന്ന സ്ഥലം എന്നു പറയുന്നതിലും മടിയില്ല. കാരണം ഇടവകപ്പള്ളിയുടെ സെമിത്തേരിയിൽ എന്റെ പ്രിയപ്പെട്ടവരാരും അന്ന് അന്തിയുറങ്ങുന്നുണ്ടായിരുന്നില്ല. തിരുനാളിനോട് അനുബന്ധിച്ചും മരിച്ചവരുടെ ഓർമദിനത്തോട് അനുബന്ധിച്ചും സെമിത്തേരി ഒരുക്കണം ,അലങ്കരിക്കണം എന്നൊക്കെ വികാരിയച്ചൻ അനൗൺസ് ചെയ്യുമ്പോൾ ഒട്ടൊരു നിർവികാരതയോടെയായിരുന്നു ഞാനത് കേട്ടുനിന്നിരുന്നത്. അതെന്നെ ബാധിക്കുന്ന വിഷയമല്ലല്ലോ? അവിടെയാരും എന്റേതായി ഇല്ലല്ലോ? പക്ഷേ ഒന്നരവർഷത്തിലേറെയായി എനിക്ക് അതിശയകരമായ മാറ്റം വന്നിരിക്കുന്നു. ഇപ്പോൾ അതെനിക്ക് അന്യമായ സ്ഥലമല്ല. അവിടെയെനിക്ക് പ്രിയപ്പെട്ടവരുണ്ട്. കഴിയുന്നത്ര, വേണ്ട ആഴ്ചയിലൊരിക്കലെങ്കിലും അവിടെ പ്രവേശിക്കാത്ത ദിവസങ്ങൾ ജീവിതത്തിൽ ഇല്ലാതായിരിക്കുന്നു. എന്റെ ജീവിതത്തിനും നിലനില്പിനും തന്നെ കാരണക്കാരായ അപ്പനും അമ്മയും ഇപ്പോൾ അവിടെ അന്ത്യനിദ്ര ചെയ്യുന്നു. ആറുമാസത്തെ ഇടവേളകളിലായി എന്നിൽ നിന്നും മറഞ്ഞുപോയവർ. അതുകൊണ്ട് സെമിത്തേരി എനിക്ക് ഇപ്പോൾ അപരിചിതമായ ഇടമല്ല. ഭീതിദമായ സ്ഥലവുമല്ല. അതിപ്പോൾ എന്റെ ഹൃദയത്തോടുചേർന്നുനില്ക്കുന്ന സ്ഥലമാണ്. എനിക്ക് സുരക്ഷിതത്വം അനുഭവിക്കാൻ സാധിക്കുന്ന ഇടം.

ജീവിതത്തിൽ നിന്നുള്ള ഭാഗം പിരിയലാണ് മരണം. കിട്ടിയ ഓഹരി എത്രത്തോളമുണ്ടെന്നോ എങ്ങനെയാണെന്നോ നിശ്ചയിക്കുന്നത് ജീവിതത്തിൽ ചെയ്ത പ്രവൃത്തികളെ അടിസ്ഥാനപ്പെടുത്തിയാണ് ജീവിച്ച ജീവിതത്തിന്റെ പങ്ക് എന്തുമായിരുന്നുകൊള്ളട്ടെ നിനക്ക് ഇവിടെ വരാതിരിക്കാനാവില്ല. സെമിത്തേരി. ആത്മവിദ്യാലയമെന്നാണ് കവി അതിനെ വിശേഷിപ്പിക്കുന്നത്. പണ്ഡിതനും പാമരനും സമ്പന്നനും ദരിദ്രനും സ്ത്രീയും പുരുഷനും എന്നുവേണ്ട ഈ അണ്ഡകടാഹത്തിലെ സർവ്വമാന മനുഷ്യരും സെമിത്തേരിയോ അല്ലെങ്കിൽ സമാനമായ മറ്റു പേരുകളിട്ട സ്ഥലങ്ങളോ കടന്നുപോകേണ്ടവർ തന്നെ.

ആബേലച്ചൻ കുരിശിന്റെ വഴി പ്രാർഥനയിൽ പറയുന്നതുപോലെ ഒരിക്കൽ എന്റെ യാത്രയും അവിടെ എത്തിച്ചേരേണ്ടതാണെന്ന ചിന്ത ഇടയ്ക്കിടെ എന്നെ കൃത്യമായി ബോധ്യപ്പെടുത്താറുണ്ട്. നമ്മുടെ എല്ലാ യാത്രകളും സെമിത്തേരിയിൽ അവസാനിക്കും. നമ്മുടെ എല്ലാ ഭൗമികനേട്ടങ്ങളും അവിടെ അസ്തമിക്കും. നീയും ഞാനും അവിടെ അന്തിയുറങ്ങും. നമുക്കിനി ഭൂമിയിലേക്കൊരു തിരിച്ചുപോക്കില്ല. ചിലപ്പോൾ നമ്മുടെ ഓർമകൾ പില്ക്കാല തലമുറയുടെ മനസ്സിൽ കുറിച്ചുവയ്ക്കപ്പെടുമായിരിക്കും. മറ്റുചിലപ്പോൾ ആരും ഓർമിക്കാനില്ലാതെ നാം വിസ്മൃതിയിലാണ്ടുപോയേക്കാം.

ആരും കടന്നുവരാനില്ലാതെ അനാഥമായികിടക്കുന്ന കല്ലറകളും എന്നോട് ഒരു കാര്യം പറഞ്ഞുതന്നിട്ടുണ്ട്. നാളെ സെമിത്തേരികളിലേക്ക് തന്റെ പൂർവികരുടെ ഓർമദിനങ്ങളിലെങ്കിലും മെഴുകുതിരിയും പൂക്കളുമായി കടന്നുവരാൻ കഴിയുന്ന ചെറുപ്പക്കാരുടെ എണ്ണം വളരെ കുറവായിരിക്കുമെന്ന്. കാരണം വർദ്ധിച്ചുവരുന്ന കുടിയേറ്റങ്ങൾ ഒരു തലമുറയെ നമ്മുടെ നാട്ടിൽ നിന്നു തുടച്ചനീക്കിക്കൊണ്ടിരിക്കുകയാണല്ലോ. അതുകൊണ്ട് നമ്മുടെ സെമിത്തേരികളിൽ പോലും ആളുകളുടെ എണ്ണം കുറയും, ആദരാഞ്ജലികൾ അർപ്പിക്കാനും അല്ലാതെയും എത്തുന്നവരുടെ കാര്യത്തിലും. ആരും ഒരിക്കൽപോലും വന്നുചേരാനില്ലാതെ എത്രയോ കല്ലറകളാണ് അവശേഷിക്കുന്നത്.! അവർക്കു ബന്ധങ്ങളും സ്വന്തങ്ങളും ഉണ്ടായിരുന്നില്ലേ? തീർച്ചയായും. എന്നിട്ടും എന്തേ അവരാരും ഇപ്പോൾ വരുന്നില്ല? ദേശം കടന്നുപോകുന്നവർക്ക് എങ്ങനെ സാധിക്കും അത്?

ഓരോ സെമിത്തേരിയിലെയും കല്ലറയ്ക്കുള്ളിൽ അന്തിയുറങ്ങുന്ന ജീവിതങ്ങളെക്കുറിച്ചു എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? എത്രയെത്ര ജീവിതങ്ങൾ.. അവരിൽ പലരെയും നാം അറിയുകയോ കേൾക്കുകയോ ചെയ്തിട്ടുണ്ടാവില്ല. അപരിചിതമായ ജീവിതങ്ങൾ. പക്ഷേ പത്തോ ഇരുപതോ നൂറോ വർഷം അവർ ഈ ഭൂമിയെ അലങ്കരിച്ചിരുന്നവരായിരുന്നു. ഇപ്പോൾ അവരൊക്കെ എവിടെ? അവർനേടിയതും കൈവശമാക്കിയതും എല്ലാം ഇന്നെവിടെ? ആരും അന്തിയുറങ്ങുന്നില്ലെങ്കിലും വല്ലപ്പോഴുമെങ്കിലും സെമിത്തേരികൾ സന്ദർശിക്കുന്നത് നല്ലതാണെന്ന് തോന്നുന്നു. അതു നമ്മുടെ ജീവിതത്തിന്റെ നൈമിഷികത വ്യക്തമാക്കിത്തരും. ഓടുന്ന ഓട്ടങ്ങളുടെയെല്ലാം ഹ്രസ്വത വ്യക്തമാക്കിത്തരും. മരണമേ നിന്നിലേക്ക് മടങ്ങാൻ ഇനിയെത്ര നാൾ? എത്രനാൾ ഞാൻ നിന്നെ ഇനിയും ഒളിച്ചുനടക്കും?

# കത്തോലിക്കാസഭയിലെ ആദ്യത്തെ 'പ്രതിശ്രുത' വാഴ്ത്തപ്പെട്ടവൾ






പോപ്പ് ജോൺ ഇരുപത്തിമൂന്നാമൻ കമ്മ്യൂണിറ്റിയുടെ ഒരു മീറ്റിംങിൽ പങ്കെടുക്കാനായി പ്രതിശ്രുത വരൻ ഗ്വിഡോ റോസിക്കും സുഹൃത്ത് എലിയോയ്ക്കുമൊപ്പം യാത്ര ചെയ്യുകയായിരുന്നു സാന്ദ്ര സബാറ്റിനി. 1984 ഏപ്രിൽ 29 പ്രഭാതമായിരുന്നു അത്. ഒമ്പതരയ്ക്കാണ് മീറ്റിംങ് ആരംഭിക്കുന്നത്. സന്തോഷത്തോടെയുള്ള ആ യാത്ര പക്ഷേ അവർക്ക് പൂർത്തിയാക്കാനായില്ല. അവർ സഞ്ചരിച്ചിരുന്ന വാഹനത്തെ എതിർദിശയിൽ നിന്നു പാഞ്ഞുവന്ന മറ്റൊരു വാഹനം ഇടിച്ചുതെറിപ്പിച്ചു. സാന്ദ്രയും എലിയോയും പുറത്തേക്ക് തെറിച്ചുവീണു. ബോളോഗ്നയിലെബെല്ലാറിയ ഹോസ്പിറ്റലിലേക്ക് ഉടനടി തന്നെ സാന്ദ്രയെയും സുഹൃത്തിനെയും ആംബുലൻസിൽ എത്തിച്ചു. മൂന്നു ദിവസം സാന്ദ്ര കോമായിൽ കഴിച്ചുകൂട്ടി. ഒടുവിൽ 1984 മെയ് രണ്ടിന് സാന്ദ്ര ഈ ലോകം വിട്ടുപിരിഞ്ഞു. 2021 ഒക്ടോബർ 24 ന് സാന്ദ്രയെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ചു. ഒരു വാഹനാപകടത്തിൽ മരണമടഞ്ഞ ഈ യുവതിയെ വാഴ്ത്തപ്പെട്ടവളായി ഉയർത്താൻ മാത്രം ആരായിരുന്നു അവൾ?

1961 ആഗസ്റ്റ് 19 ന് ഗ്വിസെപ്പി സബാറ്റിനിയുടെയും ആഗ്നെസ് ബോനിനിയുടെയും രണ്ടുമക്കളിൽ മൂത്തവളായിട്ടായിരുന്നു സാന്ദ്രയുടെ ജനനം. ആഗ്നസിന്റെ സഹോദരൻ വൈദികനായ ഗ്വിസെപ്പി ബോനിനിയുടെ ഒപ്പമായിരുന്നു അവർ താമസിച്ചിരുന്നത്. ചെറുപ്രായം മുതൽ തന്നെ സാന്ദ്ര വിശ്വാസാധിഷ്ഠിതമായ ജീവിതമാണ് നയിച്ചിരുന്നത്. പ്രഭാതത്തിലും പ്രദോഷത്തിലുമുള്ള വ്യക്തിപരമായ പ്രാർഥന അവളുടെ ജീവിതത്തിന്റെ കേന്ദ്രബിന്ദുവായിരുന്നു. ആദ്യകുർബാന സ്വീകരണം കഴിഞ്ഞനാൾ മുതൽ തന്റെ ആത്മീയചിന്തകൾ അവൾ രേഖപ്പെടുത്തി സൂക്ഷിക്കാറുണ്ടായിരുന്നു.

മരണത്തിനു ശേഷം കണ്ടെടുക്കപ്പെട്ട ആ ഡയറികളിൽ ദൈവവും അവളുമായുള്ള ബന്ധത്തിന്റെ സജീവചിത്രം കോറിയിട്ടുണ്ട്.

ദൈവമേ നീയെന്നെ സഹായിക്കുകയും നിന്നോടു ചേർത്തുനിർത്തുകയും ചെയ്യണമെന്നുണ്ടെങ്കിൽ ഞാനാദ്യം നിന്നെ അംഗീകരിക്കുകയും സ്വീകരിക്കുകയും ചെയ്യണമെന്ന് ഞാനറിയുന്നു. അതിനാദ്യം ഞാൻ എന്നെ തന്നെ തോല്പിക്കേണ്ടിയിരിക്കുന്നു. എന്റെ അഹന്തയും എന്റെ വിഡ്ഢിത്തരങ്ങളും എല്ലാം നിനക്കായി സമർപ്പിക്കേണ്ടിയിരിക്കുന്നു.'

മറ്റൊരിടത്തു അവൾ എഴുതിയിരിക്കുന്നത് ഇപ്രകാരമാണ്.

'എല്ലാ ദിവസവും എപ്പോഴും ഓരോ നിമിഷവും നിന്നെ സ്നേഹിക്കണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. എന്റെ ജീവിതത്തിലെ ഏറ്റവും മോശപ്പെട്ട നിമിഷങ്ങളിൽ പോലും.'

അമ്മാവന്റെ സ്വാധീനവും ചിന്തകളും അവളുടെ ആത്മീയതയെ പരുവപ്പെടുത്തുന്നതിൽ പ്രധാനപ്പെട്ട പങ്കുവഹിച്ചിട്ടുണ്ട്. പന്ത്രണ്ടാം വയസു മുതൽ ആത്മീയസംഘടനകളിൽ അവൾ സജീവമായിത്തുടങ്ങിയ. പോപ്പ് ജോൺ ഇരുപത്തിമൂന്നാമൻ കമ്മ്യൂണിറ്റി അത്തരത്തിലുള്ള ഒന്നായിരുന്നു. ഡിസേബിൾഡ് കുട്ടികൾക്കായി നടത്തുന്ന അവധിക്കാല ക്യാമ്പുകളിൽ വോളന്റിയറായും സാന്ദ്ര സേവനം ചെയ്തിരുന്നു. പോപ്പ് ജോൺ ഇരുപത്തിമൂന്നാമൻ കമ്മ്യൂണിറ്റിയുടെ പ്രവർത്തനങ്ങളുമായി സഹകരിച്ചുപ്രവർത്തിക്കുന്ന നാളുകളിലാണ് ഗ്വിഡോ റോസി എന്ന തന്നെക്കാൾ രണ്ടുവയസു മുതിർന്ന ചെറുപ്പക്കാരനമായി സാന്ദ്ര പരിചയത്തിലാകുന്നത്. ആ പരിചയം സനേഹബന്ധത്തിലേക്കും പിന്നീട് വിവാഹനിശ്ചയത്തിലേക്കും എത്തി. 1979-ൽ അവരുടെ വിവാഹം ഉറപ്പിച്ചു. ആഫ്രിക്കയിൽ ഒരു മിഷനറി ഡോക്ടറായി സേവനം ചെയ്യണമെന്നായിരുന്നു സാന്ദ്രയുടെ ഭാവി സ്വപ്നം. അത്തരമൊരു ആഗ്രഹത്തോടെയാണ് ബോളോഗ്ന യൂണിവേഴ്സിറ്റിയിൽ മെഡിക്കൽ വിദ്യാർഥിയായി അവൾ ചേർന്നത്. ലഹരിപുനരധിവാസപ്രവർത്തനങ്ങളുമായും അവൾ സജീവമായി പങ്കെടുത്തിരുന്നു. ഇങ്ങനെ എല്ലാം ശാന്തമായി കടന്നുപോവുമ്പോഴായിരുന്നു അപകടത്തിന്റെ രൂപത്തിൽ മരണം അവളെ അപഹരിച്ചുകൊണ്ടുപോയത്.

1984 മെയ് അഞ്ചിനായിരുന്നു സാന്ദ്രയുടെ സംസ്കാരശുശ്രൂഷകൾ നടന്നത്. അന്ന് ചരമപ്രസംഗം നടത്തിയ വൈദികൻ ശ്രദ്ധേയമായ ഒരു നിരീക്ഷണം നടത്തുകയുണ്ടായി. നിരവധി വിശുദ്ധർ വിവാഹിതരും മാതാപിതാക്കളുമൊക്കെയായിരുന്നു. എന്നാൽ കത്തോലിക്കാസഭയിൽ പ്രതിശ്രുതവധുവായിരിക്കെ മരണമടഞ്ഞ ഒരേയൊരു പുണ്യജീവിതം സാന്ദ്ര മാത്രമേയുള്ളൂ എന്നായിരുന്നു. സാന്ദ്രയുടെ പുണ്യജീവിതത്തെക്കുറിച്ച് അദ്ദേഹത്തിന് അത്രമേൽ ഉറപ്പുണ്ടായിരുന്നു,

സാന്ദ്ര എപ്പോഴും സന്തോഷവതിയായിരുന്നുവെന്നാണ് അവളുമായി അടുത്തുബന്ധപ്പെട്ടവരെല്ലാം ഒന്നുപോലെ പറഞ്ഞത്. ആ സന്തോഷത്തിന്റെ രഹസ്യം അന്വേഷിക്കുമ്പോൾ നാം തിരിച്ചറിയുന്ന ഒരു കാര്യമുണ്ട്. യേശുവുമായി ഓരോ നിമിഷവും ജീവിച്ചതുകൊണ്ടായിരുന്നു അവൾക്ക് അപ്രകാരം സന്തോഷിക്കാൻ സാധിച്ചത്. അവൾ തന്നെ പൂർണ്ണമായും മറ്റുള്ളവർക്കു നല്കി. സ്വയം വിട്ടുകൊടുക്കലിന്റെ ആത്മീയതലമായിരുന്നു സാന്ദ്ര പ്രദർശിപ്പിച്ചിരുന്നത്. മരണത്തെ അവൾ ഒരിക്കലും ഭയപ്പെട്ടിരുന്നില്ല. ചില നേരങ്ങളിൽ താൻ ഉടനടി മരിക്കുമെന്ന് അവൾ കരുതിയിരുന്നു. അപ്പോഴും മരണത്തെ അവൾ പേടിച്ചിരുന്നില്ല. ഒരാൾ മരിക്കാൻ ഭയപ്പെടുന്നത് ജീവിതവുമായി നിങ്ങൾ സമാധാനത്തിലല്ല കഴിഞ്ഞുകൂടുന്നത് എന്നതുകൊണ്ടാണെന്നായിരുന്നു സാന്ദ്ര വിശ്വസിച്ചിരുന്നത്. വിശുദ്ധബലിക്കായി ആളുകൾ പള്ളിയിൽ എത്തുന്നതിനുമുമ്പ് ദിവ്യകാരുണ്യനാഥനെ സന്ദർശിക്കാൻ അവൾ സ്ഥിരമായി എത്തിയിരുന്നു, സ്നേഹിക്കുക എന്നതല്ലാതെ മറ്റൊന്നും പ്രധാനപ്പെട്ടതല്ല എന്നതായിരുന്നു അവളുടെ വിശ്വാസം.

2006 ജനുവരി മുപ്പതിന് സാന്ദ്രയുടെ നാമകരണനടപടികൾക്ക് രൂപതാതലത്തിൽ തുടക്കം കുറിച്ചു. 2008 ഡിസംബറോടെ അതു പൂർത്തിയായി. സാന്ദ്രയെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിക്കാൻ നിമിത്തമായത് സ്റ്റെഫാനോ വിറ്റാലി എന്ന വ്യക്തിയുടെ കോളൻ കാൻസർ അത്ഭുതകരമായി സാന്ദ്രയുടെ മാധ്യസ്ഥത്താൽ സുഖപ്പെട്ട സംഭവമാണ് ബ്രസീലിന്റെ ആദ്യ സെക്രട്ടറിയും റിംനി പ്രോവിൻസിന്റെ പില്ക്കാല സെക്രട്ടറിയുമായിരുന്നു അദ്ദേഹം. 2020 ജൂൺ 14-ന് സാന്ദ്രയെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിക്കാനായിരുന്നു ആദ്യതീരുമാനമെങ്കിലും കൊറോണ വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ അത് മാറ്റിവയ്ക്കുകയും 2021 ഒക്ടോബർ 24-ന് കർദിനാൾ മാഴ്സെല്ലോ സെമറാറോ സാന്ദ്രയെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിക്കുകയും ചെയ്തു.

# GABORONE UNIVERSITY COLLEGE OF LAW & PROFESSIONAL STUDIES

ISO 9001:2015 Certified Institution




## BUSINESS DEPARTMENT

1. Bachelor of Commerce in Purchasing & Supply Chain Management
2. Bachelor of Commerce in Project Management
3. Bachelor of Business in Tourism Management
4. Bachelor of Business Administration Logistics & Transport Management
5. Bachelor of Commerce in Accounting
6. Bachelor of Commerce in Business Management
7. Bachelor of Commerce in Human Resources Management
8. Bachelor of Business Administration in Entrepreneurship
9. Bachelor of Commerce in Marketing Management
10. Bachelor of Business Administration in Security Management
11. Bachelor of Commerce in Digital Marketing
12. Bachelor of Commerce in Risk Management
13. Diploma in Strategic Management & Leadership
14. Diploma in Marketing Management
15. Diploma in Business Management

## EDUCATION DEPARTMENT

1. Bachelor of Education in Early Childhood Education
2. Bachelor of Education in Special & Inclusive Education
3. Diploma in Early Childhood Education
4. Certificate V in Early Childhood Education
5. Certificate V in Distance Education

## HEALTH DEPARTMENT

1. Bachelor of Science in Occupational Health & Safety
2. Bachelor in Public Health
5. Bachelor of Arts in Human Development & Family Studies
6. Diploma in Occupational Health & Safety
7. Diploma in Public Health
8. Diploma in Counselling (Trauma)
9. Certificate V in Health & Safety Management
10. Certificate V in Counselling

## DEPARTMENT OF ENGINEERING TECHNICAL & VOCATIONAL EDUCATION

1. Bachelor of Civil Engineering Technology in Construction
2. Diploma in Water Engineering
6. Diploma in Water & Environmental Engineering (Legacy Programme)
7. Certificate V in Poultry Production
8. Certificate V in Fashion Design

## LAW DEPARTMENT

1. Bachelor of Law LLB (Hons) – Leeds Beckett University
2. Bachelor of Law & Public Administration
3. Diploma in Law
4. Diploma in Court Administration
5. Diploma in Labour Law
6. Diploma in Criminology
7. Certificate V in Law

**WE OFFER:**
Masters, Degree, Diploma & Certificate Programmes

**FLEXIBLE MODE OF STUDY:**
Full Time, Part Time and Distance Learning Available

PROGRAMMES STRUCTURE

ADMISSION LINK

**Broadhurst Campus (Head Quarters)**
Tel: +267 318 5596
Fax: +26) 318 6018
Cell: +267 72 469 089
WhatsApp: +267 77 008 948

Lot 6398, Lejara Road
Broadhurst Industrial
P. O. BOX 201095
Gaborone Botswana
enquiry@guc.ac.bw
www.guc.ac.bw

**Admission Link: admissions.guc.ac.bw:8081**

Syromalabar Vision (Private circulation only), Published by Major Archiepiscopal Curia, Mount St. Thomas, PB No 3110, Kakkanad P.O, Kochi - 682030, Kerala, India
E mail: syromalabarvision@gmail.com, Design & Print at Don Bosco Igact, Ernakulam